32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

September 06, 2024 | Vol. XXXII No. 36 | Periodicals Postage Paid







ചിക്കാഗോ സോഷ്യൽ ക്ലബിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന അന്താരാഷ്ട്ര വടംവലി മത്സരത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്ന കോട്ടയം എം.പി. ഫ്രാൻസിസ് ജോർജിനെ ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ സിറിയക് കൂവക്കാട്ടിൽ സ്വീകരിക്കുന്നു. പീറ്റർ കുളങ്ങര, മാത്യു തട്ടാമറ്റം, സണ്ണി വള്ളിക്കളം, സാബു കൂവക്കാട്ടിൽ, ഷിബു മുളയാനിക്കുന്നേൽ, ഷിബു അഗസ്റ്റിൻ എന്നിവരാണ് സമീപം.

Visit Our Website: www.keralaexpress.com


KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Salu K. Kunnatha
Reena Emmanuel
Joshua Opdycke
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
No legal fees until we collect compensation for you
Millions recovered for our clients each year!
ATLANTA
1800 Century Boulevard NE, Suite 1750 Atlanta, GA 30345 Ph: 404 633 4200
CHICAGO
708 Church St, Suite 235 Evanston, IL 60201 Ph: 312 757 4700
www.kunnathalaw.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


MIDWEST WINDOWS & DOORS
45% OFF FOR WINDOWS
40% OFF FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്

KERALA EXPRESS

NOT OUR MERIT BUT HIS GRACE — KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 ആടിയുലഞ്ഞ് സിപിഎം | 6 ദുരിതബാധിതരെ വീടുകളിലേക്ക് മാറ്റണം | 12 ഐഎൻഎസ് അരിഘട്ട് കമ്മീഷൻ ചെയ്തു | 19 പഴയിടം രുചി ചിക്കാഗോയിൽ ആദ്യം | 20 ഡെമോക്രാറ്റിക് കൺവൻഷനിലെ ...

## ഇ.പി. ജയരാജനെ മാറ്റി; ടി.പി. രാമകൃഷ്ണൻ എൽഡിഎഫ് കൺവീനർ

തിരുവനന്തപുരം: വിവാദങ്ങൾക്കൊടുവിൽ എൽഡിഎഫ് കൺവീനർ സ്ഥാനത്തുനിന്ന് ഇ.പി. ജയരാജനെ ഒഴിവാക്കി, പകരം സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റംഗവും മുൻ മന്ത്രിയുമായ ടി.പി. രാമകൃഷ്ണനെ എൽഡിഎഫ് കൺവീനറാക്കി. ഓഗസ്റ്റ് 30-നും സെപ്റ്റംബർ രണ്ടിനു രാവിലെയും ചേർന്ന സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റിന്റെ തീരുമാനം സംസ്ഥാന കമ്മിറ്റി അംഗീകരിക്കുകയായിരുന്നു.



ഇ.പി. ജയരാജൻ



ടി.പി. രാമകൃഷ്ണൻ

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പു വേളയിൽ ബിജെപി കേരള പ്രഭാരി പ്രകാശ് ജാവദേക്കറുമായി ജയരാജൻ നടത്തിയ കൂടിക്കാഴ്ചയും പരിപാടികളിൽ പങ്കെടുക്കാതെ പാർട്ടിയെ സമ്മർദത്തിലാക്കിയതുമാണു ജയരാജനെതിരെ അച്ചടക്ക നടപടിയെടുക്കാൻ കാരണമായത്.

നടപടി വൈകിയെങ്കിലും ഉചിതമായ തീരുമാനമെന്നായിരുന്നു സിപിഎം സംസ്ഥാന സമിതിയിൽ നേതാക്കൾ അഭിപ്രായപ്പെട്ടത്. പാർട്ടി സെക്രട്ടേറിയറ്റ് തീരുമാനം വന്നതിനു പിന്നാലെ, പ്രതിഷേധസൂചകമായി സംസ്ഥാന സമിതിയിൽ ഇ.പി. ജയരാജൻ പങ്കെടുത്തില്ല. പാർട്ടി സമ്മേളനങ്ങൾ തീരുമാനിച്ച സാഹചര്യത്തിൽ വീണ്ടും ഇ.പിക്കെതിരെ വിമർശനങ്ങളുയരും. മറുപടി പറഞ്ഞു പിടിച്ചുനിൽക്കാൻ ഇനി പാർട്ടി നേതൃത്വത്തിനു കഴിയില്ല. (ശേഷം 24-ാം പേജിൽ)

## മാർ തോമസ് തറയിൽ ചങ്ങനാശേരി ആർച്ച്ബിഷപ്

കൊച്ചി: ചങ്ങനാശേരി ആർച്ച്ബിഷപ്പായി മാർ തോമസ് തറയിലിനെയും ഷംഷാദ്ബാദ് ബിഷപ്പായി മാർ പ്രിൻസ് ആന്റണി പാണേങ്ങാടനെയും സീറോമലബാർ സഭാ സിനഡ് തെരഞ്ഞെടുത്തു.

മൗണ്ട് സെന്റ് തോമസിൽ നടന്ന പൊതുസമ്മേളനത്തിൽ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിലാണു പുതിയ നിയമനങ്ങൾ പ്രഖ്യാപിച്ചത്. ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം 75 വയസ് പൂർത്തിയായതിനെത്തുടർന്നു രാജിവെച്ച ഒഴിവിലേക്കാണ് സഹായമെത്രാനായ മാർ തറയിൽ നിയമിതനായത്. ഷംഷാബാദ് ബിഷപ്പായിരുന്ന മാർ റാഫേൽ തട്ടിൽ സഭയുടെ മേജർ ആർച്ച്ബിഷപ്പായി ചുമതലയേറ്റതിനെത്തുടർന്നാണ് നിലവിൽ അദിലാബാദ് മെത്രാനായ മാർ പാണേങ്ങാടന്റെ പുതുനിയോഗം.



ചങ്ങനാശേരി ആർച്ച്ബിഷപ്പായി നിയമിതനായ മാർ തോമസ് തറയിലിന്റെയും (ഇടത്ത്) ഷംഷാബാദ് രൂപത മെത്രാനായി നിയമിതനായ മാർ പ്രിൻസ് ആന്റണി പാണേങ്ങാടന്റെയും (വലത്ത്) നിയമന പ്രഖ്യാപന ചടങ്ങിൽ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ ഇരുവരുടെയും കൈകൾ ഉയർത്തി സന്തോഷമറിയിക്കുന്നു.

ഓഗസ്റ്റ് 19 മുതൽ കാക്കനാട് മൗണ്ട് സെന്റ് തോമസിലെ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയയിൽ നടക്കുന്ന മെത്രാൻ സിനഡിലായിരുന്നു ഇരുവരുടെയും തെരഞ്ഞെടുപ്പ്. ഇതു സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനം ഓഗസ്റ്റ് 30-ന് ഇറ്റാലിയൻ സമയം ഉച്ചയ്ക്കു 12-നു വത്തിക്കാനിലും ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞു 3.30-ന് കാക്കനാട് മൗണ്ട് സെന്റ് തോമസിലും നടത്തി. (ശേഷം 24-ാം പേജിൽ)

## സർക്കാരിനെ പ്രതിരോധത്തിലാക്കി അൻവറിന്റെ വെളിപ്പെടുത്തലുകൾ

മലപ്പുറം: ആഭ്യന്തരവകുപ്പിനെയും സർക്കാരിനെയും കടുത്ത പ്രതിരോധത്തിലാക്കി ഭരണകക്ഷി എംഎൽഎ പി.വി. അൻവർ.

മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി. ശശിക്കും എഡിജിപി എം.ആർ. അജിത്കുമാറിനും എതിരെ അതിരൂക്ഷമായ വിമർശനങ്ങളാണ് അൻവർ അഴിച്ചുവിട്ടിരിക്കുന്നത്. ആഭ്യന്തരവകുപ്പ് വിശ്വസിച്ച് ഏൽപിച്ച പി. ശശി പരാജയമാണ്.

മുഖ്യമന്ത്രിയെ വിശ്വസ്തർ കുഴിയിൽ ചാടിക്കുന്നു. പൊളിറ്റിക്കൽ സെക്രട്ടറിയെയും എഡിജിപിയെയും മുഖ്യമന്ത്രി വിശ്വസിച്ചാണ് ചുമതലകൾ ഏൽപിച്ചത്. അവർ അത് കൃത്യമായി ചെയ്തില്ലെന്നും അൻവർ കുറ്റപ്പെടുത്തി.

എഡിജിപി അജിത്കുമാറിനെതിരെ അതിരൂക്ഷ വിമർശനവും അഴിമതിയാരോപണവും ഉന്നയിച്ച പി.വി. അൻവർ, എന്തുകൊണ്ടാണ് സർക്കാരിന് ഇക്കാര്യങ്ങൾ മനസിലാകാത്തതെന്നു ചോദിച്ചു. പ്രതികരിക്കാൻ വേറെ വഴിയില്ലെന്നും അദ്ദേഹം തുറന്നടിച്ചു. മലപ്പുറം ഗസ്റ്റ് ഹൗസിൽ മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു പി.വി. അൻവർ എംഎൽഎ.

എഡിജിപി എം.ആർ. അജിത്കു



മാറിനെതിരെയും മലപ്പുറം മുൻ എസ്പിയും നിലവിൽ പത്തനംതിട്ട എസ്പിയുമായ എസ്. സുജിത് ദാസിനെതിരെയും അതീവഗുരുതര ആരോപണങ്ങളാണ് അൻവർ ഉന്നയിച്ചത്. എം.ആർ. അജിത്കുമാർ ആളുകളെ കൊല്ലിച്ചിട്ടുണ്ട്. കൊലപാതകം നടത്തിച്ചിട്ടുണ്ട്. ഉത്തരവാദിത്വത്തോടെയാണ് പറയുന്നത്.

നൊട്ടോറിയസ് ക്രിമിനലാണ് അദ്ദേഹം. അധോലോക ഭീകരൻ ദാവൂദ് ഇബ്രാഹിമിനെ അദ്ദേഹം മാതൃകയാക്കുന്നു. വാദിയെയും പ്രതിയെയും മുന്നിൽകൊണ്ടുവരും. അജിത് കുമാറിന്റെ റോൾ മോഡൽ ദാവൂദ് ഇബ്രാഹിം ആണോയെന്ന് സംശയിച്ചുപോകും.

അദ്ദേഹം ചെയ്ത കാര്യങ്ങൾ കേട്ടാൽ കേരളം ഞെട്ടും. അജിത് കുമാറിന്റെ ഭാര്യയുടെ ചില ഫോൺ കോളുകൾ ഞെട്ടിപ്പിക്കുന്നതാണ്. കള്ളക്കടത്തിന് നേതൃത്വം നൽകുന്ന പ്രധാനികളോടാണ് സംസാരം. ഒരു സ്ത്രീയെന്ന പരിഗണന നൽകി അവരെ ഇതിലേക്കു വലിച്ചിഴക്കുന്നില്ല. ആവശ്യം വരുമ്പോൾ പറയാം.

എല്ലാ മന്ത്രിമാരുടെയും ഫോൺ കോളുകൾ ചോർത്താൻ സൈബർ സെല്ലിൽ പ്രത്യേക സംഘമുണ്ട്. രാഷ്ട്രീയക്കാരുടെയും മാധ്യമപ്രവർത്തകരുടെയും ഫോൺ ചോർത്തുന്നുണ്ട്. ക്രൈം അന്വേഷിക്കാനല്ല സൈബർ സെൽ പ്രവർത്തിക്കുന്നത്. മൂന്ന് മാസമായി തന്റെ ഫോൺ നിരന്തരം ചോർത്തുന്നുണ്ട്. പല പോലീസ് ഉദ്യോഗസ്ഥരുടെയും ഫോൺകോൾ താൻ ചോർത്തിയിട്ടുണ്ടെന്നും പി.വി. അൻവർ പറഞ്ഞു.

ഇനിയും ഒരുപാട് ഫോൺ കോളുകൾ ടെലികാസ്റ്റ് ചെയ്യാനുണ്ട്. പലതും പുറത്തുവിട്ടിട്ടില്ല. ഗതികേട് കൊണ്ടാണ് സുജിത്ദാസിന്റെ ശബ്ദരേഖ പുറത്തുവിട്ടതെന്നും അദ്ദേഹം പറഞ്ഞു. (ശേഷം 24-ാം പേജിൽ)

## സിനിമാ മേഖലയിലെ പരാതികൾക്ക് ശിക്ഷ കോടതി തീരുമാനിക്കട്ടെ: മമ്മൂട്ടി



കൊച്ചി: ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നതിനു ശേഷം വിവാദത്തിൽ ആദ്യ പ്രതികരണവുമായി നടൻ മമ്മൂട്ടി ഫെയ്സ്ബുക്കിലൂടെ രംഗത്തുവന്നു. 'റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന നിർദേശങ്ങളെയും പരിഹാരങ്ങളെയും സ്വാഗതം ചെയ്യുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു. അവ നടപ്പാക്കാൻ സിനിമാമേഖലയിലെ എല്ലാ കൂട്ടായ്മകളും വേർതിരിവുകളില്ലാതെ കൈകോർത്തുനിൽക്കേണ്ട സമയമാണിത്. (ശേഷം 24-ാം പേജിൽ)

# അൻവറിന്റെ ആരോപണത്തിൽ ആടിയുലഞ്ഞ് സിപിഎം

ത്ത് ക്രിമിനലുകളും കൊലപാതകികളും വരെയുണ്ടെന്ന ഇടതുപക്ഷ എംഎൽഎ പി.വി. അൻവറിന്റെ ആരോപണത്തിൽ ആടിയുലഞ്ഞ സർക്കാർ മുഖം രക്ഷിക്കാനുള്ള നിർണായക നീക്കത്തിൽ. മുഖ്യമന്ത്രി പിണറായി വിജയൻ ചുമതല വഹിക്കുന്ന ആഭ്യന്തര വകുപ്പിനെതിരായ കടുത്ത ആരോപണങ്ങൾ ഏതു തരത്തിൽ മറികടക്കാൻ കഴിയുമെന്നതു സംബന്ധിച്ച് തലപുകയ്ക്കുകയാണ് ഭരണനേതൃത്വം. മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി. ശശി ആഭ്യന്തരവകുപ്പ് അടക്കി വാഴുകയാണെന്ന പ്രതീതി ഉണ്ടായതോടെ മുഖ്യമന്ത്രിക്കു വകുപ്പിൽ നിയന്ത്രണമില്ല എന്ന തരത്തിലാണ് വ്യാഖാനിക്കപ്പെട്ടിരിക്കുന്നതെന്ന ആക്ഷേപവും ഉയർന്നിട്ടുണ്ട്. ഇതോടെ കടുത്ത അതൃപ്തിയിലാണ് മുഖ്യമന്ത്രി.

സിപിഎമ്മിലെ ഒരു വിഭാഗത്തിന്റെ പിൻബലത്തോടെയാണ് പി. ശശിക്കും ആഭ്യന്തര വകുപ്പിനും എതിരായി പി.വി. അൻവർ രംഗത്തെത്തിയതെന്നാണ് സൂചന. പാർട്ടിക്ക് അതീതരായി വളരാൻ ആരെയും അനുവദിക്കില്ലെന്നു സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ പറഞ്ഞിരുന്നു. ഇതിനു പിന്നാലെയാണ് വിവാദങ്ങൾ ഒന്നൊന്നായി വന്നിരിക്കുന്നത്. ഈ സാഹചര്യത്തിൽ ശക്തമായ നടപടികൾ ഉണ്ടാകുമെന്ന് ഏറെക്കുറെ ഉറപ്പായി.

ഇടതുപക്ഷ എംഎൽഎ തന്നെ ഉയർത്തിയ ആരോപണങ്ങൾ ഏറെ ഗൗരവത്തോടെ പരിഗണിക്കണമെന്ന നിലപാടിലാണ് പാർട്ടി. മുഖ്യമന്ത്രിയുടെ പ്രതിച്ഛായയ്ക്കു കോട്ടം തട്ടാതെ, അൻവറിനെ പിണക്കാതെയുള്ള പരിഹാരമാണ് പാർട്ടിയും സർക്കാരും തലപുകഞ്ഞ് ആലോചിക്കുന്നത്.

ഇതിനിടെ, പി.വി. അൻവർ എംഎൽഎ ഉന്നയിച്ച ആരോപണത്തോട് സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ പ്രതികരിച്ചു. പാർട്ടിയും സർക്കാരും എല്ലാ വിഷയങ്ങളും ഗൗരവത്തോടെ പരിശോധിക്കും. എല്ലാ വശങ്ങളും പരിഗണിക്കും. ആവശ്യമായ നിലപാട് സ്വീകരിക്കും. പറഞ്ഞതിൽ എല്ലാമുണ്ടെന്നും ഗോവിന്ദൻ പറഞ്ഞു. പോലീസ് തലപ്പത്ത് ക്രിമിനലുകളും കൊലപാതകികളും വരെയുണ്ടെന്ന ഇടതുപക്ഷ എംഎൽഎ അൻവർ ഉന്നയിച്ച കടുത്ത ആരോപണം സർക്കാരിനെ ഉലയ്ക്കുന്നതിനിടെയാണ് ഗോവിന്ദന്റെ പ്രതികരണം.

ക്രമസമാധനച്ചുമതലയുള്ള എഡിജിപി എം.ആർ. അജിത്കുമാർ കൊടിയ ക്രിമിനലാണെന്നും സ്വർണക്കടത്തുമായി ബന്ധപ്പെട്ട് ആളുകളെ കൊലചെയ്യിച്ചിട്ടുണ്ടെന്നും ആരോപിച്ച അൻവർ മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി. ശശിക്കെതിരെയും ആഞ്ഞടിച്ചു. കരിപ്പൂർ വിമാനത്താവളം വഴി കടത്തിയ കള്ളക്കടത്ത് സ്വർണ്ണം മലപ്പുറം എസ്പി ആയിരിക്കെ എസ്. സുജിത് ദാസ് അടിച്ചുമാറ്റിയെന്നും ആരോപിച്ചു.

സിപിഎം സ്വതന്ത്രനായി നിലമ്പൂരിൽനിന്നു വിജയിച്ച അൻവറിന്റെ വെളിപ്പെടുത്തലുകളിൽ മുഖ്യമന്ത്രിക്കെതിരെ നേരിട്ടു വിമർശനമില്ലെങ്കിലും സ്വന്തം വകുപ്പിൽ നടക്കുന്നതൊന്നും അദ്ദേഹം അറിയുന്നില്ലെന്ന ധ്വനിയുണ്ട്.

അൻവറിന്റെ ആരോപണങ്ങൾക്കു പിന്നാലെ തിരക്കിട്ട ചർച്ചകളിലാണ് സർക്കാർ. മുഖ്യമന്ത്രി പിണറായി വിജയനും ഡിജിപി എസ്. ദർവേഷ് സാഹിബും ചർച്ച നടത്തി. കോട്ടയം നാട്ടകം ഗസ്റ്റ് ഹൗസിലായിരുന്നു കൂടിക്കാഴ്ച. അൻവർ പരാതി നല്കിയാൽ ഉന്നത സമിതി അന്വേഷണം വേണ്ടിവരുമെന്നാണ് പ്രാഥമിക വിലയിരുത്തൽ.

## പവർഗ്രൂപ്പിനെക്കുറിച്ച് അറിയില്ല: മോഹൻലാൽ

തിരുവനന്തപുരം: ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട് മറുപടി പറയേണ്ടത് താര സംഘടനയായ 'അമ്മ' മാത്രമല്ലെന്നും, മലയാള സിനിമാ മേഖലയ്ക്കാകെ അതിനുള്ള ഉത്തരവാദിത്വമുണ്ടെന്നും നടൻ മോഹൻലാൽ. ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ നടത്തിയ പത്രസമ്മേളനത്തിൽ മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുകയായിരുന്നു അദ്ദേഹം. ഹേമ കമ്മിറ്റി റിപ്പോർട്ടിനെ സ്വാഗതം ചെയ്യുന്നു. താൻ എവിടേക്കും ഒളിച്ചോടിയിട്ടില്ല. ദൗർഭാഗ്യകരമായ കാര്യങ്ങളിൽ പ്രതികരിക്കേണ്ടി വന്നതിൽ വേദനയുണ്ടെന്നും അദ്ദേഹം പറഞ്ഞു.



വ്യക്തിപരമായ കാരണങ്ങളാൽ കുറച്ചു നാളായി ഗുജറാത്തിലും മുംബൈയിലും ചെന്നൈയിലുമായിരുന്നു. ഭാര്യയുടെ സർജറിയുമായി ബന്ധപ്പെട്ട് ആശുപത്രിയിലായിരുന്നു. ഒന്നിനെപ്പറ്റിയും ആധികാരികമായി പറയാൻ കഴിയുന്ന ആളല്ല താൻ. എല്ലാറ്റിനും 'അമ്മ' അല്ല ഉത്തരം നൽകേണ്ടത്. അഭിഭാഷകരും സിനിമയിലെ തലമുതിർന്ന ആളുകളുമായി സംസാരിച്ചതിനു ശേഷമാണ് പ്രസിഡണ്ട് പദവിയിൽനിന്നു രാജിവെച്ചത്. ഹേമ കമ്മിറ്റിയുമായി സംസാരിച്ച ആളാണ് താൻ. നടനും നിർമാതാവും എന്ന നിലയിൽ തന്റെ സിനിമയെക്കുറിച്ച് ചോദിച്ച കാര്യങ്ങൾക്ക് കമ്മിറ്റിക്ക് രണ്ടുതവണ മറുപടി നൽകി. അറിയാത്ത കാര്യങ്ങളെക്കുറിച്ച് പറയാൻ കഴിയില്ലെന്നും മോഹൻലാൽ പറഞ്ഞു. മലയാള സിനിമയിൽ പവർഗ്രൂപ്പ് ഉണ്ടോ എന്നറിയില്ല. പവർ ഗ്രൂപ്പിൽപെട്ട ആളല്ല താനെന്നും അദ്ദേഹം പറഞ്ഞു. മലയാള സിനിമാ വ്യവസായം തകർന്നു പോകരുത് എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നുവെന്നും മോഹൻലാൽ പറഞ്ഞു.

## കെഎസ്ആർടിസിക്ക് 5940 കോടി കിട്ടിയിട്ടും ബസ് വാങ്ങിയത് 139 കോടിക്ക്

തിരുവനന്തപുരം: മൂന്നു വർഷത്തിനിടെ സർക്കാർ കെഎസ്ആർടിസിക്ക് 5940 കോടി രൂപ നല്കിയെങ്കിലും ബസ് വാങ്ങാൻ ചെലവിട്ടത് 139 കോടി മാത്രം. യാത്രക്കാർക്ക് കിട്ടിയത് 434 പുതിയ ബസുകൾ മാത്രം. അതിനിടെ കാലപ്പഴക്കത്തിൽ 1047 ബസുകൾ പൊളിച്ചുവിറ്റു. 1736 ബസുകളാണ് കോവിഡിനെത്തുടർന്ന് നിർത്തിയിട്ടത്. ഇവയിൽ പകുതിയും ഉപേക്ഷിക്കേണ്ടിവന്നു. പൊതുഗതാഗതത്തിന്റെ ഭാവിവികസനം കൂടി കണക്കിലെടുത്ത് സർക്കാർ സഹായധനം വിനിയോഗിക്കാൻ സ്ഥാപനത്തിനു കഴിയുന്നില്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രതിമാസം പെൻഷനുള്ള 70 കോടിയും ശമ്പളത്തിനുള്ള 50 കോടിയും സർക്കാർ സഹായത്തിൽ നിന്നാണ് കണ്ടെത്തുന്നത്. ശമ്പളവും പെൻഷനും ഏറ്റെടുക്കാൻ വ്യവസ്ഥ ഇല്ലാത്തതിനാൽ വായ്പയായിട്ടാണ് അനുവദിക്കുന്നത്. തിരിച്ചടയ്ക്കാൻ സാധ്യതയില്ലാത്തതിനാൽ എഴുതിത്തള്ളുകയാണ് പതിവ്. ജൂണിലെ കണക്കുപ്രകാരം നിലവിൽ 12,372 കോടിയാണ് സർക്കാരിനു നല്കേണ്ടത്. പത്ത് വർഷം പഴക്കമുള്ള ബസുകൾ പെയിന്റടിച്ച് സൂപ്പർഫാസ്റ്റുകളായി നിരത്തിൽ ഓടിക്കുമ്പോൾ 269 ഡീസൽ ബസുകൾ മാത്രമാണ് പുതുതായി ഇറങ്ങിയത്. 250 ഇ-ബസുകൾ വാങ്ങാൻ തീരുമാനിച്ചതിൽ 165 എണ്ണമാണ് ലഭിച്ചത്. സിറ്റി ഓർഡിനറി വിഭാഗത്തിന് ഇലക്ട്രിക് ബസുകളും ദീർഘദൂര പാതകളിൽ ഡീസൽ ബസുകളുമാണ് വിദഗ്ദ്ധ സമിതി ശിപാർശ ചെയ്തിരുന്നത്. എന്നാൽ, മന്ത്രി മാറിയതിനു പിന്നാലെ ഈ നയത്തിൽ മാറ്റം വന്നതോടെ ബസ് വാങ്ങലും വൈകി.




ചെറുതും വലുതുമായതുൾപ്പെടെ 400 ഡീസൽ ബസുകൾ കൂടി വാങ്ങാനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടെങ്കിലും നേരത്തെ ബസ് നല്കിയ കമ്പനികൾക്ക് കോച്ച് നിർമ്മിച്ച സ്ഥാപനത്തിനും കുടിശിക തീർക്കേണ്ടതുണ്ട്. ഇന്ധനവിലയിൽ ഒരു രൂപയുടെ വർദ്ധന ഉണ്ടായാൽ പോലും കെഎസ്ആർടിസിയുടെ നില കൂടുതൽ പരുങ്ങലിലാകുന്ന സ്ഥിതിയിലാണ്.

## മത്സ്യ മേഖലയ്ക്ക് അഞ്ച് കേന്ദ്ര പദ്ധതികൾ

ന്യൂഡൽഹി: കേരളത്തിലെ മത്സ്യമേഖലയുടെ വികസനം ലക്ഷ്യമിട്ട് 287.22 കോടി രൂപയുടെ അഞ്ച് കേന്ദ്ര പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഓൺലൈൻ വഴി തറക്കല്ലിട്ടു. മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, തൊഴിലവസരം സൃഷ്ടിക്കൽ എന്നിവ ലക്ഷ്യം വെച്ചുള്ളതാണിത്. പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന പ്രകാരം 126.22 കോടിയുടെ നാല് പദ്ധതികളും ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് വഴി 161 കോടി രൂപയുടെ ഫിഷിങ് ഹാർബർ പദ്ധതിയും ഇതിലുൾപ്പെടുന്നു. ഇതുവഴി 1,47,522 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാവും.

വിവിധ സംസ്ഥാനങ്ങളിലായി നടപ്പാക്കുന്ന 77000-ത്തിലധികം കോടിയുടെ പദ്ധതിക്ക് കീഴിലാണ് കേരളത്തിന് 287.22 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചത്. പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നരേന്ദ്ര മോദി മഹാരാഷ്ട്രയിലെ പാൽഗറിൽ ഓൺലൈനായി ഉദ്ഘാടനം ചെയ്തു.

**കാസർഗോഡ് ഫിഷിങ് ഹാർബർ.** 70.53 കോടി. 30,000 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം. കേന്ദ്ര വിഹിതമായ 42.30 കോടി രൂപയിൽ നിന്ന് 10.58 കോടി രൂപ ഫിഷറീസ് വകുപ്പിനു നല്കി. 18 മാസംകൊണ്ട് പൂർത്തിയാകും.

**മലപ്പുറം പൊന്നാനി ഹാർബർ.** 18.73 കോടി. 44,572 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം. കേന്ദ്രവിഹിതമായ 11.23 കോടി രൂപയിൽ നിന്ന് 2.80 കോടി രൂപ ഫിഷറീസ് വകുപ്പിനു നല്കി.

**കോഴിക്കോട്ടെ പുതിയാപ്പ ഹാർബർ.** 16.06 കോടി. 24500 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം. കേന്ദ്രവിഹിതമായ 9.63 കോടി രൂപയിൽ നിന്ന് 2.40 കോടി രൂപ ഫിഷറീസ് വകുപ്പിനു നല്കും. 18 മാസംകൊണ്ട് പണി പൂർത്തിയാകും.

**കോഴിക്കോട്ടെ കൊയിലാണ്ടി ഹാർബർ.** 20.90 കോടി. 20400 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം. കേന്ദ്രവിഹിതമായ 12.54 കോടി രൂപയിൽനിന്ന് 3.13 കോടി രൂപ ഫിഷറീസ് വകുപ്പിനു നല്കും. 18 മാസംകൊണ്ട് പണി പൂർത്തീകരിക്കും.

**ഫിഷിങ് ഹാർബർ പദ്ധതി.** ആലപ്പുഴ അർത്തുങ്കൽ ഹാർബർ. 161 കോടി രൂപ. 27680 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം. അർത്തുങ്കൽ ഹാർബർ വികസനത്തിനായി കേന്ദ്ര സർക്കാരിന് നബാർഡ് 150 കോടി രൂപ ലോൺ മൂന്നു ശതമാനം പലിശനിരക്കിൽ ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിലേക്ക് അനുവദിച്ചു. ഈ പദ്ധതി പൂർത്തിയാകുന്നതോടു കൂടി ഒരു വർഷത്തിൽ ഏകദേശം 9525 ടൺ മത്സ്യ ക്രയവിക്രയം നടക്കും.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 36
September 06, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം

പ്രവർത്തിച്ചു തേഞ്ഞുപോകലാണു വെറുതെയിരുന്നു തുരുമ്പു പിടിക്കുന്നതിലും ഭേദം.


**കമ്പർലാണ്ട്**

കെടാതെ കത്തുന്ന വിളക്കിനേ മറ്റൊന്ന് കത്തിക്കുവാൻ കഴിയുകയുള്ളൂ.

**മദർ തെരേസ**


Bollywood Dance Class in Chicago!
Shingari's School of Rhythm
CLASSES AT WESTMONT & DES PLAINES
NOW ENROLLING NEW STUDENTS
Girls • Boys • Adults
For Latest Informations Call : Chinu Thottam
(630) 863-4984
REGISTER ONLINE
Email: c2c4ever@gmail.com
www.schoolofrhythm.org


K.O. JOSE & ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


Trusted Representation
Achieves Aggressive Financial Results
★Over $ 50M Recovered and Collected For Our Clients
★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
★Free Confidential Consultation On All Matters Home Visits Available
★Personal Injuries-Wrongful Death - Work Injuries
Your call is Always Welcome
Crifase Law Firm
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511
Steve Crifase
LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families
$1,500,000.00 Jury Verdict Car Crash Neck Injury
$5,000,000.00 Car Crash – Brain Injury
$700,000.00 Medical Malpractice Stillborn Baby
$1,500,000.00 Wrongful Death – Car Crash
$750,000.00 Medical Malpractice – Fetal Injury
$600,000.00 Medical Malpractice – Fetal Injury
$200,000.00 Work Injury – Shoulder Surgery
$149,000.00 Slip and Fall – Knee Injury
$239,000.00 Work Injury – Shoulder Surgery
$190,000.00 Car Crash – Back Injury
$338,000.00 Work Injury – Shoulder/Wrist Surgery
We Want A Long Term Relationship With You
Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537
Fee Discounts Available To Malayalee Clients On Specific Cases
A+ Rating
Better Business Bureau
AV PREEMINENT
Peer Rated for Highest Level of Professional Excellence
2018

കേരളാ എക്സ്പ്രസ്

KERALA EXPRESS

അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക

Weekly Newspaper National Edition From Chicago

# ഉരുൾപൊട്ടൽ: ദുരിതബാധിതരെ വീടുകളിലേക്ക് മാറ്റണം: ഹൈക്കോടതി

കൊച്ചി: വയനാട്ടിലെ ചൂരൽമലയിലും മുണ്ടക്കൈയിലുമുണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തെത്തുടർന്ന് ഇപ്പോഴും ദുരിതാശ്വാസ ക്യാംപിൽ കഴിയുന്നവരെ ഒരാഴ്ചയ്ക്കുള്ളിൽ വീടുകളിലേക്കു മാറ്റിത്താമസിപ്പിക്കണമെന്ന് ഹൈക്കോടതി നിർദേശിച്ചു. ദുരിതബാധിതരുടെ ആശുപത്രി ബില്ലുകൾ സർക്കാർ നേരിട്ട് അടയ്ക്കണമെന്നും ജസ്റ്റിസ് എ.കെ. ജയശങ്കരൻ നമ്പ്യാർ, ജസ്റ്റിസ് വി.എം. ശ്യാംകുമാർ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് നിർദേശിച്ചു.

സഹായധനമായി നൽകിയ തുകയിൽനിന്നു ബാങ്കുകൾ വായ്പകളുടെ മാസവിഹിതം പിടിക്കുന്നുണ്ടെങ്കിൽ അക്കാര്യം കോടതിയെ അറിയിക്കണം. ഇങ്ങനെ തുക ഈടാക്കാതിരിക്കാൻ ബാങ്കുകൾക്കു ഭരണഘടനാപരമായ ഉത്തരവാദിത്തമുണ്ട്. ഇതു ലംഘിച്ചതായി അറിയിച്ചാൽ ബാക്കി നടപടി കോടതി സ്വീകരിച്ചോളാം. ഇക്കാര്യത്തിൽ ഹെൽപ് ഡെസ്ക് തുടങ്ങണമെന്നും വയനാട് ദുരന്തത്തെത്തുടർന്ന് സ്വമേധയാ എടുത്ത കേസിൽ ഡിവിഷൻ ബെഞ്ച് നിർദേശിച്ചു.

ദുരന്തമുണ്ടായി ഒരു മാസം കഴിഞ്ഞെന്ന് ഓർമിപ്പിച്ച കോടതി, ക്യാംപിൽ ജീവിക്കുക സന്തോഷകരമായ കാര്യമല്ലെന്നു ചൂണ്ടിക്കാട്ടി. ആരെങ്കിലും ക്യാംപിൽനിന്നു മാറാൻ തയാറാകുന്നില്ലെങ്കിൽ അതിനു കാരണങ്ങളുണ്ടാകും. അവ പരിശോധിക്കണം.

നിർദേശിക്കുന്ന വിഷയങ്ങളിൽ സമയബന്ധിതമായി സർക്കാർ റിപ്പോർട്ട് നൽകണം. ഇല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഓൺലൈൻവഴി ഹാജരാകണം. മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികളുടെ കാര്യം എന്തായെന്ന് അറിയിക്കണമെന്നും കോടതി നിർദേശിച്ചു.

ടൗൺഷിപ് ഉൾപ്പെടെയുള്ള നിർമാണപ്രവർത്തനങ്ങൾ നടത്തുന്നതിനു മുൻപു കോടതിയെ അറിയിക്കണമെന്ന് ഡിവിഷൻ ബെഞ്ച് ആവശ്യപ്പെട്ടു. ഇത്തരം നിർമിതികൾ ഗുണകരമാകില്ലെന്ന് ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനു പബ്ലിക് ലയബിലിറ്റി ഇൻഷുറൻസ് പോലുള്ള സാധ്യതകൾ പരിഗണിക്കണമെന്നും നിർദേശിച്ചു.

# പുത്തൻ പ്രതീക്ഷകളുമായി പാലക്കാട് സ്മാർട്ട് സിറ്റി

ഇന്ത്യയിൽ ഉയരുന്ന 12 വ്യവസായ സ്മാർട്ട് സിറ്റികളിലൊന്ന് പാലക്കാടിന് അനുവദിച്ചുകൊണ്ടുള്ള കേന്ദ്ര പ്രഖ്യാപനം കേരളത്തിന്റെ വികസന സ്വപ്നങ്ങൾക്ക് തിളക്കമേകുന്നതായി. 3806 കോടി രൂപ മുതൽമുടക്കുള്ള ഈയൊരു പദ്ധതി പൂർത്തിയാകുന്നതോടെ അമ്പതിനായിരത്തിലേറെ ആളുകൾക്ക് തൊഴിൽ ലഭിച്ചേക്കുമെന്ന കണക്കുകൂട്ടലാണുള്ളത്. പതിനഞ്ചിനും 29 വയസിനും ഇടയിൽ പ്രായമുള്ളവരിൽ ഏറ്റവും കൂടുതൽ തൊഴിലില്ലായ്മ നിരക്കുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. മാനവ വികസന സൂചകങ്ങളിൽ മുന്നിൽ നിൽക്കുമ്പോഴും തൊഴിൽ മേഖലകളിലെ പ്രതിസന്ധിയുടെ സമയത്ത് കേരളത്തിനു ലഭിച്ച മികച്ച നേട്ടമായി പാലക്കാട് വ്യവസായ നഗരം മാറുന്നു. നിലവിലുള്ള ചെന്നൈ-ബംഗളൂരു വ്യവസായ ഇടനാഴിയുടെ തുടർച്ചയെന്ന നിലയ്ക്കാകും പദ്ധതി പൂർത്തിയാക്കപ്പെടുക.

3806 കോടി രൂപ മുതൽമുടക്കിൽ പാലക്കാട് പുതുശ്ശേരിയിൽ 1710 ഏക്കറിലാണ് സ്മാർട്ട് സിറ്റി ഉയരുക. ചെന്നൈ-ബെംഗളൂരു വ്യവസായ ഇടനാഴിയുടെ തുടർച്ച എന്ന നിലയിലാണ് പാലക്കാടിന് ഈ അംഗീകാരം ലഭിച്ചത്. കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി യാഥാർഥ്യമാക്കുന്നതിലേക്കുള്ള പ്രധാന ചുവടുവെപ്പുമാണിത്. കേന്ദ്രാനുമതി ലഭിച്ച പന്ത്രണ്ട് വ്യവസായ സ്മാർട്ട് സിറ്റികളിൽ ഏറ്റവും മുതൽമുടക്കുള്ള രണ്ടാമത്തെ പദ്ധതിയാണ് പാലക്കാട്ടേത്. ഭക്ഷ്യസംസ്കരണം, ഔഷധനിർമാണം, പ്രതിരോധം, ബഹിരാകാശഗവേഷണം, ലോഹേതര ധാതു ഉത്പന്നങ്ങൾ, റബ്ബർ-പ്ലാസ്റ്റിക് ഉത്പന്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വ്യവസായങ്ങളാണ് പുതുശ്ശേരിയിലെ സ്മാർട്ട് സിറ്റിയിൽ പ്രവർത്തിക്കുക. പദ്ധതി പൂർത്തിയാകുന്നതോടെ 8729 കോടി രൂപയുടെ മൂലധനനിക്ഷേപം ഇവിടെ നടക്കുമെന്നാണു കണക്കുകൂട്ടുന്നത്. തീർച്ചയായും അതുണ്ടാക്കുന്ന വികസനക്കുതിപ്പ് കേരളത്തിനാകെ ഉന്മേഷം പകരും. കോയമ്പത്തൂർ വിമാനത്താവളം, കോയമ്പത്തൂരിലെയും പാലക്കാട്ടെയും ജങ്ഷൻ റെയിൽവേസ്റ്റേഷനുകൾ, സേലം-കൊച്ചി ദേശീയപാതയുടെ സാമീപ്യം... ഇതെല്ലാം കഞ്ചിക്കോട്, പുതുശ്ശേരി വ്യവസായമേഖലകളുടെ വളർച്ചയ്ക്കും വ്യവസായസ്ഥാപനങ്ങളുടെ പ്രവർത്തനത്തിനും ഗുണകരമാകും.

കടലാസിൽ മാത്രമുള്ള ഒരു പദ്ധതിയെ അടിസ്ഥാനമാക്കിയുള്ള പ്രതീക്ഷകളല്ല ഇതെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. 1790 കോടി രൂപയുടെ പ്രാരംഭ നടപടികൾ കേരളം പൂർത്തിയാക്കി കഴിഞ്ഞതായി വ്യവസായ മന്ത്രി പി. രാജീവ് വ്യക്തമാക്കുകയുണ്ടായി. പദ്ധതിക്ക് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം ലഭിക്കാൻ സഹായകമായത് ഈയൊരു മുന്നൊരുക്കം തന്നെ. ഇതിനകം 1274 ഏക്കർ ഭൂമി കേരളം ഏറ്റെടുത്തു കഴിഞ്ഞു. കൂടുതൽ ഭൂമി വൈകാതെ ഏറ്റെടുക്കാൻ നീക്കം നടക്കുന്നു. പദ്ധതിക്കായി കഞ്ചിക്കോട്, കണ്ണമ്പ്ര എന്നിവിടങ്ങളിലാണ് നിലവിൽ ഭൂമി ഏറ്റെടുത്തിട്ടുള്ളത്. ഇതുവരെ ഭൂമി വിട്ടു നൽകിയത് 1131 പേരാണ്. ഇതിൽ 783 പേർക്ക് 1350 കോടി രൂപ സർക്കാർ നൽകിയതായി മന്ത്രി പറയുന്നു. വ്യവസായ നഗരം വികസിക്കുന്നതിനൊപ്പം അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും പ്രതീക്ഷിക്കപ്പെടുന്നു. പ്രദേശങ്ങളിലെ റോഡ് കണക്റ്റിവിറ്റി, വെള്ളം, വൈദ്യുതി വിതരണം എന്നിവയെല്ലാം സുഗമമാകുമെന്ന വിലയിരുത്തലാണുള്ളത്.

നമ്മുടെ വികസനത്തിന്റെ സഞ്ചാരവേഗം അടയാളപ്പെടുത്താനുള്ള വലിയൊരു പ്രതീക്ഷയാണ് കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി. പതിനായിരം കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന ഈ വ്യവസായ ഇടനാഴിക്കു കേരളത്തിന്റെ മുഖച്ഛായതന്നെ മാറ്റാനായേക്കും. കൊച്ചി മുതൽ പാലക്കാട് ജില്ലയുടെ തമിഴ്നാട് അതിർത്തി വരെയുള്ള 160 കിലോമീറ്ററിൽ ആറ് വ്യവസായ ക്ലസ്റ്റർ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. പാലക്കാട്ടെ പ്രദേശങ്ങളോടൊപ്പം എറണാകുളം ജില്ലയിൽ ആലുവ താലൂക്കിലെ അയ്യമ്പുഴ വില്ലേജിലും ഭൂമി ഏറ്റെടുക്കുന്ന നടപടി പുരോഗമിക്കുന്നുണ്ട്. അയ്യമ്പുഴയിൽ ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേഡ് സിറ്റിയാണ് (ഗ്ലോബൽ സിറ്റി) വികസിപ്പിക്കുന്നത്. ഗ്ലോബൽ സിറ്റിക്കു കേന്ദ്രാനുമതി കാക്കുകയാണു കേരളം. കൊച്ചി-ബെംഗളൂരു ഇടനാഴിയുടെ ഭാഗമായി സംരംഭങ്ങൾ തുടങ്ങാനുള്ള നടപടികൾക്കു കഴിഞ്ഞവർഷം തുടക്കംകുറിച്ചിരുന്നു. ഇടനാഴിയിൽ ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് ഏകജാലക സംവിധാനത്തിലൂടെ അനുമതി നൽകാനാണു തീരുമാനം.

കേന്ദ്ര-സംസ്ഥാന പങ്കാളിത്തത്തോടെ പൂർത്തിയാക്കപ്പെടേണ്ട പദ്ധതിയാണിത്. ഇതിന്റെ പേരിൽ അമിത അവകാശവാദങ്ങൾ ആരുടെ ഭാഗത്തുനിന്നുണ്ടാകുന്നതും നല്ലതായിരിക്കില്ല. അതുകൊണ്ടുതന്നെ, പദ്ധതിയുടെ പേരിൽ നേട്ടമുണ്ടാക്കാനുള്ള ശ്രമങ്ങളേക്കാൾ ലക്ഷ്യം പൂർത്തിയാക്കാനുള്ള നടപടികൾക്കാകണം കേന്ദ്രത്തെയും സംസ്ഥാനത്തെയും പിന്താങ്ങുന്ന രാഷ്ട്രീയപ്പാർട്ടികൾ ശ്രദ്ധ നൽകേണ്ടത്. കഞ്ചിക്കോട് കോച്ച് ഫാക്ടറിക്കായി കേരളം ഏറ്റെടുത്ത് കൈമാറിയ സ്ഥലം ഇപ്പോഴും ഉപയോഗിക്കാതെ കിടക്കുന്നുണ്ട്. ആ ഭൂമികൂടി വ്യവസായവികസനത്തിനായി പ്രയോജനപ്പെടുത്തണമെന്ന വികാരം ശക്തമാണ്. ആരോഗ്യമേഖലയിൽ, കേരളത്തിന്റെ ദീർഘകാല ആവശ്യമായ 'എയിംസി'നെക്കുറിച്ചും ഈ ഘട്ടത്തിൽ ഓർമ്മിപ്പിക്കുന്നവരുണ്ട്. അതിനു കേന്ദ്രാനുമതി നേടിയെടുക്കാനുള്ള ശ്രമം കേരള സർക്കാർ അക്ഷീണം തുടരണം.

# വയനാടിന് കേന്ദ്രപാക്കേജ് ഉറപ്പു നൽകി പ്രധാനമന്ത്രി

ന്യൂഡൽഹി: വയനാട് പുനരധിവാസത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി കേന്ദ്ര പാക്കേജ് ഉറപ്പു നൽകി. മുഖ്യമന്ത്രി പിണറായി വിജയനുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ഉറപ്പ് നൽകിയത്. വയനാട്ടിലെ സാഹചര്യം വിശദീകരിച്ച മുഖ്യമന്ത്രി കേന്ദ്രസഹായം അഭ്യർഥിച്ചുള്ള നിവേദനവും നൽകി. സംസ്ഥാന സർക്കാർ നിയോഗിച്ച പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസസ്മെന്റ് (പിഡിഎൻഎ) സംഘത്തിന്റെ റിപ്പോർട്ട് ലഭിച്ചതിനു ശേഷമാകും പാക്കേജ് പ്രഖ്യാപിക്കുക.

വയനാട് പുനരധിവാസത്തിനു പുറമേ കേരളം അധിക കടമെടുക്കുന്ന വിഷയത്തിലും കേന്ദ്ര അനുമതി ലഭിച്ചു എന്നാണ് വിവരം. ഓണച്ചെലവിലേക്കായി 5000 കോടി രൂപ കടമെടുക്കുന്നതിനാണ് കേരളം അനുമതി തേടിയത്. 29-ന് തിരുവനന്തപുരത്തു നടക്കുന്ന അവലോകന യോഗത്തിൽ കേന്ദ്രത്തിൽനിന്ന് ലഭിച്ച ഉറപ്പുകൾ മുഖ്യമന്ത്രി അറിയിക്കും.



ഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സന്ദർശിക്കാനെത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ പത്മനാഭ സ്വാമിയുടെ ശിൽപം സമ്മാനിക്കുന്നു.

പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയിലായിരുന്നു കൂടിക്കാഴ്ച. അര മണിക്കൂറോളം ഇരുവരും ചർച്ച നടത്തി. പത്മനാഭസ്വാമിയുടെ ശിൽപം മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് സമ്മാനിച്ചു.

# കശ്മീരിന്റെ പ്രത്യേക പദവി റദ്ദാക്കൽ അന്തിമം: ജയ്ശങ്കർ

ന്യൂഡൽഹി: പാക്കിസ്ഥാനുമായുള്ള തടസ്സമില്ലാത്ത സംഭാഷണത്തിന്റെ കാലം അവസാനിച്ചതായി വിദേശകാര്യമന്ത്രി എസ്. ജയശങ്കർ.

രാജ്യങ്ങൾ തമ്മിലുള്ള സാമീപ്യം കുഴപ്പങ്ങളും അവസരങ്ങളും സൃഷ്ടിക്കുന്നുണ്ട്. ഒരു രാജ്യവും അയൽക്കാരുമായുള്ള വെല്ലുവിളികളിൽ നിന്ന് മുക്തമല്ലെന്നും അദ്ദേഹം പറഞ്ഞു.

അംബാസഡർ രാജീവ് സിക്രിയുടെ 'സ്ട്രാറ്റജിക് കെനൻഡ്രംസ് റിഷേപ്പിങ് ഇന്ത്യാസ് ഫോറിൻ പോളിസി' എന്ന പുസ്തകത്തിന്റെ പ്രകാശനച്ചടങ്ങിൽ സംസാരിക്കുകയായരുന്നു അദ്ദേഹം.

ജമ്മു കശ്മീരിന്റെ പ്രത്യേക പദവി റദ്ദാക്കിയ നടപടി അന്തിമമാണ്. പാക്കിസ്ഥാനുമായി ഏതു തരത്തിലുള്ള ബന്ധമാണ് ഇനി സാദ്ധ്യമെന്നാണ് ആലോചിക്കേണ്ടത്. നമ്മൾ നിഷ്ക്രിയരല്ല, സംഭവങ്ങൾ അനുകൂലമോ പ്രതികൂലമോ ഏതു രീതിയിലായാലും പ്രതികരിക്കും.

ലോകത്തെ ഏതു രാജ്യത്തിനും അയൽക്കാർ എല്ലായ്പ്പോഴും ഒരു സമസ്യയാണ്. അതേപോലെ വൻശക്തികളും. വൻ ശക്തികൾക്ക് എപ്പോഴും നമ്മളെ മറികടക്കുന്ന തരത്തിൽ അവരുടേതായ താല്പര്യങ്ങളും അജൻഡകളുമുണ്ടാകും. അയൽരാജ്യവും വൻശക്തിയുമായ ചൈന ഇന്ത്യയെ സംബന്ധിച്ച് ഇരട്ട സമസ്യയാണ്: എസ്. ജയശങ്കർ പറഞ്ഞു.

# വിസ്താര എയർ ഇന്ത്യയിൽ ലയിപ്പിക്കും

ന്യൂഡൽഹി: വ്യോമയാന മേഖലയിലെ പ്രമുഖരായ വിസ്താര എയർലൈൻസ് നവംബർ 12-നുശേഷം എയർ ഇന്ത്യയിൽ ലയിപ്പിക്കും. എയർ ഇന്ത്യയും വിസ്താരയുമായി ലയിപ്പിക്കുന്നതിന് സിംഗപ്പൂർ എയർലൈൻസിന് എഫിഡിഐ അനുമതി ലഭിച്ചുവെന്നാണ് റിപ്പോർട്ടുകൾ.

സെപ്റ്റംബർ മൂന്നിനു ശേഷം എയർലൈൻ ബുക്കിങ്ങുകൾ നിർത്തുമെന്നും നവംബർ 12-നു ശേഷം സേവനം അവസാനിപ്പിക്കുമെന്നും സമൂഹമാധ്യമമായ എക്സിലൂടെ വിസ്താര വ്യക്തമാക്കി.

2013-ൽ പ്രവർത്തനമാരംഭിച്ച വിസ്താരയുമായുള്ള ലയനത്തിലൂടെ ലോകത്തിലെ ഏറ്റവും വലിയ എയർലൈൻ ഗ്രൂപ്പാകാനാണ് എയർ ഇന്ത്യയുടെ ശ്രമം. ടാറ്റയുടെയും സിംഗപ്പൂർ എയർ ലൈൻസിന്റെയും സംയുക്ത സംരംഭമായ വിസ്താര എയർ ഇന്ത്യയിൽ ലയിക്കുന്നതിലൂടെ എയർ ഇന്ത്യയുടെ 25.1 ശതമാനം ഓഹരി സിംഗപ്പൂർ എയർലൈൻസിനും ലഭിക്കും.

യാത്രക്കാർക്ക് വിശാലമായ സേവന ശൃംഖല നല്കാൻ ഉദ്ദേശിച്ചാണ് ലയനമെന്ന് അധികൃതർ വ്യക്തമാക്കി. ലയനത്തിനുശേഷം വിസ്താരയുടെ എല്ലാ വിമാനസർവീസുകളും എയർ ഇന്ത്യയാകും നടത്തുക.

Law Office of Sovmya George

IMMMIGRATION LAW FIRM

SERVICES:

Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.

*"We Handle Cases All Across the USA!"*
-Sovmya George, Esq.

Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com

Read our stellar reviews



# THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com



B&M
AUTO COLLISION CTR



*Anish Eapen and Bob Trytko want to wish you a Happy New Year*

Fast and
**EFFICIENT**

*Quality*
**REPAIR**



4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863

# പാലക്കാട് ഉൾപ്പെടെ 12 വ്യാവസായിക നഗരങ്ങൾക്ക് അനുമതിയായി

ന്യൂഡൽഹി: പാലക്കാട് അടക്കം പത്തു സംസ്ഥാനങ്ങളിലായി 28,602 കോടി രൂപ മുതൽമുടക്കിൽ 12 പുതിയ വ്യാവസായിക ഇടനാഴി പദ്ധതിക്ക് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. അത്യാധുനിക വ്യാവസായിക സ്മാർട്ട് സിറ്റിയാക്കുന്ന പാലക്കാട് പദ്ധതിക്കു മാത്രം 3,806 കോടിരൂപ ചെലവഴിക്കും.

സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ദേശീയ വ്യാവസായിക ഇടനാഴി പദ്ധതി (നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് പ്രോഗ്രാം-എൻഐസിഡിപി) പൂർത്തിയാകുമ്പോൾ പാലക്കാട്ട് മാത്രം 51,000 പുതിയ തൊഴിൽ സൃഷ്ടിക്കപ്പെടും. ഇന്ത്യയിലാകെ പത്തു ലക്ഷം നേരിട്ടുള്ള തൊഴിലവസരങ്ങളും 30 ലക്ഷം പരോക്ഷ തൊഴിലവസരങ്ങളും ഇതിലൂടെ സൃഷ്ടിക്കപ്പെടും.

ഉത്തർപ്രദേശിലെ ആഗ്ര, പ്രയാഗ്‌രാജ്, തെലുങ്കാനയിലെ സഹീറാബാദ്, ഒർവക്കൽ, ആന്ധ്രാപ്രദേശിലെ കൊപ്പർത്തി, രാജസ്ഥാനിലെ ജോധ്പൂർ-പാലി, ഉത്തരാഖണ്ഡിലെ ഖുർപിയ, പഞ്ചാബിലെ രാജ്പുര-പാട്യാല, മഹാരാഷ്ട്രയിലെ ദിഗി, ബിഹാറിലെ ഗയ എന്നിവിടങ്ങളിലാണ് പാലക്കാടിനുപുറമേ പുതുതായി വ്യവസായ മേഖലകൾ അനുവദിച്ചത്.

നിയമസഭാ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാലാണു 12-ാമത്തെ സ്ഥലം പ്രഖ്യാപിക്കാത്തതെന്നു മന്ത്രിസഭായോഗ തീരുമാനങ്ങൾ വിശദീകരിച്ച കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് വ്യക്തമാക്കി. ഹരിയാനയിലും ജമ്മു-കാശ്മീരിലുമാണ് നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുന്നതെന്നതിനാൽ ഇവയിലൊന്നിലാകും ഈ വ്യാവസായിക ഇടനാഴി പദ്ധതി നടപ്പാക്കുക.

പാലക്കാട് ജില്ലയിൽ പുതുശേരി വെസ്റ്റിൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കിൻഫ്രയുടെ 1,240 ഏക്കർ ഭൂമിയിലാകും സ്മാർട്ട് സിറ്റി പദ്ധതി നടപ്പാക്കുക. കൊച്ചി-ബംഗളൂരു വ്യാവസായിക ഇടനാഴിയുമായി ബന്ധിപ്പിച്ചാകും പദ്ധതി പൂർത്തീകരിക്കുക.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭത്തിൽ കേരള സർക്കാരിന്റെ ഓഹരിയായാണു ഭൂമി സംയുക്ത കമ്പനിക്ക് കൈമാറുക. ഭൂമി ഏറ്റെടുക്കലിനായി കേരളം 1,333 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു.

റബർ, പ്ലാസ്റ്റിക്, സാങ്കേതികമികവുള്ള യന്ത്രങ്ങൾ തുടങ്ങി നിരവധി വ്യവസായ പദ്ധതികളാണ് പാലക്കാട്ട് വിഭാവനം ചെയ്യുന്നത്.

പാലക്കാട്ടെ ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിനു പുറമേ എറണാകുളത്തെ ഗിഫ്റ്റ് സിറ്റിയുമായും പദ്ധതിയെ ബന്ധിപ്പിക്കും. ഇതിനായി പാലക്കാട് ജില്ലയിലെ പുതുശേരി സെൻട്രൽ, വെസ്റ്റ്, കണ്ണമ്പ്ര വില്ലേജുകളിലും എറണാകുളം ജില്ലയിലെ അയ്യമ്പുഴ വില്ലേജിലുമായി മൊത്തം 2,060 ഏക്കർ ഭൂമി ഏറ്റെടുക്കാൻ ലക്ഷ്യമുണ്ട്.

ആഗോള ഉത്പാദക ശക്തിയായി ഇന്ത്യയെ മാറ്റാൻ സഹായിക്കുന്ന വികസിത ഭാരത ലക്ഷ്യത്തിലേക്കുള്ള വൻ നിക്ഷേപമാണു വ്യവസായ ഇടനാഴി സ്മാർട്ട് സിറ്റി പദ്ധതിയെന്ന് മന്ത്രി അശ്വിനി വിശദീകരിച്ചു.

ഇന്ത്യയിലുടനീളം പ്രാദേശിക ഉത്പാദന കേന്ദ്രങ്ങൾ സൃഷ്ടിക്കുന്നതിൽ പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കും.

ചെറുകിട, ഇടത്തരം, നാമമാത്ര സംരംഭങ്ങളിൽ (എംഎസ്എംഇ) നിക്ഷേപം സുഗമമാക്കുന്നതിനും വ്യാവസായിക ഇടനാഴികൾ പ്രേരകമാകും. ലോകമെമ്പാടുമുള്ള നിർമാണ പ്രവർത്തനങ്ങൾ ഇന്ത്യയിലേക്കു മാറുന്നത് ത്വരിതപ്പെടുത്താൻ പദ്ധതി സഹായിക്കും.

മൂന്നു ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥയായി 2030-ഓടെ ഇന്ത്യയെ മാറ്റുകയെന്ന ലക്ഷ്യം പൂർത്തീകരിക്കാനും പദ്ധതി കാരണമാകുമെന്ന് മന്ത്രി പറഞ്ഞു.

## സ്ത്രീധനം സ്ത്രീയുടേത് മാത്രം: സുപ്രീംകോടതി

ന്യൂഡൽഹി: വിവാഹസമയത്ത് സ്ത്രീകൾക്ക് സമ്മാനമായി നല്കുന്ന സ്ത്രീധനത്തിന്റെ ഉടമ സ്ത്രീ മാത്രമാണെന്നും അതിൽ ഭർത്താവിനോ പിതാവിനോ അവകാശമുന്നയിക്കാനാവില്ലെന്നും സുപ്രീം കോടതി. വിവാഹമോചനം നേടിയ സ്ത്രീയുടെ പിതാവിന്റെ ആവശ്യം തള്ളിക്കൊണ്ടാണ് സുപ്രീം കോടതിയുടെ നിരീക്ഷണം.

മുൻഭർത്താവിന്റെ വീട്ടുകാരിൽ നിന്ന് സ്ത്രീധനം തിരിച്ചുകിട്ടണമെന്നാവശ്യപ്പെട്ട് തെലങ്കാന സ്വദേശിയായ സ്ത്രീയുടെ പിതാവ് നല്കിയ എഫ്.ഐ.ആർ സുപ്രീംകോടതി റദ്ദാക്കി. സ്ത്രീ അധികാരപ്പെടുത്താത്ത പക്ഷം അവർക്ക് വിവാഹസമയത്ത് ലഭിച്ച സ്വത്തോ പണമോ ആഭരണമോ ഒന്നും മറ്റാർക്കും കൈകാര്യം ചെയ്യാനാവില്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കി.

1882-ലെ പവ്വർ ഓഫ് അറ്റോർണി നിയമത്തിൽ വിവാഹിതയായ സ്ത്രീയുടെ അധികാരങ്ങളെക്കുറിച്ച് പറയുന്നത് കോടതി ചൂണ്ടിക്കാട്ടി.

## സാമ്പത്തിക പ്രതിസന്ധി; പദ്ധതി തുകകൾ വെട്ടിക്കുറയ്ക്കുന്നു

തിരുവനന്തപുരം: കേരളം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് നടപ്പു സാമ്പത്തിക വർഷത്തിലെ പദ്ധതികളിലും തുടർ പദ്ധതികളിലും ചിലത് ഒഴിവാക്കാനും അനിവാര്യമായതിന്റെ അടങ്കൽ തുകയുടെ 50 ശതമാനം വെട്ടിക്കുറയ്ക്കാനും മന്ത്രിസഭാ തീരുമാനം. വരുന്ന തദ്ദേശ സ്ഥാപന, നിയമസഭാ തെരഞ്ഞെടുപ്പുകൾ മുന്നിൽ കണ്ട് സർക്കാരിന്റെ മുഖം മിനുക്കാൻ മുഖ്യമന്ത്രി പ്രഖ്യാപിച്ച പദ്ധതികൾ, വെട്ടിക്കുറയ്ക്കുന്നതും ഒഴിവാക്കുന്നതുമായ പദ്ധതിത്തുകയിൽ ഉൾപ്പെടുത്താനും തീരുമാനിച്ചു.

പദ്ധതി വെട്ടിക്കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് സെക്രട്ടറിമാർ, ചീഫ് സെക്രട്ടറിക്കു സമർപ്പിച്ച റിപ്പോർട്ട് ആസൂത്രണ ബോർഡ് അംഗങ്ങൾക്ക് നല്കാനും നിർദേശിച്ചു. 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതങ്ങളുടെ ക്രമീകരണവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദേശത്തിന്റെ ഭാഗമായിട്ടാണ് നടപടി. ഏതാനും മാസം മുൻപ് ചേർന്ന മന്ത്രിസഭയിൽ വകുപ്പുകളുടെ പദ്ധതി നിർദേശത്തിൽ വെട്ടിക്കുറവ് വരുത്തി വകുപ്പ് സെക്രട്ടറിമാർ റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശിച്ചിരുന്നു. വിവിധ സെക്രട്ടറിമാർ നല്കിയ റിപ്പോർട്ടുകൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് എത്തി.

ഇതിൽ 10 കോടി രൂപയ്ക്കു മുകളിൽ അടങ്കലുള്ള പദ്ധതികൾ, തുടർ പദ്ധതികൾ ഉൾപ്പെടെയുള്ള ഭരണാനുമതി നല്കിയവയുടെ പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് ചീഫ് സെക്രട്ടറി, ധനകാര്യ, ആസൂത്രണ വകുപ്പ് സെക്രട്ടറിമാർ, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി എന്നിവരുടെ സമിതി പരിശോധിക്കും. പത്ത് കോടിക്ക് താഴെയുള്ളതും ഭരണാനുമതി നല്കിയതുമായ പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് വകുപ്പ് സെക്രട്ടറി, വകുപ്പ് അദ്ധ്യക്ഷനുമായി കൂടിയാലോചിച്ച് വകുപ്പിന് ഭരണാനുമതി നല്കിയ മൊത്തം തുകയുടെ അമ്പത് ശതമാനം ആയി നിജപ്പെടുത്തി പട്ടിക ചീഫ് സെക്രട്ടറിക്കു സമർപ്പിക്കണം.

## പാക് പൗരന് ഇന്ത്യൻ പൗരത്വം

പനാജി: ഗോവയിൽ താമസിക്കുന്ന പാക്കിസ്ഥാനി ക്രിസ്ത്യൻ പൗരന് പൗരത്വ ഭേദഗതി നിയമ (സിഎഎ) പ്രകാരം ഇന്ത്യൻ പൗരത്വം നൽകി. ജോസഫ് ഫ്രാൻസിസ് എ. പെരേര (78) എന്നയാൾക്കാണു മുഖ്യമന്ത്രി പ്രമോദ് സാവന്ത് ഓഗസ്റ്റ് 28-ന് പനാജിയിൽ നടന്ന ചടങ്ങിൽ ഇന്ത്യൻ പൗരത്വ സർട്ടിഫിക്കറ്റ് നൽകിയത്. നിലവിൽ തെക്കൻ ഗോവയിലെ കാൻസുവാലിമിൽ താമസിക്കുന്ന പെരേര സിഎഎ പ്രകാരം ഇന്ത്യൻ പൗരത്വം ലഭിക്കുന്ന ഗോവ സംസ്ഥാനത്തെ ആദ്യ വ്യക്തിയായി.

പെരേര വിവാഹം ചെയ്തതു ഗോവക്കാരിയായ മരിയയെയാണെങ്കിലും പൗരത്വനിയമം ഭേദഗതി ചെയ്യുന്നതുവരെ ഇന്ത്യൻ പൗരത്വം നേടുന്നതിൽ വിവിധ തടസങ്ങൾ നേരിട്ടിരുന്നു. വിവാഹം കഴിഞ്ഞതുമുതൽ തങ്ങൾ പൗരത്വത്തിനായി ശ്രമിക്കുന്നുണ്ടെന്നും എന്നാൽ ലഭിച്ചില്ലെന്നും അദ്ദേഹത്തിന്റെ ഭാര്യ മരിയ പറഞ്ഞു. കഴിഞ്ഞ ജൂണിലാണ് സിഎഎ വഴി പൗരത്വത്തിന് ഇവർ അപേക്ഷിച്ചത്. പൗരത്വ നിയമത്തിലെ സെക്ഷൻ 6 ബിയിലെ വ്യവസ്ഥകൾ പ്രകാരമാണ് പെരേരയ്ക്ക് പൗരത്വം ലഭിച്ചത്.

പോർച്ചുഗീസ് അധീനതയിൽനിന്ന് ഇന്ത്യൻ സൈന്യം ഗോവ മോചിപ്പിച്ചതിനുമുമ്പ് 1960-ലാണ് ജോസഫ് പെരേര ഉപരിപഠനാർത്ഥം പാക്കിസ്ഥാനിലേക്കു കുടിയേറിയത്. പഠനശേഷം കറാച്ചിയിൽ ജോലിചെയ്തു. തുടർന്ന് അദ്ദേഹം 37 വർഷം ബഹറിനിൽ ജോലി ചെയ്തു.

2013-ൽ വിരമിച്ചതിനെത്തുടർന്ന് ഇന്ത്യക്കാരിയായ ഭാര്യയോടൊപ്പം ഗോവയിൽ താമസിക്കുകയാണ്. 1979-ലാണ് അദ്ദേഹം പാക്കിസ്ഥാൻ അവസാനമായി സന്ദർശിച്ചത്.

## കാനം അച്ചൻ അന്തരിച്ചു



**പുതുപ്പള്ളി:** സുവിശേഷ പ്രസംഗകനും എഴുത്തുകാരനുമായ കറുകച്ചാൽ ചമ്പക്കര പാറയ്ക്കൽ വീട്ടിൽ പി.ഐ ഏബ്രഹാം (91) അന്തരിച്ചു. കാനമച്ചൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഇദ്ദേഹം അര നൂറ്റാണ്ടിലേറെയായി സുവിശേഷ പ്രഭാഷണരംഗത്ത് സജീവമായിരുന്നു. മുൻ ഓർത്തഡോക്സ് സഭാ വൈദികനായിരുന്ന ഇദ്ദേഹം പിന്നീട് സുവിശേഷ ദൗത്യം ഗ്രഹിച്ച് അതിനനുസൃതമായി ചുവടുവെക്കുകയായിരുന്നു. വേറിട്ട പ്രഭാഷണ, രചനാശൈലികൾ കൊണ്ട് ശ്രദ്ധേയനും ലളിതജീവിതത്തിന് ഉടമയുമായിരുന്നു. പുതുപ്പള്ളി ചർച്ച് ഓഫ് ഗോഡ് അഗപ്പെ സഭാംഗമാണ്. ഭാര്യ തങ്കമ്മ. മക്കൾ: നിർമ്മല, ബിജു, ജിജി.






KERALA EXPRESS കേരളം

# ശിവജിപ്രതിമ തകർന്നതിൽ മോദി മാപ്പപേക്ഷിച്ചു

മുംബൈ: മഹാരാഷ്ട്രയിൽ ഛത്രപതി ശിവജിയുടെ പ്രതിമ തകർന്നു വീണ സംഭവത്തിൽ പരസ്യമായി മാപ്പ് ചോദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഛത്രപതി ശിവജി എന്നത് വെറുമൊരു പേരു മാത്രമല്ല തനിക്കെന്നും അത്



തന്റെ ആരാധനാപാത്രമാണെന്നും അദ്ദേഹത്തിന്റെ കാൽക്കൽ തല കുമ്പിട്ട് മാപ്പ് ചോദിക്കുകയാണെന്നും മോദി പറഞ്ഞു.

പ്രതിമ തകർന്നുവീണ സംഭവത്തിൽ ഞാൻ ഇവിടെയെത്തിയ നിമിഷം തന്നെ മാപ്പ് ചോദിക്കുകയാണ്. പാൽഘറിൽ 76,000 കോടി ചെലവിട്ടുള്ള വധവാൻ തുറമുഖ പദ്ധതിയുടെ തറക്കല്ലിടൽ ചടങ്ങിൽ മോദി പറഞ്ഞു. സിന്ധുദുർഗിൽ പ്രധാനമന്ത്രി തന്നെ അനാച്ഛാദനം ചെയ്ത 35 അടി ഉയരമുള്ള ശിവജിയുടെ വെങ്കല പ്രതിമയാണ് തകർന്നുവീണത്.

കഴിഞ്ഞവർഷം ഡിസംബറിൽ നാവിക ദിനാഘോഷത്തിന്റെ ഭാഗമായാണ് പ്രതിമ സ്ഥാപിച്ചത്. സമുദ്ര പ്രതിരോധത്തിൽ ശിവജി നല്കിയ സംഭാവനകളെ മാനിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രതിമ സ്ഥാപിച്ചത്.

പ്രതിമ തകർന്നതിനെക്കുറിച്ച് അന്വേഷിക്കാൻ നാവികസേനയുടെ നേതൃത്വത്തിലുള്ള സാങ്കേതിക സമിതിയെ മഹാരാഷ്ട്ര സർക്കാർ നിയോഗിച്ചിരുന്നു.അതിനിടെ, പ്രതിമയുടെ നിർമാണ കൺസൾട്ടന്റായ ചേതൻ പാട്ടീലിനെ അറസ്റ്റ് ചെയ്തതായി പോലീസ് അറിയിച്ചു.

# ശിവജിയുടെ പ്രതിമ തകർത്ത സംഭവത്തിൽ പ്രതിഷേധം

മുംബൈ: കൊങ്കണിലെ സിന്ധുദുർഗിൽ ഛത്രപതി ശിവജിയുടെ പ്രതിമ തകർന്നുവീണ സംഭവം രാഷ്ട്രീയ ആയുധമാക്കി ഇന്ത്യാമുന്നണി. നിയമസഭാ തെരഞ്ഞെടുപ്പിനു രണ്ടു മാസം മാത്രം ശേഷിക്കെ, ശിവജി പ്രതിമ തകർന്ന സംഭവത്തിൽ എൻഡിഎ സർക്കാരിനെതിരെ ജനവികാരം ആളിക്കത്തിക്കാനാണു നീക്കം. എൻസിപി അധ്യക്ഷൻ ശരദ് പവാർ, ശിവസേന



ഛത്രപതി ശിവജിയുടെ പ്രതിമ തകർന്നുവീണ സംഭവത്തിൽ മഹാ വികാസ് അഘാഡി നടത്തിയ പ്രതിഷേധം

അധ്യക്ഷൻ ഉദ്ധവ് താക്കറെ, കോൺഗ്രസ് മഹാരാഷ്ട്ര പിസിസി അധ്യക്ഷൻ നാനാ പടോളെ എന്നിവരുടെ നേതൃത്വത്തിൽ ഗേറ്റ്‌വേ ഓഫ് ഇന്ത്യയിലേക്കു നടത്തിയ മാർച്ചിൽ പ്രതിപക്ഷ പ്രതിഷേധം ഇരമ്പി. മുഖ്യമന്ത്രി, ഉപമുഖ്യമന്ത്രിമാരായ ദേവേന്ദ്ര ഫഡ്നാവിസ്, അജിത് പവാർ എന്നിവരുടെ ചിത്രങ്ങൾ അടങ്ങിയ ബാനറിൽ ഉദ്ധവ് താക്കറെ അടക്കമുള്ള നേതാക്കൾ ചെരിപ്പുകൊണ്ട് അടിച്ചാണു പ്രതിഷേധിച്ചത്. ഇന്ത്യാമുന്നണി നേതാക്കൾ ശിവസേനാ വിമത നേതാവായ മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെയുടെ രാജി ആവശ്യപ്പെട്ടു.

മഹാരാഷ്ട്രയിൽ ഏറ്റവും ആദരിക്കപ്പെടുന്ന മറാഠാ ചക്രവർത്തിയാണു ശിവാജി. സംസ്ഥാന ജനസംഖ്യയുടെ 28 ശതമാനം വരുന്ന പ്രബലവിഭാഗമായ മറാഠകൾ നിർണായക വോട്ട് ബാങ്കാണ്. നവംബറിൽ നിയമസഭാ തെരഞ്ഞെടുപ്പു നടക്കാനിരിക്കെ, മറാഠാ വികാരം സർക്കാരിനെതിരാക്കാനുള്ള ശ്രമത്തിലാണ് പ്രതിപക്ഷം.

'മോദി അനാഛാദനം ചെയ്ത ശിവാജി പ്രതിമ തകർന്നു. രാമക്ഷേത്രത്തിൽ ചോർച്ചയുണ്ടായി. പാർലമെന്റ് സമുച്ചയവും ചോർന്നു. ഇതാണോ മോദിയുടെ ഗാരന്റി? പ്രതിമ തകർന്നതിലാണോ നിർമാണത്തിലെ അഴിമതിയുടെ പേരിലാണോ മോദി മാപ്പിരന്നത്?'- ഉദ്ധവ് ചോദിച്ചു. ഛത്രപതി ശിവജി ആരാധ്യപുരുഷനാണെന്നും അദ്ദേഹത്തിന്റെ പാദങ്ങളിൽ തലകുനിച്ച് മാപ്പ് ചോദിക്കുന്നതായും ഈയിടെ പ്രധാനമന്ത്രി പറഞ്ഞിരുന്നു. ഇതിഹാസപുരുഷനായ ഛത്രപതി ശിവജിയോടുള്ള അപമാനം മഹാരാഷ്ട്രയിലെ ജനങ്ങൾ ഒരിക്കലും പൊറുക്കില്ലെന്നും കാരണക്കാരായ ബിജെപിയെയും സഖ്യകക്ഷികളെയും അധികാരത്തിൽനിന്നു താഴെയിറക്കാനാണ് ഗേറ്റ്‌വേ ഓഫ് ഇന്ത്യയിൽ കൂടിയിരിക്കുന്നതെന്നും ഉദ്ധവ് വ്യക്തമാക്കി.

'ശിവദ്രോഹി' സർക്കാരിനെ അധികാരത്തിലെത്താൻ മോദിയാണ് വഴിയൊരുക്കിയതെന്നും വരാനിരിക്കുന്ന തെരഞ്ഞെടുപ്പു ലക്ഷ്യമിട്ടാണ് അദ്ദേഹത്തിന്റെ മാപ്പിരക്കലെന്നും എംപിസിസി അധ്യക്ഷൻ നാനാ പടോളെ ആരോപിച്ചു. സംയുക്ത മഹാരാഷ്ട്ര പ്രക്ഷോഭത്തിലെ രക്തസാക്ഷികളുടെ സ്മാരകമായ ഹുതാത്മാ ചൗക്കിൽ പുഷ്പചക്രം അർപ്പിച്ച ശേഷമായിരുന്നു ഗേറ്റ്‌വേ ഓഫ് ഇന്ത്യയിലേക്കുള്ള പ്രതിഷേധ മാർച്ച്.

ശിവജിയുടെ പിൻഗാമിയായ കോലാപൂർ എംപിയും കോൺഗ്രസ് നേതാവുമായ ഷാഹു മഹാരാജും മുതിർന്ന നേതാക്കൾക്കൊപ്പം മാർച്ചിന്റെ മുൻനിരയിലുണ്ടായിരുന്നു. സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ നിന്നെത്തിയ ഇന്ത്യാമുന്നണി അണികളും ഭരണമുന്നണി നേതാക്കളുടെ ചിത്രങ്ങളിൽ ചെരിപ്പ് തല്ലിക്കൊണ്ട് പ്രതിഷേധ മാർച്ചിന്റെ ഭാഗമായി. സംഭവം രാഷ്ട്രീയവൽക്കരിക്കുന്നതിനെതിരെ സംസ്ഥാനത്തുടനീളം ബിജെപിയും പ്രതിഷേധ റാലികൾ നടത്തി.

# മണിപ്പൂരിൽ വെടിവെപ്പും ബോംബാക്രമണവും; രണ്ട് മരണം

ഇംഫാൽ: മണിപ്പൂരിലെ ഇംഫാൽ വെസ്റ്റിൽ കലാപകാരികളുടെ വെടിവെപ്പിലും ബോംബ് ആക്രമണത്തിലും മുപ്പത്തിയൊന്നുകാരിയുൾപ്പെടെ രണ്ടുപേർ കൊല്ലപ്പെട്ടു. കൊല്ലപ്പെട്ട സ്ത്രീയുടെ എട്ടുവയസുള്ള മകളും പോലീസ് ഉദ്യോഗസ്ഥനും ഉൾപ്പെടെ ഒമ്പതു പേർ പരുക്കുകളോടെ ആശുപത്രിയിലാണ്. അഞ്ചുപേർക്കു വെടിവെപ്പിൽ പരുക്കേൽക്കുകയായിരുന്നു. ബോംബിന്റെ ചീളുകൾ തറച്ചാണ് നാലുപേർക്ക് പരുക്ക്. കോട്രക്ക്, കദംഗ്ബാൻഡ് താഴ്‌വരകളിലേക്ക് മലമുകളിൽനിന്ന് കലാപകാരികൾ ആക്രമണം നടത്തുകയായിരുന്നു. ഇതിനിടെയാണ് സുർബുല ദേവി എന്ന സ്ത്രീ കൊല്ലപ്പെട്ടത്. കൊല്ലപ്പെട്ട രണ്ടാമത്തെയാളെ തിരിച്ച




റിഞ്ഞിട്ടില്ല. സുർബുല ദേവിയുടെ മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ കൊണ്ടുവന്നു.

ഏറെ നാളായി ശാന്തത തുടരുന്ന പ്രദേശത്ത് പ്രകോപനമൊന്നുമില്ലാതെ വെടിവെപ്പ് നടക്കുകയായിരുന്നു. ഇതോടെ സ്ത്രീകളും കുട്ടികളും ഉൾപ്പെടെ സുരക്ഷിത കേന്ദ്രങ്ങളിലേക്കു മാറി. മുതിർന്ന ആളുകളെ പ്രദേശത്തു നിന്നും ഒഴിപ്പിക്കുന്നത് ഏറെ ശ്രമകരമായിരുന്നു.

സുരക്ഷാസേന എത്തിയതോടെയാണ് വെടിവെപ്പിനു ശമനമുണ്ടായത്. സംഘർഷ ബാധിത മേഖലയിൽ അതീവ ജാഗ്രത തുടരാൻ പോലീസ് സൂപ്രണ്ടുമാർക്ക് സംസ്ഥാന ഡിജിപി നിർദേശം നൽകി.

# കെ.ജെ. ബേബി അന്തരിച്ചു

കൽപറ്റ: നാടകകൃത്തും നോവലിസ്റ്റും സാംസ്കാരികപ്രവർത്തകനുമായ 'കനവ് ബേബി' എന്ന കെ.ജെ. ബേബി (70) അന്തരിച്ചു. വീടിനോടു ചേർന്നുള്ള കളരിയിൽ സെപ്റ്റംബർ ഒന്നിന് രാവിലെ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. 2020-ൽ ഭാര്യ ഷേർളി മരിച്ചതോടെ നടവയലിലെ വീട്ടിൽ ഒറ്റയ്ക്കായിരുന്നു താമസം.



1954-ൽ കണ്ണൂർ ജില്ലയിലെ മാവടിയിൽ ജനനം. കുടുംബം 1973-ൽ വയനാട്ടിലേക്കു കുടിയേറിയതോടെ ആദിവാസിസമൂഹവുമായി അടുത്തബന്ധം പുലർത്തുകയും അവരിലൊരാളെപ്പോലെ ജീവിക്കുകയും ചെയ്തു. ആദിവാസിക്കുട്ടികൾക്കു ബദൽ വിദ്യാഭ്യാസം നൽകുന്നതിനായി വയനാട്ടിലെ ചിങ്ങോട് സ്ഥാപിച്ച 'കനവ്' എന്ന ഗുരുകുലാശ്രമത്തിലൂടെയാണു ശ്രദ്ധ നേടിയത്. ബേബിയുടെ നോവൽ 'മാവേലിമൻറം' കേരളസാഹിത്യ അക്കാദമി അവാർഡും (1994) മുട്ടത്തുവർക്കി അവാർഡും നേടി. പ്രശസ്തമായ 'നാട് എൻവീട് വയനാട്' എന്ന ഗാനത്തിന്റെ രചയിതാവാണ്. ബേബി രചിച്ച നാടകം 'നാടുഗദ്ദിക' അടിയന്തരാവസ്ഥക്കാലത്തു കേരളമെങ്ങും അരങ്ങേറി. 2006-ൽ കനവിന്റെ പ്രവർത്തനം പൂർവവിദ്യാർത്ഥികളുടെ ട്രസ്റ്റിനു കൈമാറി. മറ്റു കൃതികൾ: അപൂർണ (നാടകം), ബെസ്പുർക്കാന, ഗുഡ്ബൈ മലബാർ.

കനവ് നിർമിച്ച 'ഗുഡ' എന്ന സിനിമ വയനാട്ടിലെ കാട്ടുനായ്ക്കർ ആദിവാസി വിഭാഗത്തിന്റെ അനുഷ്ഠാനങ്ങളെ പശ്ചാത്തലമാക്കിയുള്ളതാണ്. ആദിവാസിഭാഷ സംസാരിക്കുന്ന ഇന്ത്യയിലെ ആദ്യചിത്രം കൂടിയായ ഗുഡയ്ക്ക് സംസ്ഥാന സർക്കാരിന്റെ സ്പെഷൽ ജൂറി പുരസ്കാരം ലഭിച്ചു.

മക്കൾ: ശാന്തിപ്രിയ, ഗീതിപ്രിയ. മരുമകൻ: സുനിൽകുമാർ (ബാലുശ്ശേരി).

# ഹേമാ കമ്മിറ്റി: പൂർണ റിപ്പോർട്ട് ഹൈക്കോടതിക്കു കൈമാറി

കൊച്ചി: മൊഴിപ്പകർപ്പുകളടക്കം ജസ്റ്റിസ് കെ. ഹേമ കമ്മിറ്റിയുടെ പൂർണ റിപ്പോർട്ട് സർക്കാർ ഹൈക്കോടതിക്കു കൈമാറി. സാംസ്കാരികവകുപ്പ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറാണു മുദ്രവെച്ച കവറിൽ റിപ്പോർട്ട് സമർപ്പിച്ചത്.

ലഭിക്കുന്ന റിപ്പോർട്ടിൽ പൂർണവിവരങ്ങളുണ്ടോയെന്നു പരിശോധിക്കണമെന്നാവശ്യപ്പെട്ട് രണ്ട് ഹർജികൾ കൂടി ഹൈക്കോടതി മുമ്പാകെയുണ്ട്. സെപ്റ്റംബർ 10-നു ഹർജികൾ വീണ്ടും പരിഗണിക്കും. റിപ്പോർട്ടിന്റെ പൂർണരൂപം തന്നെയാണോ സർക്കാർ കൈമാറിയതെന്നു സെപ്റ്റംബർ 10-നുശേഷം പരിശോധിക്കുമെന്നു സംസ്ഥാന വിവരാവകാശ കമ്മീഷൻ വൃത്തങ്ങൾ അറിയിച്ചു.

വിവരാവകാശനിയമം 8(1) ജെ പ്രകാരം വ്യക്തിവിവരങ്ങൾ കൈമാറേണ്ടതില്ല. അത്തരം വിവരങ്ങൾ ഒഴിവാക്കിയാണു റിപ്പോർട്ട് പുറത്തുവിട്ടത്. എന്നാൽ, പൂർണ റിപ്പോർട്ട് കൈമാറാനായിരുന്നു കോടതി നിർദേശം. ഒരു സൂപ്പർ താരത്തിന്റെ പേരും നടിമാരുടെ മൊഴികളിലുണ്ടെന്നാണു സൂചന. അതടക്കമുള്ള വിവരങ്ങൾ വിവരാവകാശ കമ്മീഷൻ പുറത്തുവിട്ടിരുന്നില്ല.

റിപ്പോർട്ട് നിയമവകുപ്പിന്റെ പരിശോധനയ്ക്കു നൽകിയപ്പോഴും മൊഴിപ്പകർപ്പ് ഉണ്ടായിരുന്നില്ല. അത് സാംസ്കാരികവകുപ്പിന്റെ പക്കലാണെന്നാണു സൂചന.

മൊഴിപ്പകർപ്പുകളും അനുബന്ധരേഖകളും ഉൾപ്പെടെയാണു ഹേമ കമ്മിറ്റി മുഖ്യമന്ത്രിക്കു റിപ്പോർട്ട് കൈമാറിയത്. മുഖ്യമന്ത്രിയുടെ ഓഫീസ് ഇത് സാംസ്കാരികവകുപ്പിനു കൈമാറി.

# ആരോപണത്തിന്റെ പേരിൽ മാത്രം അറസ്റ്റ് പാടില്ല: ബോംബെ ഹൈക്കോടതി

ന്യൂഡൽഹി: കുറ്റാരോപണത്തിന്റെ പേരിൽ മാത്രം പതിവുരീതിയിലുള്ള അറസ്റ്റ് പാടില്ലെന്നു ബോംബെ ഹൈക്കോടതി. ആരോപണത്തിന്റെ സത്യാവസ്ഥ ആദ്യം പോലീസ് പരിശോധിച്ചശേഷം മാത്രമേ നടപടി സ്വീകരിക്കാൻ പാടുള്ളൂവെന്നും കോടതി വ്യക്തമാക്കി. താനെയിലെ മാധ്യമപ്രവർത്തകൻ അഭിജിത് പടാലെയുടെ അറസ്റ്റ് നിയമവിരുദ്ധമാണെന്നു ചൂണ്ടിക്കാട്ടിയാണ് ഹൈക്കോടതി നിലപാട് വ്യക്തമാക്കിയത്. പടാലയ്ക്ക് 25000 രൂപ നഷ്ടപരിഹാരം നൽകാനും ഹൈക്കോടതി വിധിച്ചു.

പടാലയുടെ അറസ്റ്റിൽ അന്വേഷണം ആരംഭിക്കാൻ മുംബൈ പോലീസ് മേധാവിയോടു കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. അറസ്റ്റ് ചെയ്തതിനും അതിനെത്തുടർന്ന് മൂന്നു ദിവസം തടങ്കലിൽ വെച്ചതിനും മുംബൈ പോലീസ് നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ടാണ് പടാലെ കോടതിയെ സമീപിച്ചത്.

ക്രിമിനൽ നടപടിക്രമത്തിലെ സെക്ഷൻ 41എ പ്രകാരം അറസ്റ്റിനുമുമ്പ് പോലീസ് തനിക്കു നോട്ടീസ് നൽകാതെ അറസ്റ്റ് ചെയ്യുകയായിരുന്നുവെന്നും അതിനാൽ തന്റെ അറസ്റ്റും തടങ്കലും നിയമവിരുദ്ധമായി പ്രഖ്യാപിക്കണമെന്നും ആവശ്യപ്പെട്ടാണ് പടാലെ കോടതിയെ സമീപിച്ചത്. ഇത് അംഗീകരിച്ച കോടതി, സെക്ഷൻ 41എ പ്രകാരം മൊഴിയെടുക്കാൻ നോട്ടീസ് നൽകാമെന്നും എന്നാൽ അറസ്റ്റ് അനിവാര്യമാണെന്നു കണ്ടാൽ മാത്രമേ അറസ്റ്റ് പാടുള്ളൂവെന്നും വ്യക്തമാക്കി.

2022 ജനുവരിയിലാണ് മുഹമ്മദ് സിദ്ദിഖ് എന്നയാളുടെ പരാതിയിൽ പടാലെയെ മുംബൈപോലീസ് അറസ്റ്റ് ചെയ്തത്.

# സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഭയാനകം: രാഷ്ട്രപതി

ന്യൂഡൽഹി: കൊൽക്കത്ത ആർജി കർ മെഡിക്കൽ കോളജിൽ വനിതാ ഡോക്ടറെ കൊലപ്പെടുത്തിയ സംഭവം പരിഭ്രമവും ഭീതിയും സൃഷ്ടിക്കുന്നതാണെന്നു രാഷ്ട്രപതി ദ്രൗപദി മുർമു. സ്ത്രീകളെ ചിലർ ഉപഭോഗവസ്തുവായി മാത്രം കാണുന്നു. അവരെ ബുദ്ധിയും ശക്തിയും കുറഞ്ഞവരായും ഒരു വസ്തുവായും കാണുന്ന നിന്ദ്യമായ മാനസികാവസ്ഥയിലാണു ചിലർ. വാർത്താ ഏജൻസിയായ പിടിഐക്കു നൽകിയ പ്രസ്താവനയിൽ രാഷ്ട്രപതി പറഞ്ഞു. കൊൽക്കത്ത സംഭവത്തിൽ ആദ്യമായാണ് രാഷ്ട്രപതിയുടെ പ്രതികരണം. കൊൽക്കത്തയിലെ സംഭവം ഒറ്റപ്പെട്ടതല്ല. സ്ത്രീകൾക്കെതിരെ തുടർച്ചയായി നടക്കുന്ന കുറ്റകൃത്യങ്ങളുടെ ഭാഗമാണിത്. സമൂഹത്തിന്റെ നിന്ദ്യമായ, കൂട്ടായ ഓർമക്കുറവാണ് സ്ത്രീകളെ ക്രൂരമായി ഉപദ്രവിക്കാൻ അനുവദിക്കുന്നത്.

പെൺമക്കളെയും സഹോദരിമാരെയും ഇത്തരം ക്രൂരതകൾക്ക് വിധേയരാക്കുന്നത് ഒരു പരിഷ്കൃത സമൂഹത്തിനും അനുവദിക്കാനാകില്ല. 'നിർഭയ' സംഭവം കഴിഞ്ഞ് 12 വർഷങ്ങൾക്കുള്ളിൽ എണ്ണമറ്റ ബലാത്സംഗങ്ങളുണ്ടായി. സമൂഹം അതെല്ലാം മറന്നു. ഈ കൂട്ടായ ഓർമക്കുറവ് നിന്ദ്യമാണ്.



2012 ഡിസംബറിൽ പെൺകുട്ടി കൂട്ട ബലാത്സംഗത്തിനിരയായി കൊല്ലപ്പെട്ട സംഭവം വലിയ ഞെട്ടലും രോഷവുമുണ്ടാക്കി. ഇനിയൊരു നിർഭയയ്ക്കും ഈ ഗതി വരരുതെന്നു നമ്മൾ തീരുമാനിച്ചു. ഇതിനുള്ള നടപടികളെടുത്തു. ഈ നീക്കങ്ങൾ ഒരു പരിധിവരെ മാറ്റമുണ്ടാക്കി. എന്നാൽ, ഏതെങ്കിലും സ്ത്രീക്ക് താൻ സുരക്ഷിതയല്ലെന്നു തോന്നുന്നിടത്തോളം ദൗത്യം പൂർത്തിയാകാതെ തുടരും.

12 വർഷത്തിനിടയിൽ നിരവധി ദുരന്തങ്ങളുണ്ടായി. ചിലതു മാത്രമാണു രാജ്യവ്യാപകമായി ശ്രദ്ധിക്കപ്പെട്ടത്. ഇവ പോലും പെട്ടെന്ന് മറന്നു. നമ്മൾ പാഠം പഠിച്ചോ? ഏതാനും ആഴ്ചത്തെ പ്രതിഷേധങ്ങൾക്കു ശേഷം എല്ലാം മറക്കുന്നു.

ചരിത്രത്തെ അഭിമുഖീകരിക്കാൻ ഭയപ്പെടുന്ന സമൂഹങ്ങൾ മാത്രമാണ് ഇത്തരം കൂട്ടായ ഓർമ്മക്കുറവിലേക്കു തിരിയുന്നത്. ഇന്ത്യാ ചരിത്രത്തെ ഉചിതമായി നേരിടണം. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തുടക്കത്തിലെ തടയാൻ വിഷയത്തെ സമഗ്രമായി കൈകാര്യം ചെയ്യണം- രാഷ്ട്രപതി പറഞ്ഞു. ഉത്തരാഖണ്ഡിലും മഹാരാഷ്ട്രയിലും നേഴ്സുമാർ ബലാത്സംഗം ചെയ്യപ്പെട്ടതും മലയാള സിനിമാമേഖലയിൽ ഉയർന്ന ലൈംഗികാരോപണങ്ങളും അടക്കമുള്ള സംഭവങ്ങളെയും രാഷ്ട്രപതി പരോക്ഷമായി വിമർശിച്ചു.

# വയനാട് പുനരധിവാസം: ഒറ്റനില വീടുകൾ നിർമിക്കും

തിരുവനന്തപുരം: വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിന്റെ ഭാഗമായി 1000 ചതുരശ്ര അടി വിസ്തീർണമുള്ള ഒറ്റനില വീട് നിർമിച്ചു നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ഭാവിയിൽ രണ്ടാമത്തെ നിലകൂടി കെട്ടാൻ സൗകര്യമുള്ള രീതിയിലാകും അടിത്തറ. വയനാട് പുനരധിവാസവുമായി ബന്ധപ്പെട്ട സർവകക്ഷിയോഗത്തിലായിരുന്നു മുഖ്യമന്ത്രിയുടെ ഉറപ്പ്.

വീടുകൾ ഒരേ രീതിയിലാകും നിർമിക്കുക. ഗുണനിലവാരം ഉറപ്പുവരുത്തും. വിലങ്ങാട് ദുരന്തബാധിതർക്കും പുനരധിവാസം ഉറപ്പാക്കും. വിലങ്ങാട് മനുഷ്യജീവൻ നഷ്ടപ്പെടാതിരുന്നത് സാമൂഹിക ഇടപെടൽകൊണ്ടു കൂടിയാണ്. അത്തരത്തിൽ ദുരന്തമേഖലയിൽ ഇടപെടാൻ ആവശ്യമായ ബോധവത്കരണ സംവിധാനമൊരുക്കും.

പുനരധിവാസ സ്ഥലത്ത് ആവശ്യമായ പൊതു ക്രമീകരണങ്ങൾ ഉണ്ടാകും. വീട് നഷ്ടപ്പെട്ടവർക്കാണു പുനരധിവാസത്തിൽ മുൻഗണന നൽകുക. മാറിത്താമസിക്കേണ്ടി വന്നവരെ രണ്ടാം ഘട്ടത്തിൽ പരിഗണിക്കും. പുനരധിവാസ പാക്കേജിൽ ജീവനോപാധി ഉറപ്പാക്കും. തൊഴിലെടുക്കാൻ കഴിയുന്ന പരമാവധി പേർക്കു തൊഴിൽ ഉറപ്പുവരുത്തും. എല്ലാ സ്ത്രീകൾക്കും താത്പര്യമുള്ള തൊഴിലിൽ ഏർപ്പെടുന്നതിന് ആവശ്യമായ പരിശീലനവും നൽകും. വാടകക്കെട്ടിടങ്ങളിൽ കച്ചവടം നടത്തുന്നവരെക്കൂടി പുനരധിവാസത്തിന്റെ ഭാഗമായി സംരക്ഷിക്കും.

ബാങ്കുകളിൽനിന്നും സ്വകാര്യ മേഖലയിൽനിന്നും കടം എടുത്തവരുണ്ട്. അവ എഴുതിത്തള്ളുകയെന്ന പൊതുനിലപാടിലാണു ബാങ്കിംഗ് മേഖല ഇപ്പോഴുള്ളത്. ഇക്കാര്യത്തിൽ അവസാന തീരുമാനം ബാങ്ക് ഭരണ സമിതികളിലാണ് ഉണ്ടാകേണ്ടത്.

റിസർവ് ബാങ്കിനെയും കേന്ദ്ര ധനമന്ത്രാലയത്തെയും ഇക്കാര്യത്തിൽ ബന്ധപ്പെടും. സ്വകാര്യ വ്യക്തികൾക്ക് കടം ഈടാക്കുന്നതു പൊതുധാരണയ്ക്കെതിരായതിനാൽ ജില്ലാ ഭരണകൂടം ശക്തമായി ഇടപെടും.

പ്രത്യേക പാക്കേജാണു കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നത്. നല്ല മനസോടെയാണു മിക്കവരും സ്പോൺസർഷിപ്പുമായി വരുന്നതെന്നും സ്പോൺസർമാരെ ഏകോപിപ്പിക്കാനുള്ള ശ്രമം നടത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

# സമിതികൾ പലത്; സ്ഥിരാംഗമായി ഒരാൾ

തിരുവനന്തപുരം: പൊതു വിദ്യാഭ്യാസ സംരക്ഷണം ലക്ഷ്യമിട്ട് 2016 മുതൽ സർക്കാർ നിയമിക്കുന്ന വിദഗ്ധ സമിതികളിലെല്ലാം സ്ഥിരമായി ഒരാൾ തന്നെ അംഗമായതിനെ ചൊല്ലി വിവാദം. റിട്ട. ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പലും ഇടതുപക്ഷ സഹയാത്രികനുമായ ഡോ. സി. രാമകൃഷ്ണനാണ് വിവിധ കമ്മിറ്റികളിൽ നിയമിക്കപ്പെട്ടത്. 2017 മുതൽ ഇദ്ദേഹം പ്രതിഫലമായി 42 ലക്ഷം രൂപ കൈപ്പറ്റി. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, വിദ്യാകിരണം, ഖാദർ കമ്മിറ്റി, പാഠ്യപദ്ധതി പരിഷ്കരണ കമ്മിറ്റി തുടങ്ങിയവയിലാണ് ഇദ്ദേഹം അംഗമായിരുന്നത്. വിവിധ കമ്മിറ്റികളിൽ ഒരാളെ തന്നെ സർക്കാർ നിയമിക്കുന്നത് ശരിയല്ലെന്നാണ് അധ്യാപക സംഘടനകളുടെ വാദം. ഇപ്പോൾ കരിക്കുലം സ്റ്റീയറിങ് കമ്മിറ്റിയിലും പാഠപുസ്തക നിർമാണ കമ്മിറ്റിയിലും അംഗമാണ് രാമകൃഷ്ണൻ.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ രാമകൃഷ്ണനു 2017 മുതൽ 2021 വരെ ശമ്പളമായി 24 ലക്ഷം രൂപയും യാത്രാബത്തയായി 1,15,986 രൂപയും നൽകി. വിദ്യാകിരണം പദ്ധതിയുടെ അസിസ്റ്റന്റ് കോ-ഓർഡിനേറ്ററായും അദ്ദേഹം പ്രവർത്തിച്ചു. ശമ്പള ഇനത്തിൽ 12,42,000 രൂപയും യാത്രാബത്തയായി 38,180 രൂപയും അനുവദിച്ചു. ആ സമയത്തുതന്നെ അദ്ദേഹത്തെ സ്കൂൾ ഏകീകരണ കോർ കമ്മിറ്റി അംഗമായും നിയമിച്ചു. ഇതിന്റെ സിറ്റിങ് ഫീസായി 1,96,000 രൂപയും യാത്രാബത്തയായി 61,476 രൂപയും സിറ്റിങ്ങുകളിൽ പങ്കെടുത്തതിനു 9,431 രൂപയും അനുവദിച്ചു.

ഖാദർ കമ്മിറ്റി അംഗമായ സി. രാമകൃഷ്ണൻ 76 സിറ്റിങ്ങിനു 1,52,000 രൂപയും യാത്രാബത്തയിനത്തിൽ 16,838 രൂപയും കൈപ്പറ്റി. ഇദ്ദേഹത്തെയും മറ്റൊരു ഖാദർ കമ്മിറ്റി അംഗമായ ജ്യോതി ചൂഡനെയും റിപ്പോർട്ടിൻമേലുള്ള തുടർനടപടികൾക്കായി കെഇആർ പരിഷ്കരണത്തിനും നിയോഗിച്ചു. കോർ കമ്മിറ്റി അംഗങ്ങൾക്ക് സിറ്റിങ് ഒന്നിന് പ്രതിദിനം 2000 രൂപയും യാത്രാബത്തയും നൽകിയിരുന്നു. ഈ ഇനത്തിൽ രാമകൃഷ്ണനു 70,907 രൂപ യാത്രാബത്തയായും 1,96,000 രൂപ സിറ്റിങ് ഫീസായും നൽകി. ജ്യോതി ചൂഡനു 1,40,000 രൂപ സിറ്റിങ് ഫീസ് ഇനത്തിലും നൽകിയിട്ടുണ്ട്. എം.എ. ബേബി വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോൾ പ്രൈവറ്റ് സെക്രട്ടറിയായിരുന്നു രാമകൃഷ്ണൻ.






# മാർ ജോസഫ് പെരുന്തോട്ടം

# സമുദായ ശാക്തീകരണത്തിന്റെ മുന്നണി പോരാളി

**ഫാ. ജെയിംസ് കൊക്കാവയലിൽ,**

**അഡ്വ. ജോജി ചിറയിൽ**

ചങ്ങനാശേരി ആർച്ച്ബിഷപ് എന്ന നിലയിലുള്ള ഔദ്യോഗിക ശുശ്രൂഷകളിൽ നിന്നു വിരമിക്കുന്ന മാർ ജോസഫ് പെരുന്തോട്ടം സമുദായ ശാക്തീകരണത്തിന് നല്കിയ സംഭാവനകൾ കേരള ക്രൈസ്തവർക്ക് വിസ്മരിക്കാനാവില്ല. കേരള ക്രൈസ്തവർ സമുദായതലത്തിൽ അഭിമുഖീകരിക്കുന്ന



എല്ലാ വിഷയങ്ങൾക്കും അദ്ദേഹം വളരെയധികം പ്രാധാന്യം കൊടുത്തു. കേരള സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമ പദ്ധതികളിൽ ക്രൈസ്തവർ നേരിടുന്ന വിവേചനങ്ങൾക്കെതിരെ (80:20) മെത്രാന്മാരുടെ ഇടയിൽ നിന്ന് ആദ്യമായി ശബ്ദമുയർത്തിയത് പെരുന്തോട്ടം പിതാവാണ്. 2019 മാർച്ച് ഏഴിന് കോട്ടയം തിരുനക്കര മൈതാനിയിൽ ഈ വിവേചനങ്ങളെ അദ്ദേഹം പരസ്യമായി ചോദ്യം ചെയ്തു.

സമുദായമുന്നേറ്റം ലക്ഷ്യമാക്കി കേരളസഭയിൽ ആദ്യമായി ഒരു ഡിപ്പാർട്ട്മെന്റ് ആരംഭിച്ചത് ചങ്ങനാശേരി അതിരൂപതയിലാണ്. 2019 സെപ്റ്റംബർ 14-ന് ശനിയാഴ്ച വിശുദ്ധ കുരിശിന്റെ തിരുനാൾ ദിവസം ആരംഭിച്ച CARP-ഡിപ്പാർട്ടുമെന്റ് ഓഫ് കമ്യൂണിറ്റി അവേർനസ് ആൻഡ് റൈറ്റ്സ് പ്രൊട്ടക്ഷൻ എന്ന ഡിപ്പാർട്ടുമെന്റ് സമുദായ ശാക്തീകരണം, ന്യൂനപക്ഷ ആനുകൂല്യങ്ങൾ, ഇഡബ്ല്യുഎസ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് ശക്തമായി പ്രവർത്തിക്കുന്നു. കേരള സർക്കാർ ഇഡബ്ല്യുഎസ് നടപ്പാക്കിയതിനെതിരെ പ്രതിഷേധം ശക്തമായപ്പോൾ സർക്കാർ നടപടിയെ പിന്തുണച്ചുകൊണ്ട് 'സാമ്പത്തിക സംവരണത്തെ ച്ചൊല്ലി എന്തിന് അസ്വസ്ഥത?'എന്ന പേരിൽ പിതാവ് 2020 ഒക്ടോബർ 28 -ന് എഴുതിയ ലേഖനം സകല പ്രതിഷേധങ്ങളുടെയും മുനയൊടിക്കാൻ പോന്നതായിരുന്നു. ഈ ലേഖനം കേരള സമൂഹത്തിൽ വലിയ കോളിളക്കം സൃഷ്ടിച്ചു.

സുറിയാനി സഭകളിലെ നാടാർ ക്രിസ്ത്യൻസ്, കമ്മാളർ ക്രിസ്ത്യൻസ് എന്നിവർക്ക് ഒബിസി സംവരണം ലഭ്യമാക്കാൻ പിതാവ് മറ്റ് പിതാക്കന്മാരോട് ചേർന്ന് കഠിനമായി പ്രയത്നിക്കുകയും നാടാർ ക്രൈസ്തവർക്ക് ഒബിസി സംവരണം ലഭ്യമാകുകയും ചെയ്തു. ദളിത് ക്രൈസ്തവർക്ക് പട്ടികജാതി സംവരണം ലഭ്യമാക്കണമെന്നതും പിതാവ് ശക്തമായി ഉന്നയിക്കുന്ന ആവശ്യമാണ്. ഇതിനായി ജസ്റ്റിസ് ബാലകൃഷ്ണൻ പിതാവ് നിവേദനം സമർപ്പിച്ചു. അതിരൂപതാ എയിഡഡ് സ്കൂൾ നിയമനങ്ങളിൽ 10 ശതമാനം അതിരൂപതാംഗങ്ങളായ ദളിത് ക്രൈസ്തവർ, നാടാർ, കമ്മാളർ ക്രൈസ്തവർ എന്നിവർക്കായി മാറ്റിവെച്ചിരിക്കുന്നു.

ക്രൈസ്തവ പിന്നോക്കാവസ്ഥ പഠിക്കാൻ നിയമിക്കപ്പെട്ട ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ പിതാവിന്റെ ആവശ്യപ്രകാരം കുട്ടനാട്ടിൽ പ്രത്യേക സിറ്റിംഗ് വെക്കുകയും പിതാവ് നിവേദനം നല്കുകയും ചെയ്തു. 2019 ഡിസംബർ 20-ന് ക്രിസ്ത്യൻ പിന്നാക്കാവസ്ഥ പഠിക്കാൻ ഒരു ജുഡീഷ്യൽ കമ്മീഷനെ നിയമിക്കണമെന്നും ഇഡബ്ല്യുഎസ് കേരളത്തിൽ നടപ്പാക്കണമെന്നും ന്യൂനപക്ഷ ക്ഷേമപദ്ധതികളിലെ 80:20 എന്ന അനീതിപരമായ അനുപാതം അവസാനിപ്പിക്കണമെന്നും മറ്റും ആവശ്യപ്പെട്ട് ഒരു ലക്ഷത്തിലധികം പേരുടെ ഒപ്പോടുകൂടിയ നിവേദനം മുഖ്യമന്ത്രിക്ക് സമർപ്പിച്ചതും പിതാവാണ്.

2022-ൽ അതിരൂപത മുഴുവനും സർവേ നടത്തുകയും സമുദായത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയും ചെയ്തു. സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസിനെ ശക്തിപ്പെടുത്തുകയും നിർണായക പരിശ്രമങ്ങൾ നടത്തുകയും ചെയ്തു. ബിസിനസുകാർക്കായി കാത്തലിക് അസോസിയേഷൻ ഓഫ് ബിസിനസ്മെൻ-CAB എന്ന സംഘടന ആരംഭിച്ചു. നെസ്റ്റ് 2023, വിംഗ്സ് 2.0 എന്ന സംരംഭകത്വ പരിശീലന പരിപാടികളുടെ പ്രേരകശക്തി പിതാവാണ്.

കുടുംബപ്രേഷിതത്വം പിതാവ് പ്രത്യേകം ശ്രദ്ധ പതിപ്പിച്ച മേഖലയാണ്. 2014 കുടുംബ വിശുദ്ധീകരണ വർഷമായി ആചരിച്ച് വലിയ കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഹോളി ഫാമിലി ഫ്രട്ടേണിറ്റി എന്ന പേരിൽ അവർക്കായി ഒരു കൂട്ടായ്മ ആരംഭിക്കുകയും പിതൃസ്വത്തിലെ തന്റെ ഓഹരി വിറ്റുകിട്ടിയ 50 ലക്ഷം രൂപ ഈ പദ്ധതിക്കായി പിതാവ് സമർപ്പിക്കുകയും ചെയ്തു.

കുടുംബ കൂട്ടായ്മകളെ ശക്തിപ്പെടുത്താൻ അതിരൂപതാതലത്തിൽ പ്രത്യേക ഡിപ്പാർട്ട്മെന്റ് ആരംഭിച്ചതിന്റെ പിന്നിലെ പ്രേരകശക്തിയും പെരുന്തോട്ടം പിതാവായിരുന്നു. കൂട്ടായ്മാ ലീഡേഴ്സിന്റെ പരിശീലനം ആരംഭിച്ചു. പാരിഷ് കൗൺസിൽ അംഗങ്ങളെയും സംഘടനാ നേതാക്കളെയും തെരഞ്ഞെടുക്കുന്നത് കൂട്ടായ്മയുമായി ബന്ധപ്പെട്ടായിരിക്കണമെന്നു പിതാവ് നിഷ്കർഷിച്ചു. അല്മായ ശാക്തീകരണത്തിൽ പിതാവ് എന്നും ശ്രദ്ധ പതിപ്പിച്ചിരുന്നു.

കൃഷിയെയും കർഷകരെയും പിതാവ് വളരെയേറെ സ്നേഹിക്കുകയും കുട്ടനാട്ടിലെ കർഷകർക്കുവേണ്ടി നിലകൊള്ളുകയും ചെയ്തു. കുട്ടനാടിന്റെ വികസനത്തിന് KRRIS സൊസൈറ്റി ആരംഭിച്ചു. ചാസിലൂടെയും ധാരാളം കൃഷിപ്രോത്സാഹന പദ്ധതികൾ നടത്തിവരുന്നു. തെക്കൻ മേഖലയിലെ കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി TAASC എന്ന സൊസൈറ്റിയും ആരംഭിച്ചു. 2020-ൽ ആലപ്പുഴയിൽ കർഷകരുടെ സമരത്തിനു പിതാവ് നേതൃത്വം നല്കി. പിതാവ് പ്രകൃതിയെ വളരെയേറെ സ്നേഹിക്കുകയും പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നല്കുകയും ചെയ്യുന്നു. അതിരൂപതാഭവനവും ചുറ്റുപാടുകളും പരിസ്ഥിതി സൗഹൃദമാക്കുവാനും ജൈവവാവിധ്യം രൂപപ്പെടുത്തുവാനും പിതാവ് പരിശ്രമിക്കുന്നു.



മാർ ജോസഫ് പെരുന്തോട്ടം മുൻഗാമി മാർ ജോസഫ് പവ്വത്തിലിനും പിൻഗാമി മാർ തോമസ് തറയിലിനുമൊപ്പം

മാർ മാത്യു കാവുകാട്ട് പിതാവിന്റെ ഓർമ നിലനിർത്താൻ ചങ്ങനാശേരിയിൽ കാവുകാട്ട് മ്യൂസിയം നിർമാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. കൂടാതെ, പ്രവിത്താനത്തുള്ള കാവുകാട്ട് പിതാവിന്റെ ജന്മഗൃഹം വാങ്ങി പരിരക്ഷിക്കുന്നു. ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളി സമുച്ചയത്തിലുള്ള കബറിടപ്പള്ളി പുനരുദ്ധരിച്ചു. അതിരൂപതയുടെ ശതോത്തര രജതജൂബിലി ആചരിക്കുകയും ചരിത്രസ്മരണിക പുറത്തിറക്കുകയും ചെയ്തു. ചരിത്രസംരക്ഷണത്തിനായി ഹിസ്റ്ററി കമ്മീഷനും ഹിസ്റ്ററി ഡിപ്പാർട്ടുമെന്റും MARIOS-ഉം ആരംഭിച്ചു.



# ഐഎൻഎസ് അരിഘട്ട് കമ്മീഷൻ ചെയ്തു

ന്യൂഡൽഹി: ഇന്ത്യയുടെ രണ്ടാമത്തെ ആണവ മിസൈൽ അന്തർവാഹിനി 'ഐഎൻഎസ് അരിഘട്ട്' പ്രതിരോധമന്ത്രി രാജ്നാഥ് സിങ് കമ്മീഷൻ ചെയ്തു. ആണവപ്രതിരോധരംഗത്ത് ഇത് ഇന്ത്യക്ക് പുതിയ കരുത്താകും.

ഐഎൻഎസ് അരിഘട്ട് ഇന്ത്യയുടെ ആണവപ്രതിരോധം വർധിപ്പിക്കുമെന്ന് വിശാഖപട്ടണത്തു നടന്ന ചടങ്ങിൽ പ്രതിരോധമന്ത്രി രാജ്നാഥ് സിങ് പറഞ്ഞു. ഇത് മേഖലയിൽ തന്ത്രപരമായ സന്തുലിതാവസ്ഥയും സമാധാനവും സ്ഥാപിക്കാൻ സഹായിക്കുമെന്നും ഇന്ത്യയുടെ സുരക്ഷയിൽ നിർണായക പങ്കുവഹിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. ഇന്ത്യൻ സ്ട്രാറ്റജിക് കമാൻഡ് മേധാവി വൈസ് അഡ്മിറൽ സൂരജ് ബെറി, നാവികസേനാമേധാവി അഡ്മിറൽ ദിനേഷ് ത്രിപാഠി, ഡിആർഡിഒ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

ശത്രുക്കളെ നശിപ്പിക്കുന്നവൻ എന്നർത്ഥമുള്ള അരിഹന്ത് ഗണത്തിൽപ്പെട്ട രണ്ടാമത്തെ അന്തർവാഹിനിയാണിത്. വിശാഖപട്ടണത്തെ കപ്പൽ നിർമാണശാലയിൽ നിർമിച്ച അരിഘട്ടിന് കടലിനടിയിൽ 24 നോട്ട് (മണിക്കൂറിൽ 44 കിലോമീറ്റർ) വരെയും ഉപരിതലത്തിൽ 12-15 നോട്ട് (22-28 കിലോമീറ്റർ) വരെയും വേഗത്തിൽ സഞ്ചരിക്കാനാകും. ഐഎൻഎസ് അരിഹന്തിനു സമാനമായ ഉപരിതലപ്രതലമുള്ള അരിഘട്ടിന് നാല് വിക്ഷേപണ ട്യൂബുകളാണുള്ളത്.

6000 ടൺ ഭാരമുള്ള അരിഘട്ടിൽ 750 കിലോമീറ്റർ ദൂരപരിധിയുള്ള കെ-15 ബാലിസ്റ്റിക് മിസൈലുകളും 3500 കിലോമീറ്റർ ദൂരപരിധിയുള്ള കെ-4 മിസൈലുകളും വഹിക്കാനാകും.

83 മെഗാവാട്ട് പ്രഷറൈസ്ഡ് ലൈറ്റ്-വാട്ടർ റിയാക്ടറുകളാൽ പ്രചോദിപ്പിക്കപ്പെടുന്ന അരിഘട്ടിന് കൂടുതൽ കാലം വെള്ളത്തിനടിയിൽ തുടരാനാകുമെന്നതാണ് നേട്ടം. ഇന്ത്യയുടെ സ്ട്രാറ്റജിക് കമാൻഡിനു കീഴിലായിരിക്കും അരിഘട്ട് പ്രവർത്തിക്കുക.



ഇന്ത്യയുടെ രണ്ടാം ആണവ അന്തർവാഹിനി ഐഎൻഎസ് അരിഘട്ട് വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്യുന്ന ചടങ്ങിൽ പങ്കെടുക്കാനെത്തിയ കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിങ്

# നഗരങ്ങളിൽ വീട് നിർമാണത്തിന് ഇളവ്

തിരുവനന്തപുരം: കോർപ്പറേഷൻ, മുനിസിപ്പൽ മേഖലകളിൽ രണ്ട് സെന്റ് വരെയുള്ള ഭൂമിയിൽ നിർമിക്കുന്ന 100 ചതുരശ്രമീറ്റർ വരെയുള്ള വീടുകൾക്ക് സ്ഥലം വിടുന്നതിൽ ഇളവ്. മുന്നിൽ മൂന്നു മീറ്റർ വരെയുള്ള വഴിയാണെങ്കിൽ, ഒഴിവാക്കിയിടേണ്ട സ്ഥലം ഒരു മീറ്ററായി കുറച്ചുകൊണ്ട് ചട്ടഭേദഗതി വരുത്തുമെന്ന് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു.

താമസസൗകര്യത്തിന് വേറെ ഭൂമിയില്ലാത്ത കുടുംബങ്ങൾക്കാണ് ഇളവ് നല്കുക. തിരുവനന്തപുരം കോർപ്പറേഷൻ അദാലത്തിൽ പരാതിയുമായെത്തിയ നേമം സ്വദേശികളുടെ പരാതി പരിഗണിച്ചാണ് മന്ത്രിയുടെ നിർദേശം. വലിയ പ്ലോട്ടുകൾക്ക് രണ്ട് മീറ്ററും മൂന്നു സെന്റിൽ താഴെയുള്ള പ്ലോട്ടുകൾക്ക് 1.8 മീറ്ററുമായിരുന്നു നിലവിൽ റോഡിൽ നിന്നുള്ള ഫ്രണ്ട് സെറ്റ്ബാക്ക് നിശ്ചയിച്ചിരുന്നത്.

# ഓണച്ചെലവിന് 753 കോടി കടമെടുക്കുന്നു

തിരുവനന്തപുരം: ഓണക്കാല ചെലവുകൾക്ക് 753 കോടി രൂപ കൂടി കടമെടുക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. നേരത്തെ 3000 കോടി രൂപ എടുത്തതിനു പുറമെയാണിത്. റിസർവ് ബാങ്ക് ഇറക്കുന്ന കടപ്പത്രങ്ങളുടെ ലേലം സെപ്റ്റംബർ രണ്ടിന് നടക്കും.

ഇതോടെ ഡിസംബർ വരെ കേന്ദ്രസർക്കാർ എടുക്കാൻ അനുവദിച്ച 21,253 കോടി രൂപയുടെ വായ്പ മുഴുവൻ എടുത്തുതീരും. ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലേക്ക് നിലവിൽ വായ്പയെടുക്കാനാവില്ല.

എന്നാൽ, പബ്ലിക് അക്കൗണ്ടിൽ എ.ജിയുടെ അന്തിമ കണക്കനുസരിച്ച് നാലായിരം കോടി രൂപയ്ക്കു കൂടി അർഹതയുണ്ട്. ഇതിനുള്ള അപേക്ഷ സംസ്ഥാനം നല്കിയിട്ടുണ്ട്. ഇതിൽ കേന്ദ്രത്തിന്റെ തീരുമാനമായിട്ടില്ല.

# ഗൗതം അദാനി ഇന്ത്യയിലെ ഏറ്റവും വലിയ ശതകോടീശ്വരൻ

കൊച്ചി: അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനി 11.6 ലക്ഷം കോടി രൂപയുടെ ആസ്തിയുമായി ഈ വർഷത്തെ ഹുറുൺ ഇന്ത്യ സമ്പന്നപട്ടികയിൽ ഒന്നാം സ്ഥാനത്തെത്തി. 10.1 ലക്ഷം കോടി രൂപയുടെ ആസ്തിയുള്ള റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് അംബാനി(67)യെ രണ്ടാം സ്ഥാനത്തേക്ക് അദാനി പിന്തള്ളി.



എച്ച്സിഎൽ മേധാവി ശിവ് നാടാർ (3.1 ലക്ഷം കോടി രൂപ), സെറം മേധാവി സൈറസ് പൂനാവാല (2.9 ലക്ഷം കോടി രൂപ), സൺ ഫാർമയുടെ ദിലീപ് സാങ്വി (2.5 ലക്ഷം കോടി രൂപ) എന്നിവരാണ് മൂന്നു മുതൽ അഞ്ചുവരെ സ്ഥാനങ്ങളിൽ. ഐപിഎൽ ടീമായ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന്റെ മൂല്യം ഉയർന്നതോടെ, അതിന്റെ ഉടമയായ ബോളിവുഡ് താരം ഷാരൂഖ് ഖാൻ പട്ടികയിൽ ഇടം പിടിച്ചു. മലയാളികളിൽ ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി ഒന്നാം സ്ഥാനം നിലനിർത്തി. പട്ടിക പ്രകാരം 55,000 കോടി രൂപയാണ് അദ്ദേഹത്തിന്റെ ആസ്തി.

# ആയോധന കലകൾക്കായി രാഹുലിന്റെ ഭാരത് ഡോജോ

ന്യൂഡൽഹി: ആയോധന കലകളുടെ പ്രചാരണത്തിനടക്കം 'ഭാരത് ഡോജോ യാത്ര' ഉടൻ വരുന്നുവെന്ന് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. ആയോധന കലകൾക്കായുള്ള സ്കൂളിനെയോ, പരിശീലന ഹാളിനെയോ സൂചിപ്പിക്കുന്നതാണ് ഡോജോ. ഈ വർഷമാദ്യം സമാപിച്ച രണ്ടു മാസത്തോളം നീണ്ട 'ഭാരത് ജോഡോ ന്യായ് യാത്ര'യ്ക്കിടെ താൻ ആയോധനകല പരിശീലിക്കുന്നതിന്റെ വീഡിയോ സമൂഹമാധ്യമമായ എക്സിൽ പങ്കുവെച്ചുകൊണ്ടാണ് രാഹുൽ ഇക്കാര്യം അറിയിച്ചത്.

ആയിരക്കണക്കിന് കിലോമീറ്ററുകൾ താണ്ടിയ ഭാരത് ജോഡോ ന്യായ് യാത്രയ്ക്കിടെ എല്ലാ വൈകുന്നേരവും ക്യാമ്പ് സൈറ്റിൽ ജിയു-ജിറ്റ്സു ആയോധനകല പരിശീലിക്കുന്നത് ദിനചര്യയായിരുന്നുവെന്ന് രാഹുൽ അറിയിച്ചു. ഫിറ്റ്നസ് നിലനിർത്താനുള്ള ലളിതമായ മാർഗം ഒരു സമൂഹപ്രവർത്തനമായി പരിണമിച്ചു. ഓരോ ദിവസവും താമസിച്ചിരുന്ന പട്ടണങ്ങളിൽനിന്നുള്ളവരും സഹയാത്രികരും യുവ ആയോധനകല വിദ്യാർത്ഥികളും തന്നോടൊപ്പം ജിയു-ജിറ്റ്സു പരിശീലിച്ചിരുന്നുവെന്ന് രാഹുൽ വിശദീകരിച്ചു.

ഐക്കിഡോയിൽ ബ്ലാക്ക് ബെൽറ്റും ജിയു-ജിറ്റ്സുവിൽ ബ്ലൂ ബെൽറ്റും ആണെന്ന് രാഹുൽ പറയുന്നതു വീഡിയോയിൽ കേൾക്കാം. എട്ടു മിനിറ്റ് ദൈർഘ്യമുള്ള വീഡിയോയിൽ കുട്ടികളെ വിവിധ വിദ്യകൾ അദ്ദേഹം പഠിപ്പിക്കുന്നതും കാണാം. ധ്യാനം (മെഡിറ്റേഷൻ), ജിയു-ജിറ്റ്സു, ഐക്കിഡോ, സംഘർഷ ലഘൂകരണത്തിനുള്ള അഹിംസാത്മക വിദ്യകൾ എന്നിവയെ സമന്വയിപ്പിക്കുന്ന 'ജെന്റിൽ ആർട്ടി'ന്റെ സൗന്ദര്യം യുവമനസുകളെ പരിചയപ്പെടുത്തുക എന്നതായിരുന്നു ലക്ഷ്യം.



അക്രമത്തെ പരിവർത്തനം ചെയ്യുന്നതിന്റെ മൂല്യം ചെറുപ്പക്കാരിൽ വളർത്താനാണു തങ്ങൾ ലക്ഷ്യമിട്ടത്. കൂടുതൽ അനുകമ്പയുള്ളതും സുരക്ഷിതവുമായ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിനുള്ള ഉപകരണങ്ങൾ യുവാക്കൾക്കു നൽകി. അക്രമത്തെ സൗമ്യതയിലേക്കു പരിണാമം ചെയ്യുന്നതിനു വേണ്ടിയാണിതെന്നും രാഹുൽ ഗാന്ധി വ്യക്തമാക്കി.

2022 സെപ്റ്റംബറിനും 2023 ജനുവരിക്കുമിടയിൽ മണിപ്പൂരിൽനിന്നു മുംബൈയിലേക്കു നടത്തിയ ഭാരത് ജോഡോ യാത്ര പൂർത്തിയാക്കി മാസങ്ങൾക്കുശേഷമാണ് രാഹുൽ ഇക്കാര്യം വിശദീകരിച്ചു വീഡിയോ പങ്കുവെച്ചത്. ദേശീയ കായികദിനത്തിൽ തങ്ങളുടെ അനുഭവം പങ്കിടാൻ ആഗ്രഹിക്കുന്നു എന്ന അറിയിപ്പോടെയാണു വീഡിയോ ഷെയർ ചെയ്തത്. 'സൗമ്യമായ കല' പരിശീലിക്കാൻ ചിലരെയെങ്കിലും ഈ വീഡിയോ പ്രചോദിപ്പിക്കുമെന്നും പ്രതീക്ഷിക്കുന്നുവെന്നും രാഹുൽ പറഞ്ഞു.


FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com



ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ഡിട്രോയിറ്റ് സെ. മേരീസിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാൾ ആഘോഷിച്ചു

ജെയിസ് കണ്ണച്ചാൻപറമ്പിൽ

ഡിട്രോയിറ്റ്: ഡിട്രോയിറ്റ് സെ. മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ഭക്തിയോടെ ആഘോഷിച്ചു.

ഓഗസ്റ്റ് 9-ന് വെള്ളിയാഴ്ച 7 മണിക്ക് തിരുക്കർമ്മങ്ങൾ ആരംഭിച്ചു. പ്രസുദേന്തി വാഴ്ച, തിരുനാൾ കൊടിയേറ്റ്, പരേതരുടെ ഓർമ്മയ്ക്കായി ഇടവക വികാരി റവ.ഫാ. ജോസഫ് തറയ്ക്കൽ വിശുദ്ധ കുർബാന അർപ്പിച്ചു.

ഓഗസ്റ്റ് 10-ന് ശനിയാഴ്ച 5.30-ന് തിരുക്കർമ്മങ്ങൾ ആരംഭിച്ചു. ലദീഞ്ഞ്, വി. കുർബാനയ്ക്ക് റവ.ഫാ. ജോസഫ് ജെമി പുതുശേരിൽ മുഖ്യകാർമ്മികത്വം വഹിച്ചു. റവ.ഫാ. ജോസഫ് തറയ്ക്കൽ, റവ.ഫാ. വിൽസൺ കണ്ടൻകരി (തിരുനാൾ സന്ദേശം) എന്നിവർ സഹകാർമ്മികത്വം വഹിച്ചു. ദേവാലയത്തിനു ചുറ്റും നടത്തിയ പ്രദക്ഷിണത്തിൽ ഇടവകജനം ഭക്തിയോടെ സംബന്ധിച്ചു.

തിരുക്കർമ്മങ്ങൾക്കു ശേഷം കലാസന്ധ്യയും സ്നേഹവിരുന്നും ഉണ്ടായിരുന്നു. കലാസന്ധ്യയ്ക്ക് നെവിൻ വല്ലാട്ടിൽ നടത്തിയ വല്ലാടൻ ലൈവ് (ഡിജെ) വളരെ ആകർഷണീയമായിരുന്നു.

ഓഗസ്റ്റ് 11-ന് ഞായറാഴ്ച രാവിലെ 10 മണിക്ക് തിരുക്കർമ്മങ്ങൾ ആരംഭിച്ചു. തിരുനാൾ റാസ കുർബാനയ്ക്ക് ഇടവക വികാരി റവ.ഫാ. ജോസഫ് തറയ്ക്കൽ മുഖ്യകാർമ്മികത്വം വഹിച്ചു. റവ.ഫാ. ജോയി ചക്കിയാൻ, റവ.ഫാ. ഡിജൻ മൈക്കിൾ ഒഎഫ്എം ക്യാപ്, റവ.ഫാ. ജോസഫ് ജെമി പുതുശേരിൽ (തിരുനാൾ സന്ദേശം) എന്നിവർ സഹകാർമ്മികത്വം വഹിച്ചു.

സെ. മേരീസ് ക്വയർ അംഗങ്ങൾ ഗാനശുശ്രൂഷകൾക്ക് നേതൃത്വം നല്കി. തുടർന്ന് തിരുനാൾ പ്രദക്ഷിണവും നടത്തപ്പെട്ടു. ദേവാലയത്തിനു ചുറ്റും നടത്തിയ പ്രദക്ഷിണത്തിൽ മോ ടൗൺ മേളം (ഡിട്രോയിറ്റ്) ടീമിന്റെ ചെണ്ടമേളം പ്രദക്ഷിണത്തിനു കൊഴുപ്പേകി.



ഇടവക വികാരി റവ.ഫാ. ജോസഫ് തറയ്ക്കൽ, കൈക്കാരന്മാരായ സെബാസ്റ്റ്യൻ വഞ്ചിത്താനത്ത്, സേവ്യർ തോട്ടം, പാരിഷ് കൗൺസിൽ അംഗങ്ങളുടെയും, പ്രസുദേന്തിമാരായ അലീഷ്യ വഞ്ചിത്താനത്ത്, എയ്ഞ്ചൽ തൈമാലിൽ, അനു മൂലക്കാട്ട്, ആഷ്‌ലി ചെറുവള്ളിൽ, മെർലിൻ തോട്ടം, മൈക്കിൾ ചെമ്പോല, നിഖിൽ വെട്ടിക്കാട്ട്, റിജാത്ത് കുറുപ്പംപറമ്പിൽ എന്നിവരോടൊപ്പം അനേകം ഇടവകാംഗങ്ങളുടെയും നിസ്വാർത്ഥ പരിശ്രമമാണ് തിരുനാൾ ഭക്തിയോടും ആഘോഷത്തോടും നടത്താൻ സാധിച്ചത്.



# മിഷൻലീഗ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ വളരെ ശ്ലാഘനീയം: മാർ കുര്യൻ വയലുങ്കൽ

ചിക്കാഗോ: സെന്റ് മേരീസ് ക്നാനായ ദേവാലയത്തിലെ പ്രധാന തിരുനാളിൽ പങ്കെടുക്കാനായി ഹ്രസ്വസന്ദർശനത്തിന് എത്തിയ ബിഷപ് മാർ കുര്യൻ വയലുങ്കൽ സെന്റ് മേരീസ് ഇടവകയിലെ മിഷൻലീഗ് യൂണിറ്റിന്റെ പ്രവർത്തനങ്ങളെ പ്രത്യേകം അഭിനന്ദിച്ചു സംസാരിച്ചു.

സെന്റ് മേരീസ് ഇടവകയിൽ വളരെ സ്തുത്യർഹമായ രീതിയിൽ പ്രവർത്തനം നടത്തുന്ന മിഷൻലീഗ് യൂണിറ്റിന് എല്ലാവിധ മംഗളങ്ങൾ അർപ്പിക്കുകയും ഇക്കാലമത്രയും സംഘടന ചെയ്ത എല്ലാ നല്ല കാരുണ്യ പ്രവർത്തനങ്ങളും വളരെ ശ്ലാഘനീയമെന്നും സെന്റ് മേരീസ് മിഷൻലീഗ് യൂണിറ്റ് വഴി വളരെയധികം പേർക്ക് നന്മ ലഭിച്ചു എന്നറിയാൻ സാധിച്ചതിൽ വളരെ സന്തോഷമുണ്ടെന്നും മുന്നോട്ടുള്ള എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാവിധ ആശംസകളും ദൈവാനുഗ്രഹവും നേരുന്നുവെന്നും പിതാവ് പറയുകയുണ്ടായി.



സെന്റ് മേരീസ് മിഷൻലീഗ് യൂണിറ്റ് വഴി വളരെയധികം പേർക്ക് നന്മ ലഭി

സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ വികാരി ഫാദർ സിജു മുടക്കോടിയിൽ ഇടവകയിലെ എല്ലാ മിനിസ്ട്രികളുടെയും പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദേശങ്ങൾ നല്കുന്നതിൽ വളരെ ശ്രദ്ധാലുവാണ്. മതബോധന സ്കൂളിലെ നാലാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള ഏകദേശം 180-ഓളം കുട്ടികളാണ് മിഷൻ ലീഗ് സംഘടനയിൽ അംഗങ്ങളായിട്ടുള്ളത്. ഈ കുട്ടികളെ 15 കുട്ടികൾ അടങ്ങുന്ന 12 ഉപഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനും ഒരു ഗ്രൂപ്പ് ലീഡറെയും കൂടാതെ അഞ്ചു പേരുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും നിയമിച്ചു കൊണ്ടുള്ള ഒരു സംവിധാനമാണ് ഇടവകയിലുള്ളത്. ഈ കമ്മിറ്റിയാണ് മിഷൻ ലീഗിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കിവരുന്നത്.

വിശ്വാസ പരിശീലനത്തോടൊപ്പം വ്യക്തിത്വ വികാസവും സംഘടനയുടെ മുദ്രാവാക്യങ്ങളായ സ്നേഹം, സഹനം, സേവനം, ത്യാഗം എന്നിവയ്ക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള വിവിധയിനം കർമ്മപരിപാടികളും കാരുണ്യ പ്രവർത്തനങ്ങളും അതോടൊപ്പം തീർത്ഥാടനങ്ങളും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് എല്ലാവർഷവും യൂണിറ്റ് ഡയറക്ടേഴ്സ് കുട്ടികൾക്കായി വിഭാവനം ചെയ്തുകൊണ്ടിരിക്കുന്നത്.

യൂണിറ്റ് ഡയറക്ടേഴ്സായ ജോജോ ആനാലിൽ, സിസ്റ്റർ ജെസ്സീന, സൂര്യ കരികുളം എന്നിവർ ഇടവക വികാരി ഫാദർ സിജു മുടക്കോടിയിലിന്റെ മാർഗ്ഗനിർദ്ദേശത്തിൽ മതബോധന അദ്ധ്യാപകരോടൊപ്പം ഒത്തുചേർന്ന് മിഷൻലീഗിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചുകൊണ്ടിരിക്കുന്നു.





# മൃത്യുഞ്ജയം

അമ്മക്കഥ



രാജീവ് പഴുവിൽ

കുറെ വർഷങ്ങൾക്കു മുൻപ് ഞങ്ങളുടെ അമ്മയ്ക്കുണ്ടായ അവിസ്മരണീയമായ അനുഭവകഥയാണിത്.

ഞങ്ങൾ കുട്ടികൾക്ക് അവിടവിടെ ചില ഓർമ്മകൾ മിന്നിമറയുന്നുണ്ടെങ്കിലും, അതിന്റെ വിശദാംശങ്ങൾ ഞങ്ങൾക്ക് പലപ്പോഴായി പറഞ്ഞു തന്നത് വടക്കേതിലെ ഭാർഗ്ഗവി അമ്മായി ആണ്. അവരെക്കാൾ ആധികാരികമായി ഈ കഥ പറയാൻ മറ്റാർക്കുമാവില്ല. കാരണം ഈ സംഭവം മുഴുവനായി കണ്ടിട്ടുള്ള ഏകവ്യക്തി അവരാണ്. അവരിൽ നിന്നു കേട്ടറിഞ്ഞത് ഇവിടെ പകർന്നെഴുതുകയാണ്.

വീട്ടിൽ അച്ഛനും അമ്മയും ഞാനടക്കമുള്ള കുട്ടികളും. അമ്മയിപ്പോൾ ആറു മാസത്തോളം ഗർഭിണിയാണ്. ഞങ്ങളുടെ കിണർ പറമ്പിന്റെ അതിർത്തിയിലാണ്. വീട് ഉയർന്ന പ്രദേശത്തായതിനാൽ, വളരെ ആഴത്തിൽ, ഉദ്ദേശം 22 കോൽ കുഴിച്ചിട്ടാണത്രെ വെള്ളം കണ്ടത്.

അന്ന് അമ്മ പതിവുപോലെ കിണറ്റിൽ വെള്ളം കോരാൻ പോയി. ചേട്ടനും ഞാനും അമ്മയുടെ പിന്നാലെ കൂടി. കിണറിനു സമീപം കുറച്ചു മാറി ഇരുന്നു കളിക്കാനാരംഭിച്ചു. ഭാർഗ്ഗവി അമ്മായി അവരുടെ മുറ്റത്തു നിന്ന് വസ്ത്രം അലക്കുന്നു. അമ്മ അവരോട് എന്തോ കുശലം പറഞ്ഞു ചിരിച്ചു. പിന്നെ കിണറ്റിൻ വക്കിലിരുന്ന പാളയെടുത്തു കിണറ്റിലേക്കിട്ടു, വെള്ളം കോരിത്തുടങ്ങി.

ഒറ്റത്തുടികാൽ ആണ്. അത് കിണറ്റിലോട്ടല്പം ചരിഞ്ഞാണ് നിൽക്കുക. വെള്ളം നിറഞ്ഞ പാള ഇങ്ങോട്ടെടുക്കാൻ അമ്മ കുനിഞ്ഞു തുടിക്കാലിൽ ഒന്നമർത്തിയതും എന്തോ ഒരു വലിയ ശബ്ദം! അത് കേട്ട് ഭാർഗവി അമ്മായി തിരിഞ്ഞു നോക്കിയതും, അവർക്കു സമനില തെറ്റി.

അമ്മ നിന്നിരുന്ന സ്ഥലം ശൂന്യം! തുടിക്കാലും കാണുന്നില്ല. രണ്ടു കുടങ്ങൾ മാത്രം അനാഥരായി അവിടെ ഇരിപ്പുണ്ട്. (ആ രംഗം എനിക്ക് ഓർമ്മയിൽ വരുന്നുണ്ട്)

അമ്മയെ കാണാഞ്ഞു കിണറിനു നേരെ ധൃതിയിൽ നടക്കാൻ തുടങ്ങിയ ചേട്ടനും, ഞാനും അലറിവിളിച്ചു. കിണറിനടുത്തേക്കോടി വന്നവർ ഞങ്ങളെ തടഞ്ഞു നിർത്തി. പിന്നെ എട്ടു ദിക്കും കേൾക്കുമാറ് നെഞ്ചത്തടിച്ചു അലമുറയിട്ടു. അത് കണ്ട് ഞങ്ങൾ കൂടെ കരഞ്ഞു.

നിമിഷനേരത്തിനകം ആൾക്കാർ ഓടിക്കൂടി. വന്നവർ വന്നവർ എന്ത് ചെയ്യണമെന്നറിയാതെ പകച്ചു നിൽക്കുകയാണ്. കിണറിനു ചുറ്റും വേലിപോലെ കുറച്ചു കുറ്റിച്ചെടികൾ കാട്പിടിച്ചു നിൽപ്പുണ്ട്. അവിടവിടെ കുറച്ചു ശീമക്കൊന്നകൾ. അതല്ലാതെ ചുറ്റും കല്ലോ ഇഷ്ടികയോ വെച്ച് കെട്ടുന്ന പതിവൊന്നും അന്ന് ഇല്ല. ആ കിണറ്റിൽ ഏതാണ്ട് പൂർണ്ണഗർഭിണിയായ ഒരു സ്ത്രീയാണ് വീണിരിക്കുന്നത്.

കീഴോട്ട് നോക്കിയാൽ അറ്റം കാണാത്ത കിണർ. താഴെ ഇരുട്ടാണ്. വെള്ളത്തിൽ അനക്കമൊന്നും കാണുന്നില്ല. ഉറക്കെ കൂവി വിളിച്ചു നോക്കിയിട്ട് മറുപടി ഒന്നും ഇല്ല. താഴെ എന്താകും അവസ്ഥ?

പിന്നെയങ്ങോട്ട് അവിടെ എന്തൊക്കെ നടന്നു എന്ന് വിവരിക്കാൻ പ്രയാസം. എവിടുന്നൊക്കെയോ കുറച്ചു കിണറുപണിക്കാരും കല്പണിക്കാരും ഓടിയെത്തി. അല്പസമയത്തിനുള്ളിൽ ഒരാൾ സമീപത്തുള്ള മാവിൽ വടം കെട്ടി, അതിൽ പിടിച്ചു കിണറ്റിലേക്കിറങ്ങാൻ ആരംഭിച്ചു. ആരുടെയൊക്കെയോ നിർദ്ദേശമനുസരിച്ച് മറ്റുചിലർ തൊട്ടപ്പുറത്തെ വളപ്പിൽ നിന്നും നാല് കവുങ്ങുകൾ ക്ഷണം കൊണ്ട് വെട്ടി, രണ്ടു വീതം കൂട്ടിക്കെട്ടി കിണറിനു കുറുകെ ഇട്ടു. നല്ല ആരോഗ്യം തോന്നിക്കുന്ന രണ്ടുപേർ അതിന്മേൽ കയറി കിണറിനു ഒത്തനടുവിൽ ബാലൻസ് ചെയ്തുനിന്ന് താഴോട്ട് ഒരു കസേര ഇറക്കാനുള്ള ശ്രമമായി.

ഇത്രയുമായപ്പോഴാണ് കുറച്ചു ദൂരെയെവിടെയോ പോയിരുന്ന അച്ഛൻ വിവരം കേട്ടറിഞ്ഞു പാഞ്ഞെത്തുന്നത്. ഞങ്ങൾ അച്ഛനടുത്തു ചെന്നു കെട്ടിപ്പിടിച്ചു നിന്നു.

കിണറ്റിലേക്കിറങ്ങിയ ആൾ പകുതിയോളം ചെന്ന് ഉള്ളിലേക്ക് നോക്കി വീണ്ടും വിളിച്ചപ്പോൾ എന്തോ ഒരു ചെറിയ അനക്കം കേൾക്കായി. ഏറെ നേരം സൂക്ഷിച്ചു നോക്കിയപ്പോൾ, പാമ്പേരിയോട് (കിണറിനുള്ളിലെ ചുറ്റുകൾ) ചേർന്ന് ചിരട്ടപോലെ തോന്നിക്കുന്ന എന്തോ വെള്ളത്തിൽ കണ്ടു. വീണ്ടും കുറച്ചുകൂടെ താഴേക്ക് ചെന്നപ്പോഴാണ് അമ്മയുടെ തലയാണ് അത് എന്ന് അയാൾക്ക് മനസ്സിലായത്. കൈകൾ കൊണ്ട് പാമ്പേരിയുടെ വക്കിൽ പിടിച്ചു തൂങ്ങി തലമാത്രം വെള്ളത്തിന് പുറത്തും, ശരീരം വെള്ളത്തിനടിയിലും ആയി അമ്മ അനക്കമില്ലാതെ പാതിമരിച്ച നിലയിൽ...!

ഏതു നിമിഷവും ആ വിരലുകൾ വഴുതി വെള്ളത്തിൽ വീഴാവുന്ന അവസ്ഥ! അയാൾക്ക് കയ്യും കാലും വിറച്ചത്രേ.

മുകളിലുള്ളവരെ കൂവി വിളിച്ച് ആളെ കണ്ടു എന്നറിയിച്ചു. ജീവനുണ്ടെന്ന് തോന്നുന്നു എന്നും.

അപ്പോഴേക്കും, എല്ലാ കാലുകളിലും കയർ കെട്ടി ബന്ധവസ്സാക്കിയ ഒരു മരക്കസേര താഴേക്കിറങ്ങി വന്നു. അത് വശത്തോട്ടു ചേർത്തിറക്കി ഒരു കണക്കിന് അയാൾ അമ്മയെ കസേരയിലേക്ക് വലിച്ചടുപ്പിച്ചു, ശരീരത്തിന് ചുറ്റും കയർകൊണ്ട് ഭദ്രമായി ചുറ്റിക്കെട്ടാൻ കുറെ നേരമെടുത്തു. ഒരു കാരണവശാലും വീഴില്ല എന്നുറപ്പു വരുത്തി അയാൾ മുകളിലേക്കു സിഗ്നൽ കൊടുത്തു. മുകളിലുള്ളവർ സാവകാശം, വളരെ സൂക്ഷിച്ചു കുറേശ്ശെ കുറേശ്ശെയായി കസേര വലിച്ചുപൊക്കി. വല്ലപ്പോഴുമുള്ള ഒരു ഞരക്കം അപ്പോഴും മരിച്ചിട്ടില്ലെന്നുള്ള ആശ നൽകി.

കിണറിനു മുകളിലെത്തിയതോടെ കണ്ട് നിന്നവരുടെ ശബ്ദാരവങ്ങൾ. പുറത്തെത്തി എന്നറിഞ്ഞിട്ടോ എന്തോ, ഒരു ഞരക്കത്തോടെ അമ്മയുടെ ചലനംനിലച്ചു. അതു വരെ സംയമനം പാലിച്ചു നിന്ന അച്ഛൻ ആ നേരത്ത് നിയന്ത്രണം വിട്ടു തേങ്ങിക്കരഞ്ഞു. അയല്പക്കത്തെ സ്ത്രീകൾ, അമ്മയുടെ സന്തത സഹചാരികൾ, വിങ്ങിപ്പൊട്ടി നിന്നു. ചിലർ കരച്ചിലിനിടയിൽ തലചുറ്റി നിലത്തിരുന്നു.

അതിനിടയിൽ ആരോ ഡോക്ടറെ കൊണ്ട് വന്നിരുന്നു. അദ്ദേഹം കിണറിന് അടുത്തുവന്ന് അമ്മയെ പരിശോധിച്ചു. കുറച്ചു സമയം കഴിയാതെ ഒന്നും പറയാൻ പറ്റില്ലെന്നറിയിച്ചു. ഉദ്വേഗം തുടിക്കുന്ന ഒന്നുരണ്ട് മണിക്കൂറുകൾ. അവസാനം, എല്ലാവർക്കും സന്തോഷിക്കാൻ വക നൽകിക്കൊണ്ട് അമ്മയുടെ നില മെച്ചപ്പെട്ടുവന്നു.

കണ്ടുനിന്നവർ ആശ്വാസത്തോടെ നെടുവീർപ്പിട്ടു. ഈ സംഭവത്തിന് ശുഭപരിസമാപ്തി ഉണ്ടായതിൽ ദൈവത്തെ പ്രകീർത്തിച്ചു.

സംഭവമെല്ലാം കഴിഞ്ഞിട്ടും കുറെ നാളുകൾ ആളുകളെ അതിശയം കൊള്ളിച്ച കാര്യം ഇതാണ്. കിണറ്റിൽ വീണതിന് ശേഷം ഏകദേശം ഒരു മണിക്കൂറിനടുത്ത് സമയമാണ് അമ്മ വെള്ളത്തിൽ അർദ്ധബോധാവസ്ഥയിൽ, മരണത്തെ മുഖാമുഖം കണ്ട് കഴിച്ചുകൂട്ടിയത്. നീന്തൽ അറിയാത്ത താരതമ്യേന ദുർബലയായ, പൂർണ്ണഗർഭിണിയായ ഒരു സ്ത്രീക്ക് ഇതെങ്ങനെ സാധിച്ചു? അതിനുള്ള കരുത്തും ഊർജ്ജവും നിശ്ചയ ദാർഢ്യവും ഉണ്ടായതെവിടെ നിന്ന്? ചോദിച്ചവരോട് അമ്മ പറഞ്ഞ ലളിതമായ ഉത്തരം ഇതായിരുന്നു.

“വയറ്റിലുള്ള കുഞ്ഞിന്റെ ജീവനെപ്പറ്റി ഓർത്തു. അതിലുമേറെ, കിണറിനു മുകളിൽ കളിച്ചുകൊണ്ടിരുന്ന മറ്റു മക്കളെ അനാഥരാക്കരുത് എന്ന ചിന്തയായിരുന്നു. കൈകൾ തളർന്ന് രണ്ട് പ്രാവശ്യം വെള്ളത്തിലേക്ക് താണുപോയിട്ടും, പകുതി ബോധം മറഞ്ഞിട്ടും, കൂടുതൽ കരുത്തോടെ എങ്ങനെയോ പൊങ്ങിവന്നു, വീണ്ടും വക്കിൽ പിടിച്ചു കിടന്നു. പിന്നെയൊക്കെ ഈശ്വരൻ കാത്തു”. അതാണമ്മ.

‘കുട്ടികൾക്ക് വേണ്ടി മരണത്തിനോടും പൊരുതി ജയിക്കുമവർ.’ ഭാർഗ്ഗവി അമ്മായി പറഞ്ഞ കഥ ഇത്രയുമാണ്. ബാക്കി കഥ ഞങ്ങൾക്ക് സുവ്യക്തമാണ്.

കുട്ടിക്ക് എന്തെങ്കിലും പറ്റിയിട്ടുണ്ടോ എന്ന ചിലരുടെ സംശയത്തിന് അടിസ്ഥാനമില്ല എന്ന് തെളിയിച്ചു കൊണ്ട് കുറച്ചു നാളുകൾക്കകം വലിയ കുഴപ്പങ്ങളൊന്നും കൂടാതെ അമ്മ പ്രസവിച്ചു. ഒരു പെൺകുട്ടി.

ഇന്നും അവളെക്കാണുമ്പോഴൊക്കെ ഈ കഥ ഞങ്ങൾ ഓർക്കും.

‘കിണറ്റിൽ ചാടിയവൾ’ എന്ന് കളിയാക്കും.

‘ഈ അമ്മ എന്നെ കൊണ്ടോയി കിണറ്റിലിട്ട് ഞാൻ പൊക്കം കുറഞ്ഞു പോയി’ എന്നവൾ പരിഭവം പറഞ്ഞു ചിരിക്കും. ആ ചിരിയിൽ പങ്കുചേരുന്നതിനിടയിലും, മറ്റൊരു ലോകത്തിരുന്നു കൊണ്ട് സദാ ഞങ്ങൾക്ക് ചുറ്റും ഇന്നും നിറസാന്നിധ്യമാകുന്ന അമ്മയെന്ന മഹാവിസ്മയത്തെ ഒരു നിമിഷം ശിരസ്സാ നമിക്കും!



# ആരായിരുന്നു ആ അമേരിക്കൻ മലയാളി!

സാമൂഹ്യപാഠം



അനിൽ പെണ്ണുക്കര

**സി**നിമയിലെ ദേവേന്ദ്രന്മാർക്ക് ഒരു ട്രിക്ക് പറഞ്ഞുതരട്ടെ...

സംഗതി സിംമ്പിളാണ്. നിങ്ങൾക്ക് ഭ്രാന്തുണ്ടോ...

കളി ഭ്രാന്ത്... (അല്ലാ കഥകളി ഭ്രാന്ത്... നമ്മുടെ സൂരിയെ ഓർത്തുപോയതാണ്). ഇത് വേറെ കളി....

ഇവിടെ കലകൾക്കിടയിലുള്ള ഗോപ്യക്കളിയെന്നോ കഥകൾക്കിടയിലെ ബലമാലുള്ള കളിയെന്നോ എന്നൊക്കെ കേവലാർത്ഥമെടുത്തോണം.

ക്ലൂ മാത്രമേ ഉള്ളൂ... കേട്ടോ...

(ക്ലൂ... ക്ലൂ...ക്ലൂ... മുറ്റത്തെ മൈനയെ കണ്ടു കൊതിക്കണ്ട സുരേഷേ...)

ഈ ട്രിക്ക് അനുഭവസ്ഥർ പങ്കുവച്ച് പൊട്ടിച്ചിരിച്ചു വിട്ടിട്ടുള്ളതാണെങ്കിലും സംഗതി സുരക്ഷിതമാണ്.

ഓഡിഷനോ, കോൾഷീറ്റോ തർക്കവും രാജിവയ്ക്കലും പടിയിറക്കവും കണ്ണീരും കൈയും ഒന്നും ഏശാനേ പോന്നില്ല.

എന്നുവച്ചാൽ പശൂന്നു കടിയില്ലെങ്കിലും കാക്കയെ വെശപ്പൊട്ടുനേരത്തേക്കു അടങ്ങും. ആധുനിക സമൂഹത്തിൽ പണക്കാരനാകുന്നത് മഹാപരാധമാണ്. കാരണം ഈ ഒട്ടകങ്ങൾ സൂചിക്കുഴയില്ലാത്ത ഭൂമിയിലെ വിശാലസ്വർഗ്ഗത്തിലും സൂചിക്കുഴയുള്ള സ്വർഗ്ഗവാതിലിനു വലിയതുളയുണ്ടാക്കി അങ്ങ് സ്വർഗ്ഗത്തിലെ കാരവാനിലും കേറിയിരുന്നു സുഖിക്കും. അപ്പോൾ ചിലർ നിയമവും പൊല്ലാപ്പുംകൊണ്ട് കൊല്ലാനും പിടിക്കാനും വരും. അപ്പോൾ എന്തുണ്ട് വഴി...

കേട്ടോണം...

പ്രത്യേകം ഓർക്കണം ഇതിന് പണം കുറച്ച് അധികം വേണ്ടി വരും.

മലയാളത്തിലെ ഒരു തലമൂത്ത നടിയാണ് ഈ ട്രിക്ക് പുറത്തുവിട്ടത്. വളരെ പണ്ടു പണ്ടാണ്. ഒരു അമേരിക്കൻ മലയാളിക്ക് ഒരു നടിയോട് വല്ലാത്ത അഭിവേശം. നായകന്മാർ സിനിമയിൽ മാലപോലെ നേരിയതുപോലെ തൂക്കിയെടുത്ത് കഴുത്തിലും കഷത്തിലും വച്ചുനടക്കുന്ന നടി, മന്മഥൻ വളർത്തുന്ന അരയന്നം തന്നെയാണ്. എല്ലാത്തിലും എ പ്ലസ് സ്കോറുള്ള, ദമയന്തിയോ, മഗ്ദലന മറിയോ കറുത്തമ്മയോ എന്നൊക്കെ വിളിച്ചോളൂ.

അമേരിക്കൻ മലയാളികൾ പലരും മലയാളത്തിൽ മികച്ചസിനിമകൾ ചെയ്ത വിജയിച്ചിട്ടുള്ളവരാണ്. എന്നാൽ ഈ മേല്പടി സൂചിപ്പിച്ച നിർമ്മാതാവ് അങ്ങനെ ഒക്കെ ചെയ്തിട്ടുണ്ടോ എന്ന് സംശയം. പക്ഷേ ഇദ്ദേഹത്തിനൊരു ആഗ്രഹം... നായകന്മാർ വാരിച്ചുംബിക്കുന്ന ഈ അഴകിനെ തനിക്കുമൊന്നു തൊടണം. തൊടുന്നത്, കതകിൽ മുട്ടുന്നത് നോക്കുന്നതും ഒക്കെ ഇക്കാലത്തും അക്കാലത്തും പാതകമായിരുന്നു. പക്ഷേ മരണശേഷം സ്വർഗ്ഗത്തിൽ ഹൂറിമാരുടെ സ്പർശനം ലഭിക്കാതെ വന്നാൽ... ഭൂമിയിൽ പണംകൊണ്ട് എന്തു കാര്യം...

സംഗതി വല്ലാതെ ചിന്തയായി... നടി മനസ്സിൽ പോത്തുപോലെ വളർന്നുകൊണ്ടിരുന്നു... അലമ്പില്ലാത്ത ദർശനം സ്പർശനം ആലിംഗനം അതൊക്കെ എളുപ്പമുള്ള കാര്യമല്ല. മേല്പടി വകകളിൽ ഒരെണ്ണം ബൗൺസായി പെനാൽറ്റി ഉറപ്പാണ്. മാത്രമല്ല പണം മുടക്കിയാൽപ്പോലും നിർമ്മാതാവിന് ഇതൊന്നും ലഭിക്കാനും ഇടയില്ല. അതൊക്കെ നടനായി വരുന്ന ഭാഗ്യവാനുള്ളതാണ്. നിർമ്മാതാവിന് കാശുമുടക്കി ഇതൊക്കെ കണ്ടിരുന്ന തന്റെ ശപ്തജന്മത്തെപ്പറ്റി ആരും കാണാതെയും കേൾക്കാതെയും പിറുപിറുക്കാനുമേ പറ്റൂ...

പക്ഷേ നമ്മുടെ ഈ കഥാനായകൻ കുറഞ്ഞാളല്ലായിരുന്നു. പുള്ളിക്കാരൻ ബുദ്ധിമാനാ ... കേട്ടോ...

പക്ഷേ ബുദ്ധിയുള്ള പണക്കാരന് പുല്ലും ആയുധമാണ്.

നമ്മുടെ കഥാനായകൻ രാവണനാ... അദ്ദേഹം സിനിമപിടിക്കാൻ തീരുമാനിച്ചു. മലയാളത്തിന്റെ അഭിനയനിറക്കുടത്തിടമ്പിന്റെ കോൾഷീറ്റും കിട്ടി.

സെറ്റൊരുങ്ങി. നടിയെത്തി. സംവിധായകനും നടനും ആരെന്ന് നിർമ്മാതാവിനോടും പ്രൊഡക്ഷൻ കൺട്രോളറോടും മറ്റും നടി കൗതുകപൂർവം ചോദിച്ചു.

നിർമ്മാതാവ് ചിരിച്ചു... നടിയേ നോക്കി ചിരിച്ചു.. നടി നാണിച്ചു ചിരിച്ചു... അത് കേട്ട് വിഷുപ്പക്ഷി ചിരിച്ചു ... കൺട്രോളറും ബോയിയും ക്യാമാറാമാനും ചിരിച്ചു. ചിരി അവിടം ഉത്രാടപ്പൂനിലാവിൽ മുങ്ങി...

പക്ഷേ നടിയുടെ ശങ്കമാത്രം ഒഴിയാതെ നിന്നു.

സ്റ്റോറി ബോർഡുമായി സഹായികൾ...

നടി മേക്കപ്പിട്ടു വന്നു

സ്റ്റാർട്ട് ആക്ഷൻ...

സോപ്പെടുത്ത് തേയ്ക്കേണ്ട സീനല്ല, കുളത്തിലേക്കു ക്യാമറയുമായി ക്യാമറമാൻ ചാടേണ്ട സീനല്ല...

നായികാനായന്മാരുടെ പ്രണയരംഗങ്ങളാണ്.

സിനിമയിലെ പ്രണയരംഗങ്ങളിൽ കന്നിമാസത്തിനും പ്രാധാന്യമുണ്ടല്ലോ.

നായകൻ ആരെന്നറിയാൻ നായിക തലപൊക്കി ചുറ്റുംനോക്കി, സർക്കാരോഫിസ്സിലെ കൈക്കൂലിക്കാരനായ ജീവനക്കാരൻ ചുറ്റുംനോക്കുന്നതുപോലെ വിരക്തി നിറഞ്ഞമട്ടിൽ, നോക്കിക്കൊണ്ടിരുന്നു.

ദാ വരുന്നു നായകൻ

പ്രൊഡ്യൂസർ.... സംവിധായകനും നടനും നായകനും എല്ലാം അദ്ദേഹം തന്നെ...

ഷൂട്ടിംങ് ആരംഭിച്ചു. നായകൻ നായികയെ വാരിപ്പുണരുന്നു... അധരതലങ്ങളിൽ വിരലോടിക്കുന്നു... മരത്തിനുചുറ്റും ഓടിക്കുന്നു...

നായകൻ നായികയെ മുത്തി ചുവപ്പിക്കുന്നു

ഓലക്കെട്ടെന്നോണം തോളിലേറ്റി നടക്കുന്നു...

നായിക ശ്ശ്ശോ വല്ലോരും കാണുമെന്ന് നാണിക്കാതെ നാണംകൊണ്ടു പറയുന്നു...

നായിക പന്തുപോലെ മേലോട്ടുന്തുന്നു...

താഴോട്ടുവരുമ്പോൾ പന്തിൽ പിടിക്കുന്നു...

ഇതിനിടയ്ക്ക് നടി പലവേഷം മാറി വന്നു... ഇറക്കമുള്ളതും ഇല്ലാത്തതും പേരിനുവേണ്ടിയുള്ളതും ഇല്ലാത്തതും

പ്രൊഡ്യൂസർ നായകൻ സ്വർഗ്ഗത്തിൽ മുറിയെടുത്തു...

നായികയെ 'മടിയിലിരുത്തി 'വയലാറിന്റെ പാട്ടുപാടി..

ഇതിനിടയിൽ നായികയുടെ മൃദുലമായ കാൽവെള്ള പഞ്ഞികൊണ്ടു മുറിയുന്നു...

നായകൻ തഴുകി മുറിവുണക്കുന്നു...

എന്തിനേറേ ഒരു കോൾഷീറ്റിൽ ബഹു കോംമ്പോ ഓഫർ നേടിയെടുത്ത നിർമ്മാതാവ് നിർമ്മദനായപ്പോൾ ആരോ പാക്കപ്പ് ശബ്ദം ഇട്ട് ഇരുമ്പ് തണുപ്പിക്കാനിട്ടു.

പിറ്റേന്ന് നടി ചിത്രീകരണത്തിനു സെറ്റിൽ വന്നു. ശൂന്യമായി കിടക്കുന്ന സെറ്റ്...

കൺട്രോളർ മാത്രം...

നടി അമ്പരന്നു...

എന്താ ഷൂട്ടിംങ്ങ് ഇല്ലേ...

കൺട്രോളർ അണച്ചു... പിന്നെ കിതച്ചു... ബാഗിൽനിന്നും ചെക്ക് എടുത്ത് നടിക്കുനേരേ നീട്ടി.

"മാഡം ഇനി ഷൂട്ടിംങ്ങ് ഇല്ല... ഇന്നലെക്കൊണ്ടു തീർന്നു. അയാൾക്ക് മാഡത്തെ ഒന്നു തൊടണം ചുംബിക്കണം കൂടെ പാടി ആടണം അത്രയേ ഉള്ളായിരുന്നു. അല്ലാതെ മാർഗ്ഗമില്ലല്ലോ. അതിനുള്ള ഒരു സെറ്റപ്പായിരുന്നു. അയാൾ പണവും തന്ന് എല്ലാ ബാധ്യതയും തീർത്ത് ഇന്നലെത്തന്നെ അമേരിക്കയ്ക്ക് മടങ്ങി..."

നടി അന്തിച്ചുനിന്നു...

പാതിവഴിക്ക് എത്രയോ സിനിമകൾ നിലയ്ക്കുന്നു...

ഒന്നു തൊടാൻ...

ചെക്കിലേക്കു നോക്കി ഇത്രയും പണം...

ചെക്കു ചിരിച്ചു

അവർ മന്ദഹിച്ചു...

പിന്നെ പലേടത്തും അക്കഥ പറഞ്ഞവർ പൊട്ടിച്ചിരിച്ചു...

വേതനം തരാതെ എത്രയോ പേർ...

മാന്യമായി പെരുമാറി ആശ കെടുത്തുന്ന ആരാധകൻ...

ആരായിരുന്നു ആ അമേരിക്കൻ മലയാളി!

ജീവിക്കുന്നുണ്ടോ കള്ളാ...

ഒന്നു പൊട്ടിച്ചിരിച്ചോളൂ...

ഇത് ഹേമ പിടിക്കില്ല...

അഭിനയമല്ലേ... ചിത്രീകരണമല്ലേ... കരാറും കലയും ഷൂട്ടിംങ്ങുമല്ലേ..

പശു അനുവദിക്കുമെങ്കിൽ കാക്കേ... കാക്കേ...

# തീരുവാതീര

കവിത



ഡിനമ്മു

**ഇ**ന്ന് പൂത്തിരുവാതിര!
പാതിരാപ്പൂ തേടി ഞാനലഞ്ഞു
പക്ഷേ കോൺക്രീറ്റ് കാട്ടിൽ
എന്ത് പാതിരാപ്പൂക്കൾ!
തുടിച്ചുകുളിക്കാൻ കുളംതേടി,
പക്ഷേ കണ്ടെത്തിയില്ല.
ഫ്ളാറ്റിൽ സ്നാനഗൃഹത്തിലെ
കുളിത്തൊട്ടിയിൽ പ്ലവനതത്വം പരീക്ഷിച്ചു.
പ്രാണപ്രിയന്റെ ക്ഷേമൈശ്വര്യങ്ങൾക്കും
എന്റെ നെടുമംഗല്യത്തിനുമായി
അമ്പിളിക്കല ചൂടിയ ദേവന്റെ
തിരുനടയിൽ ചെന്ന് പ്രാർത്ഥിച്ചു.
തിരുവാതിരക്കളി ആസ്വദിക്കാൻ
സ്കൂൾ-കലാലയയുവജനോത്സവങ്ങളുടെ
സദസ്സുകളിൽ ചെന്നിരുന്നു.
പിന്നെ ഇത്തിരി കൂവ വിരകിയതും പുഴുക്കും കഴിച്ച്
മലയാളികളുടെ കാതൽദിനം ഞാനും ആഘോഷിച്ചു.

*തിരുവാതിരയാണ് മലയാളിയുടെ കാതൽ ദിനം.*

# ന്യൂയോർക്ക് സോഷ്യൽ ക്ലബ് അന്താരാഷ്ട്ര വടംവലി മത്സരത്തിൽ കോട്ടയം ബ്രദേഴ്സ് കാനഡ ജേതാക്കൾ

**സിജു ചെരുവൻകാലായിൽ (PRO)**

ന്യൂയോർക്ക്: ന്യൂയോർക്ക് സോഷ്യൽ ക്ലബിന്റെ ആഭിമുഖ്യത്തിൽ പ്രഥമ അന്താരാഷ്ട്ര വടംവലി മത്സരം ഓഗസ്റ്റ് 17-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ റോക്ക്ലാന്റ് ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽ വെച്ച് നടത്തപ്പെട്ടു. ഹാവർസ്ട്രോ ടൗൺ സൂപ്പർവൈസർ ഹവാർഡ് ടി. ഫിലിപ്പ്സ് വടംവലി മത്സരം ഉദ്ഘാടനം ചെയ്തു. മൂവാറ്റുപുഴ എംഎൽഎ ഡോ. മാത്യു കുഴൽനാടൻ, സ്റ്റേറ്റ് സെനറ്റർ കെവിൻ തോമസ്, റോക്ക്ലാന്റ് കൗണ്ടി ലെജിസ്ലേച്ചർ ആനി പോൾ, ന്യൂയോർക്ക് സ്റ്റേറ്റ് സെനറ്റർ ബിൽവെബർ, മെഗാസ്പോൺസർ ജിതിൻ വർഗീസ് (സെഞ്ച്വറി 21 റോയൽ), ഗ്രാൻഡ് സ്പോൺസർ സിറിയക് കൂവക്കാട്ടിൽ (സെന്റ് മേരീസ് പെട്രോളിയം, ചിക്കാഗോ) എന്നിവർ മുഖ്യാതിഥികളായിരുന്നു.



10 ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്. കോട്ടയം ബ്രദേഴ്സ് കാനഡ ജേതാക്കളായി (5001 ഡോളർ). കാനഡ ഗ്ലാഡിയേറ്റേഴ്സ് (3001 ഡോളർ) രണ്ടാം സ്ഥാനവും അരീക്കര അച്ചായൻസ് (2001 ഡോളർ) മൂന്നാം സ്ഥാനവും ന്യൂയോർക്ക് കിംഗ്സ് (1001 ഡോളർ) നാലാം സ്ഥാനവും കരസ്ഥമാക്കി.

കാനഡ ഹോക്ക്സ് (5-ാം സ്ഥാനം), ഹൂസ്റ്റൺ ബ്രദേഴ്സ് (6-ാം സ്ഥാനം), ടീം കുവൈറ്റ് (7-ാം സ്ഥാനം), ചിക്കാഗോ സെവൻസ് (8-ാം സ്ഥാനം) എന്നീ നിലകളിൽ മറ്റു ടീമുകൾ വിജയിച്ചു. വ്യക്തിഗത നേട്ടങ്ങൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. ബെസ്റ്റ് ഫ്രണ്ട് പൊസിഷൻ റ്റിൻസ് (കെബിസി), ബെസ്റ്റ് സെക്കൻഡ് പൊസിഷൻ ഡോൺ (ന്യൂയോർക്ക് കിംഗ്സ്), ബെസ്റ്റ് തേർഡ് പൊസിഷൻ സാഫൽ (കുവൈറ്റ്), ബെസ്റ്റ് ഫോർത്ത് പൊസിഷൻ അജീഷ് (ഗ്ലാഡിയേറ്റേഴ്സ്), ബെസ്റ്റ് ഫിഫ്ത്ത് പൊസിഷൻ പ്രിജോ (ഹൂസ്റ്റൺ ബ്രദേഴ്സ്), ബെസ്റ്റ് സിക്സ്ത് പൊസിഷൻ ജോസ് ബെന്നി (ചിക്കാഗോ സെവൻസ്), ബെസ്റ്റ് ബാക്ക് ജോസ്കുട്ടൻ (അരീക്കര അച്ചായൻസ്), ബെസ്റ്റ് കോച്ച് റ്റിനേഷ് (ഹോക്ക്സ്) എന്നിവർ വ്യക്തിഗത സമ്മാനങ്ങൾക്ക് അർഹരായി.





വടംവലി മത്സരത്തോടനുബന്ധിച്ച് കാണികൾക്കായി നാടൻ തട്ടുകട, ബോളിവുഡ് ഡാൻസ്, മെഗാ ചെണ്ടമേളം, വല്ലാടൻസ് ഡി.ജെ എന്നിവയും ഒരുക്കിയിട്ടുണ്ടായിരുന്നു. ആയിരത്തിനു മുകളിൽ കാണികൾ സന്നിഹിതരായിരുന്നു. ആവേശം, ന്യൂയോർക്ക് 2024 എന്ന ടൈറ്റിലിൽ ന്യൂയോർക്ക് സോഷ്യൽ ക്ലബ് നടത്തിയ പ്രഥമ അന്താരാഷ്ട്ര വടംവലി മത്സരം വീക്ഷിക്കാൻ വരും വർഷങ്ങളിലും ആവേശം ഒട്ടും ചോരാതെ ഇതുപോലെയുള്ള മത്സരങ്ങൾ നടത്തുമെന്ന് ന്യൂയോർക്ക് സോഷ്യൽ ക്ലബ് ഭാരവാഹികളായ റോയി മറ്റപ്പള്ളിൽ (പ്രസിഡണ്ട്), സാജൻ കുഴിപ്പറമ്പിൽ (വൈസ് പ്രസിഡണ്ട്), ജിമ്മി പൂഴിക്കുന്നേൽ (സെക്രട്ടറി), ഷിബു അബ്രഹാം (ജോയിന്റ് സെക്രട്ടറി), ജോസ്കുട്ടി പൊട്ടംകുഴി (ട്രഷറർ), സിജു ചെരുവൻകാലായിൽ (പിആർഒ), ബോർഡ് അംഗങ്ങളായ നിബു ജേക്കബ്, ബിജു മുപ്രാപ്പള്ളിൽ, ജോയൽ വിശാഖംതറ, മനു അരയൻതാനത്ത് എന്നിവർ പറഞ്ഞു. സാജൻ കുഴിപ്പറമ്പിൽ (ചെയർമാൻ), പോൾ കറുകപ്പള്ളിൽ (ജനറൽ കൺവീനർ) എന്നിവരുടെ നേതൃത്വത്തിൽ 15-ൽപ്പരം സബ് കമ്മിറ്റികൾ വടംവലി മത്സരത്തിന്റെ വിജയത്തിനായി പ്രവർത്തിച്ചു.































# ന്യൂയോർക്ക് സോഷ്യൽ ക്ലബ് അന്താരാഷ്ട്ര വടംവലി മത്സരം ചിത്രങ്ങളിലൂടെ...

























# ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് രാഹുൽ ഗാന്ധിയെ സ്വാഗതം ചെയ്യുന്നു

സതീശൻ നായർ

ചിക്കാഗോ: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് രാഹുൽ ഗാന്ധിയെ അമേരിക്കയിലേക്ക് സ്വാഗതം ചെയ്യുന്നു. ഡാളസ്സിലും വാഷിംഗ്ടൺ ഡിസിയിലും വിവിധ പരിപാടികളിൽ പങ്കെടുത്ത് സംസാരിക്കുന്നതാണ്. കോൺഗ്രസ് പാർട്ടിയുടെ കരുത്തനായ നേതാവ് എന്നതിലുപരി ഇപ്പോൾ അദ്ദേഹം ലോക്സഭയിലെ പ്രതിപക്ഷ നേതാവ് കൂടിയാണ്.




അദ്ദേഹത്തെ സ്വീകരിക്കുവാനായി വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നതായി കേരളാ ചാപ്റ്റർ പ്രസിഡണ്ട് സതീശൻ നായർ അറിയിച്ചു. ഐഒസിയുടെ ദേശീയ നേതൃത്വവും മറ്റു വിവിധ ചാപ്റ്ററുകളും ഒരുമിച്ച് അദ്ദേഹത്തെ സ്വീകരിക്കുവാനായി പ്രവർത്തിക്കുന്നു. ഐ.ഒ.സി ചെയർമാൻ സാം പിട്രോഡയുടെ നേതൃത്വത്തിൽ വൈസ് ചെയർമാൻ ജോർജ് ഏബ്രഹാം, പ്രസിഡണ്ട് മൊഹിന്ദർ സിംഗ്, കേരളാ ചാപ്റ്റർ ചെയർമാൻ തോമസ് മാത്യു, പ്രസിഡണ്ട് സതീശൻ നായർ, സെക്രട്ടറി സജി കരിമ്പന്നൂർ, ഐ.ഒ.സിയുടെ സ്ഥാപക നേതാവായ സാക് തോമസ്, സന്തോഷ് കാപ്പിൽ, തോമസ് ഓലിയാംകുന്നേൽ തുടങ്ങിയവരും വിവിധ ചാപ്റ്റർ നേതാക്കന്മാരും അടങ്ങിയ വിപുലമായ കമ്മിറ്റികൾ അദ്ദേഹത്തെ സ്വീകരിക്കുവാനായി പ്രവർത്തിച്ചുവരുന്നു.

ഇർവിംഗ് ടയോട്ട മ്യൂസിക് ഫാക്ടറിയിൽ സെപ്റ്റംബർ എട്ടിനു നടക്കുന്ന പൊതുപരിപാടിയിൽ പങ്കെടുക്കുവാൻ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതോടൊപ്പം കൊടുത്തിരിക്കുന്ന ക്യൂ.ആർ കോഡ് ഉപയോഗിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

# സ്വപ്നങ്ങൾ തകർന്നുടഞ്ഞ ദുരന്തമുഖത്തെ വിലാപങ്ങൾ

രാജു തരകൻ

മനുഷ്യ ചരിത്രത്തിലെ അവിസ്മരണീയമായ സംഭവമായിരുന്നു 1912-ലെ ഒരു ഏപ്രിൽ മാസത്തിൽ സംഭവിച്ച "ടൈറ്റാനിക്" കപ്പൽ ദുരന്തം. വാഷിങ്ടൺ പോസ്റ്റ് ഈ ദുരന്തം റിപ്പോർട്ട് ചെയ്തത് ഇപ്രകാരമായിരുന്നു, കപ്പിത്താന്റെ മുറിയിൽ ഫോൺ റിങ് ചെയ്യുന്നുണ്ടായിരുന്നു. താൻ അത് അത്ര കാര്യമായി എടുത്തില്ല. കപ്പിത്താന് കൈമാറേണ്ട സന്ദേശം അതീവ ഗൗരവം ഉള്ളതായിരുന്നു. ആ സന്ദേശം ഇങ്ങനെ തുടരുന്നു, പടുകൂറ്റൻ മഞ്ഞുമല നിങ്ങളുടെ മുന്നിലുണ്ട്, അതുകൊണ്ട് കപ്പൽ ദിശമാറ്റി സഞ്ചരിക്കുക എന്നതായിരുന്നു. കപ്പിത്താൻ ഈ സന്ദേശം അവഗണിച്ചതിന്റെ ഫലമായി 1517-ൽപരം യാത്രക്കാരും അതോടൊപ്പം ആ കപ്പലിലെ ജോലിക്കാരുമാണ് മരണപ്പെട്ടത്. മനുഷ്യജീവിതത്തിൽ ദൈവം നൽകിയ വലിയ സന്ദേശമാണ് തിരുവചനമാകുന്ന ബൈബിളിൽ സംഗ്രഹിച്ചിരിക്കുന്നത്. അത് സ്വീകരിക്കുകയോ, തിരസ്കരിക്കുകയോ ചെയ്യുവാനുള്ള സ്വാതന്ത്ര്യം നമ്മിൽ നിക്ഷിപ്തമാണ്. തിരുവചനം പ്രമാണിച്ചാൽ ഉള്ള നന്മയും, അനുഗ്രഹവും, സന്തോഷവും അവർണ്ണനീയമാണ്. തിരസ്കരിച്ചാൽ സംഭവിക്കുന്ന തിക്തഫലം അതിശോചനീയമാണ്.

ഇതിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു ദുരന്തമാണ് വയനാട് മുണ്ടക്കൈ -ചൂരൽമലയിൽ സംഭവിച്ച ദുരന്തം. 400-ൽ അധികം ജനങ്ങളാണ് ഒറ്റ രാത്രികൊണ്ട് ഈ ദുരന്തത്തിൽ പൊലിഞ്ഞത്. മക്കളെ നഷ്ടപ്പെട്ട മാതാപിതാക്കൾ, ഭാര്യയ്ക്ക് ഭർത്താവും, ഭർത്താവിന് ഭാര്യയും നഷ്ടമായവർ, ഒരായുസ്സ് മുഴുവനും കഠിനപ്രയത്നത്തിലൂടെ സ്വരൂപിച്ച സമ്പത്ത് നഷ്ടമായവർ... ഇങ്ങനെ തുടരുന്നു ദുരന്ത



ലേഖകൻ

ങ്ങളുടെ കണക്കുകൾ. മനുഷ്യന്റെ ആയുസ്സ് പുല്ല് പോലെയാകുന്നു, വയലിലെ പൂപോലെ അത് പൂക്കുന്നു. അതിന്റെ സ്ഥലം പിന്നെ അതിനെ അറിയുന്നില്ല (സങ്കീ: 103-ന്റെ 15). വയലിലെ പൂവ് അത്യുഷ്ണത്താൽ വാടിപ്പോകും, ജലപ്രളയത്താൽ നശിച്ചുപോകും. ഇതിൽനിന്നും വ്യത്യസ്തമാണ് നമ്മൾ ഭവനങ്ങളുടെ മുന്നിൽ നട്ടുവളർത്തുന്ന ചെടികളും അതിൽനിന്ന് പുറപ്പെടുവിക്കുന്ന മനോഹര പുഷ്പങ്ങളും. അത് വളരെ നയന മനോഹരമാണ്. മനുഷ്യ ജീവിതത്തെ ഒരു ചെടിയോട് ഉപമിച്ചാൽ നമ്മളിൽ നിന്ന് പുറപ്പെടുവിക്കുന്ന ഫലം എന്താണ്? അത് സുഗന്ധം പരത്തുന്നത് ആണോ? ദൈവ മഹത്വം നമ്മിൽ പ്രകാശിതമാണോ എന്നതും ചിന്തനീയമാണ്. ദുരന്തങ്ങൾ ജീവിതത്തിൽ വരുമ്പോൾ ദൈവത്തോട് അടുക്കുന്നവരും അകലുന്നവരുമുണ്ട്. തിരുവചനത്തിൽ ഭക്തന്മാരുടെ ജീവിതങ്ങൾ പഠന വിധേയമാക്കിയാൽ ദുരന്ത മുഖത്ത് ദൈവത്തിൽ വിശ്വസിച്ചും ആശ്രയിച്ചും വിജയം കൈവരിച്ചവർ നിരവധിയാണ്. ഭക്തനായ ഇയ്യോബിന് വിശ്വാസത്തിനു മേൽ ഉള്ള പരിശോധനയാണ് അഭിമുഖീകരിക്കേണ്ടിവന്നത്. ജീവിതത്തിൽ സർവ്വതും നഷ്ടപ്പെട്ടപ്പോഴും അവൻ എന്നെ കൊന്നാലും ഞാൻ അവനെതന്നെ കാത്തിരിക്കും എന്ന തീരുമാനത്തിന് വ്യത്യാസവും സംഭവിച്ചില്ല.

അപ്പോസ്തലനായ പൗലോസിന്റെ ജീവിതത്തിലും വലിയ പ്രതികൂലങ്ങളെ അതിജീവിക്കേണ്ടതായി വന്നിട്ടുണ്ട്. സുവിശേഷം നിമിത്തം അധികം പ്രാവശ്യം തടവിലായി പലപ്പോഴും പ്രാണഭയത്തിലായി, കർത്താവിനു വേണ്ടി പൗലോസ് പ്രാണത്യാഗത്തിനും തയ്യാറായിരുന്നു. ഒരിക്കലും പ്രശ്നങ്ങളുടെ മുഖത്ത് താൻ പിൻമാറിപ്പോയിട്ടില്ല (2കൊരി. 11-ന്റെ 23 മുതൽ 28 വരെ). നമ്മുടെ ജീവിതത്തിലും അപ്രതീക്ഷ ദുരന്തങ്ങൾ കടന്നുവരാവുന്നതാണ്. അത് നമ്മെ ദൈവത്തിൽ നിന്ന് അകലുവാൻ ഇടവരുത്തരുത്, പ്രത്യുത ദൈവത്തോടുള്ള സ്നേഹം വർദ്ധിക്കുവാൻ ഇടയാകണം.

# വിശ്വാസ പരിശീലന വർഷത്തിന് ബെൻസൻവിൽ ഇടവകയിൽ തുടക്കമായി

ലിൻസ് താന്നിച്ചുവട്ടിൽ

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ 2024-




2025 വർഷത്തെ വിശ്വാസ പരിശീലനത്തിന് തുടക്കമായി. വി. കുർബാനയ്ക്കു മുമ്പായി വികാരി ഫാ. തോമസ് മുളവനാൽ, അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ എന്നിവർ എല്ലാ കുട്ടികൾക്കും പൂക്കൾ നല്കിക്കൊണ്ട് സ്വീകരിച്ചു. തുടർന്ന് ഇടവക ഹാളിൽ നിന്നും ദൈവാലയത്തിലേക്ക് മാതാപിതാക്കൾ കുട്ടികളുമായി പ്രദക്ഷിണമായി വന്ന് കാഴ്ച സമർപ്പിച്ചു.

അതേത്തുർന്ന് അർപ്പിച്ച വിശുദ്ധ കുർബാനയിൽ ഫാ. ജിതിൻ വല്ലർകാട്ടിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വേദനിക്കുന്നവരുടെ നോവറിഞ്ഞ് വിശുദ്ധ പത്താം പീയൂസ് അവർക്ക് ചെറുപ്പം മുതലേ അവർക്ക് സഹായഹസ്തം നീട്ടിയിരുന്നുവെന്നും താരതമ്യേന ചെറിയ ഒരു സമൂഹമായ ക്നാനായ മക്കൾക്ക് വ്യക്തിഗത അധികാരത്തോടെയുള്ള ഒരു വികാരിയത്ത് അനുവദിച്ചത് ഭാഗ്യസ്മരണാർഹനായ ദൈവദാസൻ മാക്കീൽ പിതാവിന്റെ വേദനയെ ഉൾക്കൊള്ളനായ വിശുദ്ധ പത്താം പീയൂസിന്റെ കരുതലിന്റെയും ദീർഘവീക്ഷണത്തിന്റെയും പ്രതിഫലനമായിരുന്നുവെന്നും കോട്ടയം അതിരൂപതയുടെ രണ്ടാമത്തെ മദ്ധ്യസ്ഥൻ എന്ന നിലയിൽ വിശുദ്ധ പത്താം പീയൂസിനോടുള്ള ആദരവ് സമുചിതമാണെന്നും തിരുനാൾ സന്ദേശത്തിൽ ഫാ. ജിതിൻ വല്ലർകാട്ടിൽ അനുസ്മരിച്ചു.

വിശുദ്ധ കുർബാനയെത്തുടർന്ന് ഫാ. തോമസ് മുളവനാൽ ചൊല്ലിക്കൊടുത്ത പ്രതിജ്ഞ വിശ്വാസ പരിശീലകരായ അദ്ധ്യാപകർ ഏറ്റുചൊല്ലിക്കൊണ്ട് തങ്ങളുടെ ദൗത്യം ആരംഭിച്ചു. തുടർന്ന് കുട്ടികളുടെ വിശ്വാസപരിശീലനം ആരംഭിച്ചു. അതിനുശേഷം സെന്റ് അൽഫോൻസാ കൂടാരയോഗത്തിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് ബാർബി ക്യൂ ഭക്ഷണം ക്രമീകരിച്ചു. വിശ്വാസപരിശീലനം സഭയിൽ ആരംഭിച്ച വിശുദ്ധ പത്താം പീയൂസിന്റെ തിരുനാൾ ആഘോഷിച്ചുകൊണ്ട് വിശ്വാസ പരിശീലന വർഷത്തിനു തുടക്കം കുറിക്കാൻ കഴിഞ്ഞത് സവിശേഷ അനുഭവമായി മാറിയെന്ന് ഡിആർഇ സക്കറിയ ചേലയ്ക്കൽ പറഞ്ഞു. ദേവാലയത്തിൽ എത്തിച്ചേർന്ന ഏവർക്കും സ്നേഹവിരുന്നും ഒരുക്കിയിരുന്നു. ജെയ്മോൻ നന്തികാട്ട് തിരുനാൾ പ്രസുദേന്തിയായി.

ഇടവക എക്സിക്യൂട്ടീവ് അംഗങ്ങളായ തോമസ് നെടുവാമ്പുഴ, മത്തിയാസ് പുല്ലാപ്പള്ളിൽ, സാബു മുത്തോലം, കിഷോർ കണ്ണാല, ജെൻസൻ ഐക്കരപ്പറമ്പിൽ എന്നിവർ ഒരുക്കങ്ങൾക്ക് നേതൃത്വം നല്കി.

# പ്രാർത്ഥന



ജെയിംസ് ചെട്ടിയാത്ത്

പുലർകാലെ പൂക്കോഴി ഉണർത്തി എന്നെ
മുറ്റം അടിക്കുന്ന പെണ്ണിനെ കണ്ടു ഞാൻ
കണ്ണുതിരുമ്മി പടിവാതൽക്കൽ ചെന്നപ്പോൾ
കണ്ണു ഉരുട്ടി നീ എന്നെ കാട്ടിയതോർക്കുന്നു
ഒഴുകുന്ന പുഴയിൽ നീരാടും നേരം
നേരം വൈകിയതറിഞ്ഞില്ല-നീ
വീടിന്റെ മുറ്റത്ത് വിളക്കു തെളിച്ചപ്പോൾ
ഈറൻ ഉടുപ്പിട്ട മേനി ഞാൻ കണ്ടു
കാലങ്ങൾ മാറി-കാഴ്ച കുറവായി
കാതിറ്റകത്തു കാറ്റടിക്കുംപോലെ

ഓർമകുറവുള്ള രോഗത്താൽ എന്നെ
നോക്കുവാൻ ചുറ്റിലും ബന്ധുമിത്രങ്ങളും
നീ ഇല്ലാ ജീവിതം ചിന്തയിൽ ഇല്ലാ
ചിന്തിച്ചു ചിന്തിച്ചു ഉറങ്ങാൻ കഴിയില്ലാ
മരിക്കുവാൻ എനിക്കു പേടി ഇല്ലെങ്കിലും
മരിക്കാതിരിക്കുവാൻ മക്കൾക്കു മോഹം
ഇനിയുള്ള ജീവിതം വീടിറ്റകത്തു
നാരകീർത്തനങ്ങൾ ഉരിയാടിക്കൊണ്ടു
മക്കൾക്കു ഭാരം കൊടുത്തുള്ള ജീവിതം
വരുത്തല്ലേ നാഥാ-ഇതു എൻ പ്രാർത്ഥന

### പഴയിടം രുചി ചിക്കാഗോയിൽ ആദ്യം

# മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ചിക്കാഗോയുടെ പത്താം വാർഷികവും ഓണാഘോഷവും





ചിക്കാഗോ: മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ചിക്കാഗോയുടെ പത്താം വാർഷികവും തിരുവോണാഘോഷവും വിഭവസമൃദ്ധമായ സദ്യയും വർണ്ണശബളമായ കലാപരിപാടികളോടെ ലിബർട്ടിവിൽ ഹൈസ്കൂളിൽ വെച്ച് കൊണ്ടാടി. കേരളീയ സദ്യയുടെയും മലയാളിയുടെ രുചിക്കൂട്ടുകളുടെയും പെരുമയെ ആഗോളതലത്തിൽ അഭിനന്ദനാർഹമാക്കിയ പഴയിടം തിരുമേനിയുടെ പാചകവൈഭവം വിളിച്ചോതിയ ഗംഭീരസദ്യയുടെ നേരിട്ടനുഭവം നാവിലൂറും രുചിയോടെയാണ് പ്രായഭേദമെന്യേ ആഘോഷങ്ങളിൽ പങ്കെടുത്ത ചിക്കാഗോ മലയാളികൾ പങ്കുവെച്ചത്.

1200-ൽ അധികം ആളുകൾക്ക് മൂന്നുതരം പായസം ഉൾപ്പെടെ മുപ്പത്

**ജോർജ് ജോസഫ്, തൊടുപുഴ**

വിഭവങ്ങളുടെ സദ്യ വിളമ്പാൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യം എംഎജിസി കമ്മിറ്റിയും വോളണ്ടിയർ സംഘവും അറിയിച്ചു. ഉച്ചകഴിഞ്ഞ് ഹൈസ്കൂൾ തിയറ്റർ ഓഡിറ്റോറിയത്തിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ എംഎജിസി പ്രസിഡണ്ട് സുശീൽ വരയില്ലം അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുകയും ഈ ആഘോഷപരിപാടിയിൽ നിന്നു സമാഹരിക്കുന്ന മുഴുവൻ തുകയും വയനാട്ടിലെ ദുരിതബാധിതരുടെ പുനരധിവാസത്തിനായി ഉപയോഗിക്കാൻ സംഘടന പ്രതിജ്ഞാബദ്ധമാണെന്ന് അറിയിക്കുകയും ചെയ്തു.

മുഖ്യാതിഥി പഴയിടം മോഹനൻ നമ്പൂതിരി ഭദ്രദീപം തെളിച്ച് പരിപാടികൾ ഉദ്ഘാടനം ചെയ്തു. ആഘോഷപരിപാടികളുടെ ഗോൾഡ് സ്പോൺസർമാരായ പ്രൊഫഷണൽ മോർട്ട്ഗേജ് സൊല്യൂഷൻസിന്റെ അശോക് ലക്ഷ്മണൻ, മൈ ഫോർച്യൂൺ ക്രിയേറ്റേഴ്സിന്റെ രാജേഷ് രവി കുമാർ, ജയ് സി റിയൽറ്റിയുടെ ജയ് ചന്ദ്രൻ, സിൽവർ സ്പോൺസർമാരായ ആന്റണി പോൾ, ജോയ് ആലുക്കാസ്, രാകേഷ് മധുര കഫേ, ബിജു സക്കറിയ, ഫ്ളവേഴ്സ് ടിവി യുഎസ്എ എന്നിവരെ ചടങ്ങിൽ പൊന്നാട നല്കി ആദരിച്ചു. തുടർന്നു നടന്ന കലാസന്ധ്യ മിഡ്വെസ്റ്റിലെ പ്രശസ്തരായ കലാകാരന്മാരുടെ നൃത്തനൃത്യങ്ങൾ കൊണ്ടും കണ്ണഞ്ചിപ്പിക്കുന്ന പ്രകടനങ്ങൾ കൊണ്ടും സദസ്സിന് ഏറെ ആസ്വാദ്യകരമായി. ആഘോഷമദ്ധ്യേ നോർത്തമേരിക്കൻ മലയാളികൾക്കായി ഫ്ളവേഴ്സ് ടിവി ഒരുക്കുന്ന മ്യൂസിക് റിയാലിറ്റി ഷോ സിംഗ് എൻ വിൻന്റെയും ഡാൻസ് റിയാലിറ്റി ഷോ ലെറ്റ്സ് ഡാൻസ് അമേരിക്കയുടെയും ഫസ്റ്റ് പോസ്റ്റർ റിലീസ് പഴയിടം മോഹനൻ നമ്പൂതിരി നിർവഹിച്ചു. എംഎജിസി ടീം ഒരുക്കിയ പൂക്കളം, മാവേലി ഘോഷയാത്ര, തിരുവാതിരകളി, രംഗീല ഡാൻസ്, മണവാളൻസ് പെർഫോർമൻസ്, കോർ ടീം ഡാൻസ് എന്നിവ ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. ഈ ഓണക്കാലത്ത് പഴയിടം രുചി ചിക്കാഗോയിൽ എന്ന സ്വപ്നസാക്ഷാത്കാരത്തിനായി രാപ്പകലുകൾ ഒന്നാക്കി കൈയും മെയ്യും മറന്ന് കൂടെനിന്ന എല്ലാ സുഹൃത്തുക്കളോടും വോളണ്ടിയേഴ്സിനോടും കലാകാരന്മാരോടും മറ്റ് ചിക്കാഗോ നിവാസികളോടുമുള്ള ഹൃദ്യമായ നന്ദി എംഎജിസി പ്രസിഡണ്ട് സുശീൽ വരയില്ലം, കമ്മിറ്റി അംഗങ്ങളായ ഷൈലേഷ് മേനോൻ, മണികണ്ഠൻ ചന്ദ്രൻ, സ്വപ്ന വേണുഗോപാൽ, രൺദീപ് രഘു എന്നിവർ അറിയിച്ചു.





# 'മരങ്ങോലിക്കഥകൾ' പ്രകാശനം ചെയ്തു



കൊച്ചി: ഡോ. ജോർജ് മരങ്ങോലി രചിച്ച നാല്പത്തിയൊന്നാമത് പുസ്തകം 'മരങ്ങോലിക്കഥകൾ' എന്ന ഹാസ്യകഥാ സമാഹാരത്തിന്റെ പ്രകാശനം എറണാകുളം ബിടിഎച്ച് ഹാളിൽ സുപ്രസിദ്ധ നോവലിസ്റ്റ് ശ്രീമതി ശ്രീകുമാരി രാമചന്ദ്രൻ നിർവഹിച്ചു. മുതിർന്ന പത്രപ്രവർത്തകൻ ജോഷി ജോർജ് പുസ്തകം സ്വീകരിച്ചു.

കാലടി സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. എം.സി. ദിലീപ്കുമാർ ചടങ്ങ് ഉദ്ഘാടനം ചെയ്തു. കേരള സാഹിത്യവേദി പ്രസിഡണ്ട് ജി.കെ. പിള്ള തെക്കേടത്ത് അദ്ധ്യക്ഷനായ ചടങ്ങിൽ റവ. ഡോ. അബ്രാഹം ഇരിമ്പിനിക്കൽ (കെസിബിസി മാധ്യമ കമ്മീഷൻ സെക്രട്ടറി), ഡോ. ഗോപിനാഥ് പനങ്ങാട് (കേരള സാക്ഷരതാമിഷൻ മുൻ ഡയറക്ടർ), അഡ്വ. വർഗീസ് പി. തോമസ് (എഴുത്തുകാരൻ), രവി പുലിയന്നൂർ (കേരള ഹാസ്യവേദി ജനറൽ സെക്രട്ടറി), സിനിമാ സംഗീതസംവിധായകൻ ഇഗ്നേഷ്യസ്, രാധാകൃഷ്ണൻ സൗപർണിക (ഓൾ ഇന്ത്യ റേഡിയോ ടെക്നിക്കൽ ഡയറക്ടർ), കലാഭവൻ കെ.എസ്. പ്രസാദ്, ഡോ. ജോർജ് മരങ്ങോലി (ഗ്രന്ഥകാരൻ) തുടങ്ങിയവർ പ്രസംഗിച്ചു.

വേദിനിയന്ത്രണം നിർവഹിച്ചത് ഏഷ്യാനെറ്റ് സിറ്റിവിഷൻ ന്യൂസ് റീഡറും ഡബ്ബിംഗ് ആർട്ടിസ്റ്റുമായ ജി. വേണുഗോപാൽ ആയിരുന്നു. തകഴി പുരസ്കാരജേതാവ് ശ്രീമതി റൂബി ജോർജ് സ്വാഗതവും എഴുത്തുകാരിയും കോളജ് അദ്ധ്യാപികയുമായ ഡോ. ശാലിനി പി. അജിത് കൃതജ്ഞതയും പറഞ്ഞു. ഡോ. ജോർജ് മരങ്ങോലിയുടെ സഹധർമ്മിണി അഡ്വ. വത്സ മരങ്ങോലി ശ്രീമതി ശ്രീകുമാരി രാമചന്ദ്രനെ പൊന്നാട അണിയിച്ച് ആദരിച്ചു.

# ഡെമോക്രാറ്റിക് പാർട്ടി അനുഭാവികൾ യോഗം ചേരുന്നു

ചിക്കാഗോ: നവംബർ 5-ന് നടക്കുന്ന അമേരിക്കൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർത്ഥികളായ കമല ഹാരിസ്-ടിം വാൽസ് എന്നിവരുടെ വിജയം ആഗ്രഹിക്കുന്ന ചിക്കാഗോ മലയാളികളുടെ ഒരു യോഗം സെപ്റ്റംബർ 14-ന് ശനിയാഴ്ച വൈകുന്നേരം 5.30-ന് നടത്തപ്പെടുന്നതാണ്. ഡെസ്പ്ലെയിൻസിലുള്ള ജോസ്-ലൈസമ്മ കല്ലിടിക്കിലിന്റെ വസതിയിലാണ് ഈ യോഗം. അഡ്രസ്സ്: 9125 ഡെൽഫിയ അവന്യൂ, ഡെസ്പ്ലെയിൻസ് 60016.

1789 മുതൽ നിലനിൽക്കുന്ന അമേരിക്കൻ ഭരണഘടന വിഭാവന ചെയ്യുന്ന ജനാധിപത്യ ഭരണവ്യവസ്ഥയും പൗരന്മാർക്ക് ഉറപ്പാക്കിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യവും സംരക്ഷിക്കപ്പെടുമോയെന്ന് നിർണ്ണയിക്കപ്പെടുന്നത് വരുന്ന നവംബർ പ്രസിഡൻഷ്യൽ തെരഞ്ഞെടുപ്പിന്റെ ഫലത്തിന്റെ അടിസ്ഥാനത്തിലാകും. ഈ വസ്തുത മനസ്സിലാക്കി കൂടുതൽ മലയാളികളെ അവരുടെ സമ്മതിദാനാവകാശം നവംബർ പൊതുതെരഞ്ഞെടുപ്പിൽ വിനിയോഗിക്കുവാൻ പ്രേരിപ്പിക്കുകയെന്നതാണ് ഈ യോഗം ലക്ഷ്യംവെക്കുന്നത്.

ചിക്കാഗോയിലും പരിസരപ്രദേശത്തുമുള്ള എല്ലാ മലയാളി സുഹൃത്തുക്കളെയും യോഗത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നവർ ടോം കാലായിൽ 847 361 3835, വിജയൻ വിൻസെന്റ് 847 909 1252, ജോസ് കല്ലിടിക്കിൽ 773 943 0416 എന്നിവരുമായി ബന്ധപ്പെടുക.

# ഡെമോക്രാറ്റിക് കൺവൻഷനിലെ റിപ്പബ്ലിക്കൻ സാന്നിദ്ധ്യം

**ജോസ് കല്ലിടിക്കിൽ**

ചിക്കാഗോ: ഓഗസ്റ്റ് 19 മുതൽ 22 വരെ ചിക്കാഗോയിലെ യുണൈറ്റഡ് സെന്ററിൽ നടത്തപ്പെട്ട ഡെമോക്രാറ്റിക് പാർട്ടി നാഷണൽ കൺവൻഷൻ സംഘാടനത്തിലും നടത്തിപ്പിലും മുൻ പ്രസിഡണ്ട്മാരുൾപ്പെടെയുള്ള പ്രമുഖ നേതാക്കൾക്കൊപ്പം ഓപ്റാ വിൻഫ്രിയെപ്പോലുള്ള സെലിബ്രിറ്റികളുടെ സാന്നിദ്ധ്യത്താലും ആവേശഭരിതമായ സന്ദേശങ്ങളാലും അവിസ്മരണീയമായി. വിയറ്റ്നാം യുദ്ധവിരുദ്ധ പ്രക്ഷോഭങ്ങൾമൂലം ദുരന്തമായി മാറിയ 1968-ലെ ചിക്കാഗോ ഡെമോക്രാറ്റിക് കൺവൻഷൻ, പത്ത് മാസമായി തുടരുന്ന ഇസ്രയേൽ-ഹമാസ് യുദ്ധ പശ്ചാത്തലത്തിൽ വീണ്ടും ആവർത്തിക്കപ്പെടുമോയെന്ന ഭീതി സംഘാടകരെ ഒട്ടേറെ അലട്ടുകയുണ്ടായി. ശക്തമായ പോലീസ് സാന്നിദ്ധ്യവും പഴുതടച്ചുള്ള കരുതൽ നടപടികളും അനിഷ്ടസംഭവങ്ങൾ ഏതും കൂടാതെ കൺവൻഷൻ വിജയപരിസമാപ്തിയിൽ എത്തിച്ചു.

അമേരിക്ക ഒട്ടാകെയുള്ള ഡെമോക്രാറ്റിക് പാർട്ടി നേതാക്കൾക്കൊപ്പം, ലോകത്തിലെ വിവിധ ദേശങ്ങളിൽപ്പെട്ട മാധ്യമപ്രവർത്തകരേയും അര ലക്ഷത്തിലധികം സന്ദർശകരെയും ഡെമോക്രാറ്റിക് കൺവൻഷൻ ചിക്കാഗോയിലേക്ക് ആകർഷിച്ചു. വിവിധ ദേശങ്ങളിൽ ഉൾപ്പെടുന്ന 22 മില്യണിലധികം പ്രേക്ഷകർ നാല് ദിവസം നീണ്ടുനിന്ന കൺവൻഷൻ പ്രസംഗങ്ങൾ തത്സമയം ടെലിവിഷനിൽ വീക്ഷിച്ചു. പ്രസിഡൻഷ്യൽ നോമിനേഷൻ സ്വീകരിച്ചുകൊണ്ടുള്ള ഇന്ത്യൻ വംശജ കൂടിയായ കമലാ ഹാരിസ്സിന്റെ പ്രസംഗം ലോകമൊട്ടാകെയുള്ള 29 മില്യൺ പ്രേക്ഷകർ ശ്രവിച്ചു. റിപ്പബ്ലിക്കൻ നാഷണൽ കൺവൻഷനിലെ ഡോണൾഡ് ട്രംപിന്റെ പ്രസംഗം ശ്രവിച്ചവരേക്കാൾ 4 മില്യൺ അധികം.

40 മിനിട്ട് മാത്രം നീണ്ട കമലാ ഹാരിസ്സിന്റെ സ്വാനാർത്ഥിത്വം അംഗീകരിച്ചുള്ള പ്രസംഗം അക്ഷരാർത്ഥത്തിൽ കാണികളെ ആവേശഭരിതരാക്കി. 19-ാം വയസ്സിൽ ബ്രെസ്റ്റ് ക്യാൻസർ റിസർച്ചിനായി തന്റെ മാതാവ് അമേരിക്കയിൽ എത്തിയതും അക്കാലത്ത് നടന്നിരുന്ന പൗരാവകാശ സമ്മേളനങ്ങളിൽ ഒന്നിൽവെച്ച് തന്റെ പിതാവ് ജമൈക്കയിൽ നിന്നുള്ള ഡോണൾഡ് ഹാരിസ്സുമായി പരിചയപ്പെടുന്നതും ഏറെനാൾ ദീർഘിക്കാത്ത അവരുടെ ദാമ്പത്യം മൂലം അമ്മയുടെ മാത്രം സംരക്ഷണത്തിൽ വളരേണ്ടിവന്ന സാഹചര്യവും ഹൃദയസ്പർശിയായി കൺവൻഷനിൽ അവതരിപ്പിച്ചു. ഏതാണ്ട് ഒരു മാസം മുമ്പുമാത്രം താൻ പാർട്ടി സ്ഥാനാർത്ഥിത്വത്തിലേക്ക് ഉയർത്തപ്പെട്ട സാഹചര്യവും പ്രസിഡണ്ട് ജോ ബൈഡനും കുടുംബവും തനിക്ക് നല്കുന്ന ഉറച്ച പിന്തുണയും നന്ദിയോടെ അവർ സ്മരിച്ചു. വംശീയതയുടെയോ നിറത്തിന്റെയോ ലിംഗത്തിന്റെയോ വ്യക്തിതാല്പര്യങ്ങളുടെയോ മുത്തശ്ശി സംസാരിച്ച ഭാഷയുടെയോ പരിഗണന കൂടാതെ എല്ലാവർക്കും തുല്യതയും സുരക്ഷയും മാന്യതയും നീതിയും ഉറപ്പാക്കുന്ന ഒരു ഭരണം അവർ വാഗ്ദാനം ചെയ്തു. തന്റെ ഭരണത്തിൻകീഴിൽ അമേരിക്കയിൽ നിയമവാഴ്ചയും സ്വതന്ത്ര തെരഞ്ഞെടുപ്പും സമാധാനപരമായ അധികാര കൈമാറ്റവും തുടരുമെന്നും കമലാ ഹാരിസ് പ്രഖ്യാപിച്ചു.

പ്രസിഡണ്ട് ജോ ബൈഡൻ, പ്രഥമ വനിത ജിൽ ബൈഡൻ, മുൻ പ്രസിഡണ്ടുമാരായ ബിൽ ക്ലിന്റൺ, ഭാര്യ ഹിലാരി ക്ലിന്റൺ, ജനപ്രിയ പ്രസിഡണ്ടായിരുന്ന ബറാക് ഒബാമ, ഭാര്യ മിഷെൽ ഒബാമ എന്നിവർക്കൊപ്പം വൈസ് പ്രസിഡണ്ട് നോമിനി ടിം വാൽസ്സ് എന്നിവരുടെ പ്രസംഗങ്ങൾ കൺവൻഷൻ സെന്ററിനെ അക്ഷരാർത്ഥത്തിൽ ഇളക്കിമറിച്ചു. അഭിപ്രായ സർവേകളിൽ കമലാ ഹാരിസ്സിനെ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഡോണൾഡ് ട്രംപിനു മുന്നിലെത്തിക്കുവാൻ അവയെല്ലാം സഹായിച്ചു. എന്നാൽ, ചിക്കാഗോ ഡെമോക്രാറ്റിക് കൺവൻഷനെ വ്യത്യസ്തമാക്കിയത് അതിലെ നിരവധി റിപ്പബ്ലിക്കൻ നേതാക്കളുടെ സാന്നിദ്ധ്യവും സന്ദേശങ്ങളുമാണ്.

രാഷ്ട്രീയ നിലപാടുകളിൽ ഭിന്നത നിലനിൽക്കുമ്പോഴും റിപ്പബ്ലിക്കൻ-ഡെമോക്രാറ്റിക് കൺവൻഷനുകളിൽ എതിർപാർട്ടി നേതാക്കൾ പങ്കെടുക്കുന്നതും മുഖ്യപ്രഭാഷണങ്ങൾ നല്കുന്നതും മുമ്പും ഉണ്ടായിട്ടുണ്ട്. 1996-ലെ



ലേഖകൻ

ഡെമോക്രാറ്റിക് കൺവൻഷനിൽ ബിൽ ക്ലിന്റനെ പിന്തുണച്ച് സാറാ ബ്രേഡി നല്കിയ സന്ദേശവും 2008-ലെ റിപ്പബ്ലിക്കൻ കൺവൻഷനിൽ അൽഗോറിന്റെ വൈസ് പ്രസിഡണ്ട് സ്ഥാനാർത്ഥിയും കണക്ടിക്കട്ടിൽ നിന്ന് ദീർഘകാലം യുഎസ് സെനറ്ററായി സേവനം ചെയ്തതുമായ ജോസഫ് ലിബർമാൻ നല്കിയ മുഖ്യസന്ദേശവും അത്തരത്തിൽപ്പെടുന്നതാണ്. പ്രസിഡണ്ട് റൊണാൾഡ് റീഗന്റെ പ്രസ് സെക്രട്ടറി ആയിരുന്ന ജിം ബ്രേഡിയുടെ ഭാര്യയായ സാറാ ബ്രേഡി ബിൽ ക്ലിന്റൺ നടപ്പാക്കിയ 'അസ്സോൾട്ട് വെപ്പൺ ബാൻ' പിന്തുണച്ച്, ആ നിയമം സ്ഥിരമായി നിലനിർത്തുവാൻ അഭ്യർത്ഥിക്കുകയായിരുന്നു. ഡെമോക്രാറ്റിക് കൺവൻഷനിൽ ജോ ലിബർമാനോ തന്റെ ആത്മസുഹൃത്തും വിയറ്റ്നാം യുദ്ധഹീറോയും ഉറച്ച ദേശസ്നേഹിയുമായ ജോൺ മക്കൈന്റെ വ്യക്തിപ്രഭാവത്തെ പ്രശംസിച്ചാണ് റിപ്പബ്ലിക്കൻ കൺവൻഷനിൽ സംസാരിച്ചത്. റിപ്പബ്ലിക്കൻ നേതാക്കളായ ആഡം കിൻസിംഗർ, ജോർജിയയിലെ മുൻ ലഫ്. ഗവർണർ ജിയോഫ് ഡംങ്കൺ, ഡോണൾഡ് ട്രംപിന്റെ വൈറ്റ് ഹൗസ് സെക്രട്ടറി സ്റ്റെഫിനി ഗ്രിഷാം, വൈസ് പ്രസിഡണ്ട് മൈക്ക് പെൻസ്സിന്റെ ദേശസുരക്ഷാ സഹായി ഒലിവിയാ ട്രോയിസ്, അരിസോണയിലെ മിസ്സാ സിറ്റി മേയർ ജോൺ ഗൈൽസ്, ഫ്ളോറിഡയിൽ നിന്നുള്ള മാഗാ സപ്പോർട്ടർ റിച്ച് ലോഗിസ്, അലബാമയിൽ നിന്നുള്ള മുൻ ട്രംപ് അനുഭാവി കൈൽ സിറ്റ്സർ എന്നിവർ ഉൾപ്പെടുന്ന നീണ്ടനിര റിപ്പബ്ലിക്കൻ സാന്നിദ്ധ്യവും ട്രംപ് വിരുദ്ധ സന്ദേശങ്ങളും 2024 ഡെമോക്രാറ്റിക് കൺവൻഷൻ, ഇടുങ്ങിയ രാഷ്ട്രീയ നിലപാടുകൾക്കും വിഭാഗീയതയ്ക്കും അപ്പുറം അമേരിക്കയിൽ അലയടിക്കുന്ന ദേശീയതയുടെ ദൃഷ്ടാന്തമായിരുന്നു.


ഇല്ലിനോയിൽ നിന്നുള്ള മുൻ റിപ്പബ്ലിക്കൻ യുഎസ് കോൺഗ്രസ് അംഗവും 2021 ജനുവരി 6, തെരഞ്ഞെടുപ്പ് അട്ടിമറി കലാപം അന്വേഷിച്ച യുഎസ് കമ്മിറ്റി അംഗവുമായിരുന്ന ആഡം കിൻസിംഗർ പ്രസംഗിച്ചത് കൺവൻഷന്റെ നാലാംനാൾ കമലാ ഹാരിസ്സിന് തൊട്ട് മുമ്പായി പ്രൈം ടൈമിലാണ്. താനും തന്റെ കുടുംബാംഗങ്ങളും ഇപ്പോഴും പൂർണ്ണമായും റിപ്പബ്ലിക്കൻ അനുഭാവികളാണെന്നും മുൻ പ്രസിഡണ്ട് റൊണാൾഡ് റീഗൻ തന്റെ എക്കാലത്തെയും ഹീറോയാണെന്നും അദ്ദേഹം വെളിപ്പെടുത്തി. എന്നാൽ, ഡോണൾഡ് ട്രംപിന്റെ രാഷ്ട്രീയ നിലപാടുകളും സ്വഭാവ വൈകൃതങ്ങളും അംഗീകരിക്കാൻ തനിക്ക് ഒട്ടും സാദ്ധ്യമല്ലെന്നും അവ അമേരിക്കൻ ജനാധിപത്യത്തേയും ഭരണഘടനയേയും അസ്ഥിരപ്പെടുത്തുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. യാതൊരു തത്വദീക്ഷയുമില്ലാത്ത തികഞ്ഞ സ്വാർത്ഥവ്യക്തിയാണ് ട്രംപ് എന്നും അദ്ദേഹം ആരോപിച്ചു. യഥാർത്ഥ യാഥാസ്ഥിതികനല്ലാത്ത ഡോണൾഡ് ട്രംപ് ധാർമ്മികത നടിക്കുന്ന അവിശ്വാസിയാണെന്നും കരുത്തനെന്നു നടിക്കുന്ന ദുർബല വ്യക്തിയാണെന്നും അദ്ദേഹം വെളിപ്പെടുത്തി. റിപ്പബ്ലിക്കൻ പാർട്ടിയുടെ ആത്മാവ് ഡോണൾഡ് ട്രംപും അനുഭാവികളും മൂലം ശ്വാസംമുട്ട് അനുഭവിക്കുകയാണെന്നും ഈ അവസ്ഥയിൽ നിന്ന് തന്റെ പാർട്ടിയേയും അമേരിക്കയേയും രക്ഷിക്കുവാൻ ഡെമോക്രാറ്റിക് സ്ഥാനാർത്ഥി കമലാ ഹാരിസ്സിന് വോട്ട് ചെയ്യുവാൻ അദ്ദേഹം അമേരിക്കൻ ജനതയോട് അഭ്യർത്ഥിച്ചു. റിപ്പബ്ലിക്കൻ പാർട്ടി നിലകൊണ്ടിരുന്ന ദേശീയതയും ദേശസ്നേഹവും ഡെമോക്രാറ്റിക് പാർട്ടി നേതൃത്വത്തിലും അണികളിലും താൻ ദർശിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ജോർജിയയിലെ മുൻ റിപ്പബ്ലിക്കൻ ലഫ്. ഗവർണർ ജിയോഫ് ഡംങ്കണിന്റേതായിരുന്നു ഡെമോക്രാറ്റിക് കൺവൻഷനിലെ മറ്റൊരു ശക്തമായ പ്രഭാഷണം. ഡോണൾഡ് ട്രംപിന്റെ നുണപ്രചാരണങ്ങളും വഞ്ചനയും 2020 പ്രസിഡൻഷ്യനിലെ ജനവിധി അട്ടിമറിക്കാൻ നടത്തിയ ഗൂഢാലോചനകളും കലാപാഹ്വാനവും നിശിതമായി വിമർശിച്ച അദ്ദേഹം ഓവൽ ഓഫീസിൽ കാലുകുത്തുവാൻ അദ്ദേഹത്തെ ഒരിക്കൽകൂടി അനുവദിക്കരുതെന്ന് നീണ്ട ഹർഷാരവങ്ങൾക്കിടയിൽ ആഹ്വാനം ചെയ്തു. കമലാ ഹാരിസ്സ്-ടിം വാൻസ്സ് ടീമിന് വർദ്ധിച്ചു ലഭിക്കുന്ന റിപ്പബ്ലിക്കൻ സ്വീകാര്യതയുടെയും പിന്തുണയുടെയും പ്രതിഫലനമാകും മുൻ പ്രസിഡണ്ട് ജോർജ് ബുഷ്, മുൻ റിപ്പബ്ലിക്കൻ പ്രസിഡണ്ട് സ്ഥാനാർത്ഥികളായിരുന്ന അന്തരിച്ച സെനറ്റർ ജോൺ മക്കൈൻ, സെനറ്റർ മിറ്റ് റോമ്നി എന്നിവരുടെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിലെ സജീവ സാന്നിദ്ധ്യമായിരുന്ന 200-ലധികം വ്യക്തികൾ ഡെമോക്രാറ്റിക് സ്ഥാനാർത്ഥികൾക്ക് പ്രഖ്യാപിച്ച പരസ്യപിന്തുണ.

## പ്രൊഫ. എൻ. ശിവശങ്കരൻ നായരുടെ നിര്യാണത്തിൽ എസ്ബി അലുംമ്നി അനുശോചിച്ചു

**തോമസ് ഡിക്രൂസ്**

ചിക്കാഗോ: ചങ്ങനാശേരി എസ്ബി കോളജ് ഫിസിക്സ് വകുപ്പ് മേധാവിയായും ദീർഘകാലം മാതൃകാ അധ്യാപകനായും വ്യക്തിമുദ്ര പതിപ്പിച്ച പെരുന്ന ആനന്ദഭവനത്തിൽ (പുളിക്കൽ) പ്രൊഫ. എൻ. ശിവശങ്കരൻ നായർ (97) അന്തരിച്ചു. പ്രഗത്ഭനും പ്രതിഭാസമ്പന്നുമായിരുന്ന പ്രഫ. ശിവശങ്കരൻ നായരുടെ നിര്യാണത്തിൽ എസ്ബി ആൻഡ് അസംപ്ഷൻ അലുംമ്നി അസോസിയേഷൻ ചിക്കാഗോ ചാപ്റ്റർ ദുഃഖവും അനുശോചനവും അറിയിച്ചു.



എസ്ബി കോളജ് വിദ്യാർത്ഥികൾക്ക് ഹൃദ്യവും അവിസ്മരണീയവുമായ ഗുരുശിഷ്യബന്ധത്തിന്റെ ഓർമ്മകൾ സമ്മാനിച്ച പ്രഫ. ശിവശങ്കരൻ നായരുടെ വേർപാട് ചിക്കാഗോയിലെ അദ്ദേഹത്തിന്റെ ശിഷ്യർക്കും സഹപ്രവർത്തകർക്കും ദുഃഖകരമായ വാർത്തയാണെന്ന് പ്രസിഡണ്ട് ഡോ. മനോജ് നേര്യംപറമ്പിൽ പറഞ്ഞു. വിദ്യാർത്ഥികൾക്ക് മാതൃകാദ്ധ്യാപകനായിരുന്നുകൊണ്ട് പൊതുവിദ്യാഭ്യാസ രംഗത്തും എസ്.ബി. കോളജിനും അദ്ദേഹം നല്കിയ സംഭാവനകൾ എക്കാലവും അനുസ്മരിക്കപ്പെടുമെന്നും അദ്ദേഹത്തിന്റെ ശിഷ്യരാകുവാൻ ഭാഗ്യം ലഭിച്ച പൂർവ്വവിദ്യാർത്ഥികളായ പ്രഫ. ജെയിംസ് ഓലിക്കര, ജോസുകുട്ടി നടയ്ക്കപ്പാടം, ടോം വെട്ടികാട്, ജിജി മാടപ്പാട്, ജോൺ നടയ്ക്കപ്പാടം, ഷാജി ജോസഫ് കൈലാത്ത്, എം.പി. വാസുദേവൻപിള്ള, മാത്യു ഡാനിയേൽ എന്നിവർ സന്ദേശത്തിൽ പറഞ്ഞു. റിട്ട. എഇഒ എൻ. ആനന്ദവല്ലി അമ്മയാണ് ഭാര്യ. മക്കൾ: എസ്. ദിലീപ് (റിട്ട. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ കെഎസ്ഇബി), എസ്. പ്രദീപ് (റിട്ട. എക്സി. എൻജിനീയർ കേരഫെഡ്), എസ്. മനോജ് (സീനിയർ ജനറൽ മാനേജർ ഫിനോലക്സ് ബാംഗ്ലൂർ).

## സാഹിത്യവേദിയിൽ പ്രൊഫ. ഫിലിപ്പ് കല്ലട സംവദിക്കുന്നു

ചിക്കാഗോ: സാഹിത്യ വേദിയുടെ അടുത്ത സമ്മേളനം സെപ്റ്റംബർ 6-ന് വെള്ളിയാഴ്ച ചിക്കാഗോ സമയം വൈകുന്നേരം 7.30-ന് സൂം വെബ് കോൺഫറൻസ് വഴിയായി കൂടുന്നതാണ്. (Zoom Meeting Link https://us02web.zoom.us/j/81475259178 Passcode 2990 Meeting ID: 814 7525 9178)

കോട്ടയം പുതുപ്പള്ളി സ്വദേശിയായ പ്രൊഫ. ഫിലിപ്പ് കല്ലട കവിത അവതരിപ്പിക്കുകയും 'പ്രാർത്ഥനയുടെ പ്രത്യേകതകൾ' എന്ന വിഷയത്തെപ്പറ്റി സംസാരിക്കുകയും ചെയ്യുന്നതാണ്.

ലോകത്തിൽ ഭൂരിപക്ഷം ആളുകളും പ്രാർത്ഥിക്കുന്നവരാണ്. പ്രാർത്ഥനയെപ്പറ്റി ആറ് പ്രധാന കാര്യങ്ങൾ ചുരുക്കമായി ചർച്ച ചെയ്യുന്നതാണ്. പ്രാർത്ഥനയ്ക്കുള്ള പല ഘടകങ്ങൾ, ആരോട് പ്രാർത്ഥിക്കണം, എന്താണ് പ്രാർത്ഥിക്കുന്നത്, പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുന്നുണ്ടോ, നമ്മുടെ പ്രാർത്ഥന എങ്ങനെയുള്ളതായിരിക്കണം, രഹസ്യപ്രാർത്ഥന എന്നീ വിഷയങ്ങളാണ് ചർച്ച ചെയ്യുക. 'നാഥന്റെ മുമ്പിൽ' എന്ന അദ്ദേഹത്തിന്റെ കവിതയും അവതരിപ്പിക്കുന്നതാണ്.

പ്രൊഫ. ഫിലിപ്പ് കല്ലട കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നും മലയാളം എം.എ കഴിഞ്ഞ് കേരളത്തിലും തമിഴ്നാട്ടിലുമായി പല സ്കൂളുകളിലും പഠിപ്പിച്ചശേഷം കോയമ്പത്തൂരിലുള്ള കർപ്പകം കോളജിൽ പ്രൊഫസ്സർ ആയിരിക്കെ ജോലിയിൽ നിന്നും വിരമിച്ച് 2019 മുതൽ മകനോടൊപ്പം കാലിഫോർണിയായിലുള്ള ഫ്രെസ്നോ പട്ടണത്തിൽ താമസിക്കുന്നു. എജ്യൂക്കേഷനിലും ഫിലോസഫിയിലും രാഷ്ട്രമീമാംസയിലും മാസ്റ്റർ ബിരുദം നേടിയിട്ടുണ്ട്. അഞ്ചു കവിതാ സമാഹാരങ്ങളും ഒരു കഥാസമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്.



രാക്കിളിയുടെ ദിവാസ്വപ്നം (കവിതാസമാഹാരം), കർത്തൻ ജീവിതകവിതകൾ (കവിതാസമാഹാരം), ഓർമ്മയിൽ ഓടിക്കളിക്കുന്ന കുട്ടി (കഥാസമാഹാരം), പതിരില്ലാ ഗീതങ്ങൾ (കവിതാസമാഹാരം), ഇളംതളിരുകൾക്കൊരു പാട്ടുപുസ്തകം (കഥാവിതകൾ), വേനൽപ്പാടത്തെ യവമണികൾ (കവിതാസമാഹാരം) എന്നിവയാണ് അദ്ദേഹത്തിന്റെ കൃതികൾ.

ഓഗസ്റ്റ്മാസ സാഹിത്യ വേദിയിൽ ഡോ. പി.സി. നായർ രചിച്ച 'മേരി മഗ്ദലന്റെ ആത്മകഥ' എന്ന നോവലിന്റെ ആസ്വാദനം എസ്. അനിലാൽ അവതരിപ്പിച്ചു. നോവലിസ്റ്റും ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചത് സാഹിത്യവേദി അംഗങ്ങൾ വളരെയധികം ആസ്വദിച്ചു.

എല്ലാ സാഹിത്യവേദി സ്നേഹികളേയും സെപ്റ്റംബർ മാസ സാഹിത്യവേദിയിലേക്ക് സഹർഷം സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക്: പ്രസന്നൻ പിള്ള 630 935 2990, ജോൺ ഇലക്കാട് 773 282 4955.

## ഓസ്ട്രേലിയൻ നിയമസഭയിൽ മലയാളി




മെൽബൺ: ഓസ്ട്രേലിയയിൽ നിയമസഭാംഗമായി മലയാളി തെരഞ്ഞെടുക്കപ്പെട്ടു. നോർത്തേൺ ടെറിറ്ററി സംസ്ഥാന പാർലമെന്റിലേക്ക് നടന്ന തെരഞ്ഞെടുപ്പിലാണു കോട്ടയം പൂഞ്ഞാർ മൂന്നിലവ് പുന്നത്താനിയിൽ ജിൻസൺ ചാൾസ് തെരഞ്ഞെടുക്കപ്പെട്ടത്.

ആന്റോ ആന്റണി എംപിയുടെ അനുജൻ ചാൾസ് ആന്റണിയുടെ മകനായ ജിൻസൺ, ലേബർ പാർട്ടി സ്ഥാനാർത്ഥിയായാണു മത്സരിച്ചത്.


നേഴ്സിങ് ജോലിയുമായി 2011-ൽ എത്തിയ ജിൻസൺ ഇപ്പോൾ നോർത്ത് ടെറിറ്ററി സർക്കാരിന്റെ ടോപ് എൻഡ് മെന്റൽ ഹെൽത്ത് ഡയറക്ടറും ചാൾസ് ഡാർവിൻ യൂണിവേഴ്സിറ്റി ലക്ചററുമാണ്.

## കാനം അച്ചന്റെ നിര്യാണത്തിൽ പിസിനാക്കിന്റെ അനുശോചനം



കാനം അച്ചൻ

ചിക്കാഗോ: അഭിനിവേശമുള്ള ഒരു സുവിശേഷകനും യഥാർത്ഥ വിശ്വാസത്തിന്റെ ഒരു അതികായനുമായിരുന്നു കാനം അച്ചനെന്ന് പിസിനാക്ക് നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ അനുശോചനസന്ദേശത്തിൽ അറിയിച്ചു. ഉൾക്കാഴ്ചയുള്ള ഒരു ഗ്രന്ഥകർത്താവ് എന്ന നിലയിൽ ശ്രദ്ധേയനായ ദൈവപുരുഷനായിരുന്നു



അദ്ദേഹം. കായംകുളം എംഎസ്എം കോളജിൽ ഞങ്ങളുടെ പ്രയർ ഗ്രൂപ്പ് കോളജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഏകദിന സമ്മേളനത്തിൽ സംസാരിക്കാൻ വന്ന ദിവസം ഞാൻ സ്നേഹത്തോടെ ഓർക്കുന്നു. ഹെബ്രോൻ ബൈബിൾ കോളജിലെ വിദ്യാർത്ഥി ആയിരിക്കെ കുമ്പനാടിനടുത്തുള്ള കൺവൻഷനുകളിൽ അദ്ദേഹത്തിന്റെ ശക്തമായ സന്ദേശം കേൾക്കാനുള്ള അവസരം എനിക്കും എന്റെ സുഹൃത്തുക്കൾക്കും ലഭിച്ചു. അദ്ദേഹത്തിന്റെ പഠിപ്പിക്കലുകളും ലേഖനങ്ങളും പുസ്തകങ്ങളും അവിശ്വസനീയമാംവിധം വിജ്ഞാനപ്രദവും എന്റെ ആത്മീയ യാത്രയെ വളരെയധികം സ്വാധീനിച്ചതുമാണെന്ന് അദ്ദേഹം അനുസ്മരിച്ചു.

അച്ചന്റെ വിയോഗത്തിൽ ദുഃഖിതരായിരിക്കുന്ന കുടുംബാംഗങ്ങൾക്കും സഭാവിശ്വാസികൾക്കും ഉണ്ടായ അഗാധമായ നഷ്ടത്തിൽ ഞങ്ങളും പങ്കുചേരുന്നു. പിസിഎൻഎകെ 2026 ടീമിനും ചിക്കാഗോയിലെ സെലിബ്രേഷൻ ചർച്ചിനും വേണ്ടിയുള്ള ദുഃഖവും പ്രത്യാശയും ഞങ്ങൾ അറിയിക്കുന്നു.

മഞ്ജുളചിന്തകൾ

## അഹി മൂഷികന്യായം

ഒരു പാമ്പാട്ടി കുറേ പാമ്പുകളെ കൂടകളിലാക്കി ഒരു മുറിയിൽ സൂക്ഷിച്ചിരുന്നു. അവിടെ താമസം തുടങ്ങിയ ഒരു എലിക്ക് ഈ കൂടകളെക്കുറിച്ച് വല്ലാത്തൊരു ജിജ്ഞാസ! എന്താണിത്? എനിക്കുള്ള ആഹാരമാണോ? എന്താണെന്ന് അറിയേണം. എലി 'സ്കെച്ചും പ്ലാനുമിട്ട്' പതുക്കെ കൂടയിൽ കരണ്ട് തുടങ്ങി. മണിക്കൂറുകൾ ചിലതു കഴിഞ്ഞു. സാമാന്യം വലിപ്പമുള്ള ഒരു ദ്വാരം. എന്തോ കൂടയ്ക്കുള്ളിൽ അനങ്ങുന്നുണ്ട്. അല്പം കഴിഞ്ഞ് ഇതാ അതിനുള്ളിൽ ഇരുന്ന ഉഗ്രസർപ്പം (അഹി) വെളിയിലേക്കു വന്ന് എലിയെ തന്റെ ആഹാരമാക്കി. എലിയുടെ ആഗ്രഹനിവർത്തിക്കു വേണ്ടി അടച്ചുവെച്ചിരുന്ന കൂട തുരന്നതിന്റെ ഫലം ഭയങ്കരം തന്നെ. ഇഷ്ടം അനിഷ്ടമായിപ്പോയി.

അടഞ്ഞിരിക്കുന്ന വാതിലുകളോ എന്തുമായിക്കൊള്ളട്ടെ അതിനെ മാന്തുവാനോ മുട്ടുവാനോ തുടങ്ങുന്നതിനു മുന്നേ ഒന്നു ചിന്തിക്കേണ്ടതല്ലേ വേണോയിത്? എന്താണനന്തര ഫലം? അതിനുള്ളിൽ പാമ്പാണോ അതോ പിമ്പാണോയെന്നു ചിന്തിച്ചിട്ടു വേണ്ടേ കൈക്രിയകൾക്ക് ഉദ്ഘാടനകർമ്മങ്ങൾ തുടങ്ങാൻ. തുരക്കുന്ന എലി ഒരുപക്ഷേ കൂട്ടത്തിലെ 'സൂപ്പർ എലി' ആയിരിക്കാം അല്ലെങ്കിൽ എലിക്കൂട്ടത്തിൽ നിന്നും ഏറ്റവും കൂടുതൽ വോട്ടു നേടിയ പ്രതിനിധിയായിരിക്കാം. എന്നാൽ പാമ്പൊണ്ടോ ഇതൊന്നും നോക്കുന്നില്ലല്ലോ. മൂഷികന്യായം മൂഷികന് പറയാനുണ്ടാകും. എന്നാൽ സർപ്പത്തിനു മുന്നിൽ എലി രക്ഷപ്പെടുമോ?

സ്ഥാനംകൊണ്ട് വലിയവൻ ആയാൽ മറ്റെല്ലാവരും തന്റെ ഉപഭോഗവസ്തുക്കൾ ആണെന്ന് ചിന്തിക്കുന്നവരുണ്ടെന്നു കേൾക്കുന്നു. അത് പണ്ടേ കാലം. നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ കാര്യങ്ങൾ കൈവിട്ട കാര്യം അവർ അറിയുന്നില്ലെന്നാണോ? കേൾക്കുന്ന വാർത്തകൾ നമ്മേ അമ്പരപ്പിക്കുകയല്ലേ? താരങ്ങൾ തറകളായിത്തീരുന്ന ഈ കാലങ്ങളിൽ ചിന്തകൾ പാവനമായി സൂക്ഷിച്ചില്ലെങ്കിൽ കൂടയ്ക്കുള്ളിലെ മൂർഖൻ വെളിയിൽ വരും, അവകൾ നമ്മെ വിഴുങ്ങിക്കളയും. ആർക്കും രക്ഷിക്കുവാൻ കഴിയുകയില്ല. അതുവരെ കൂടെനിന്നവർ അപരിചിതരെപ്പോലെ മാറിനില്ക്കും. ഉണ്ടെന്നു തോന്നുന്ന സ്ഥാനമാനങ്ങൾ വീണുടയും. വാരിക്കൂട്ടിയതൊക്കെയും വക്കീലും മറ്റും കണക്കു പറഞ്ഞു കണക്കില്ലാതെ കൊണ്ടുപോകും.



പാസ്റ്റർ ജോൺസൺ സഖറിയ

'അഗതികളിൽ കർത്തൃത്വം നടത്തുന്ന ദുഷ്ടൻ ഗർജ്ജിക്കുന്ന സിംഹത്തിനും ഇരതേടി നടക്കുന്ന കരടിക്കും തുല്യൻ' സദൃശ. 28:15. ഈ ബൈബിൾ സൂക്തം എത്രയോ ആനുകാലിക പ്രാധാന്യമുള്ളതാണ്. പദവികളും അധികാരങ്ങളും ദുഷ്ടന്റെ കരങ്ങളിലെത്തിയാൽ അവൻ എല്ലാറ്റിനെയും തന്റെ ഭോഗത്തിനുള്ള ഭോജനവസ്തുവായിട്ടേ കാണുകയുള്ളു. കുരുന്നിനെപ്പോലും ശേഷിപ്പിക്കുകയില്ല. മനുഷ്യത്വം ലവലേശമില്ലാത്ത കാട്ടുമൃഗങ്ങൾ! ഏത് അധമനേയും ഉത്തമനാക്കാൻ പ്രാപ്തരായ വ്യവഹാരി ഉള്ളിടത്തോളം ചെമ്പും നമുക്ക് തങ്കമാക്കാം. ഇര, മണ്ണിരകളെപ്പോലെ ഒതുങ്ങും, വേട്ടക്കാരൻ ആർക്കെന്നെ പിടിച്ചുകെട്ടാൻ കഴിയുമെന്നു ചോദിക്കുന്ന അശ്വമേധത്തെപ്പോലെ രംഗത്തുണ്ടായിരിക്കും.

'എന്റെ നാവാണ് എനിക്ക് തുണ' എന്ന് അഭിമാനിക്കുന്ന പലരേയും നമുക്ക് അറിയാം, അല്ലേ? പലപ്രാവശ്യം നാം നമ്മുടെ വാക്സാമർത്ഥ്യത്താൽ പല നിരപരാധികളെയും തോല്പിച്ചു എന്നതിൽ അഭിമാനം കൊള്ളുകയല്ലേ? എത്രയോ ന്യായങ്ങളെ അന്യായങ്ങൾ കൊണ്ട് കുഴിവെട്ടി മൂടിയില്ലേ? എന്നാൽ, അങ്ങനെയുള്ളവർ അറിയണം, എത്ര മൂടിമറച്ചാലും സത്യങ്ങൾ നശിക്കുന്നില്ല. അവകൾ കിളിർത്തുവരും. ന്യായമേ ഒടുവിൽ വിജയിക്കുകയുള്ളൂ. മൂഷികന് ന്യായം പറയാം, നീ എന്റെ ആഹാരമാണ്. എന്നാൽ, പാമ്പ് പറയും എന്നെ തിന്നുവാൻ നിനക്കാകുകയില്ല. എന്തിന് നീ എന്റെ കൂടിന്റെ അരികെ വന്നു? എന്തിനാണ് പലപ്രാവശ്യം മുട്ടിയത്? എന്നെ ഇറക്കിവിട്ടത്? ഇനി നീയാണ് അകത്ത്.

## പാലക്കാട് വ്യവസായ നഗരത്തിന് ആഗോള ടെൻഡർ

തിരുവനന്തപുരം: കൊച്ചി-ബെംഗ്ലൂര് വ്യവസായ ഇടനാഴി പദ്ധതിയുടെ ഭാഗമായ പാലക്കാട് വ്യവസായ നഗരത്തിനായി ആഗോള ടെൻഡർ ക്ഷണിക്കുമെന്ന് മന്ത്രി പി. രാജീവ്. ഇതിനായി സമയക്രമം നിശ്ചയിച്ചു. വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷിന്റെ നേതൃത്വത്തിൽ ടാസ്ക് ഫോഴ്സും രൂപീകരിച്ചു. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ (പിഎംസി) നിയമിക്കാനും തീരുമാനിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് 50 ശതമാനം വീതം പങ്കാളിത്തമുള്ള പദ്ധതി കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡവലപ്മെന്റ് കോർപറേഷൻ എന്ന എസ്പിവി (സ്പെഷൽ പർപ്പസ് വെഹിക്കിൾ) മുഖേനയാണ് നടപ്പാക്കുന്നത്. ആഗോള ടെൻഡർ വിളിക്കുന്നത് ഉൾപ്പെടെയുള്ള ചുമതല എസ്പിവിക്കാണ്. പദ്ധതി പ്രദേശത്തിന് പ്രത്യേക ടൗൺഷിപ് പദവിയും നല്കും. പദ്ധതിയിൽ 55000 പേർക്കെങ്കിലും നേരിട്ട് തൊഴിൽ ലഭിക്കുമെന്ന് മന്ത്രി പറഞ്ഞു. വ്യവസായങ്ങൾക്ക് ഏകജാലക സംവിധാനത്തിലൂടെ അനുമതി നല്കും. പരിസ്ഥിതിക്ക് അനുയോജ്യമായ വ്യവസായങ്ങൾ സ്ഥാപിക്കും. പദ്ധതി സംസ്ഥാനത്ത് 10,000 കോടി രൂപയുടെ നിക്ഷേപം കണ്ടെത്തുമെന്നാണ് പ്രതീക്ഷയെന്നും മന്ത്രി പറഞ്ഞു.



# ആന്ധ്രയിലും തെലങ്കാനയിലും കനത്ത മഴ, വെള്ളപ്പൊക്കം

ഹൈദരാബാദ്: ആന്ധ്രാപ്രദേശ്, തെലങ്കാന സംസ്ഥാനങ്ങളിൽ മഴക്കെടുതിയിൽ 27 മരണം. തെലങ്കാനയിൽ 15 പേർ മരിച്ചതായി റവന്യൂമന്ത്രി പൊങ്കുലേട്ടി ശ്രീനിവാസ് റെഡ്ഡി പറഞ്ഞു. ആന്ധ്രാപ്രദേശിൽ ഓഗസ്റ്റ് 31 മുതൽ തുടരുന്ന മഴക്കെടുതിയിൽ 12 പേർ മരിച്ചു. കനത്ത മഴയിൽ വിവിധ പ്രദേശങ്ങൾ വെള്ളത്തിനടിയിലായി. ഇരു സംസ്ഥാനങ്ങളിലെയും നദികൾ കരകവിഞ്ഞൊഴുകുകയാണ്.

ദേശീയ-സംസ്ഥാന ദുരന്തനിവാരണ സേനകൾ ആയിരക്കണക്കിന് ആളുകളെ വെള്ളപ്പൊക്ക പ്രദേശങ്ങളിൽനിന്ന് ദുരിതാശ്വാസ ക്യാംപുകളിലേക്കു മാറ്റിപ്പാർപ്പിച്ചു. റെയിൽ, റോഡ് ഗതാഗതവും താറുമാറായി. ഇതുവരെ നൂറിലധികം ട്രെയിനുകൾ റദ്ദാക്കി. കൊച്ചുവേളി-കോർബ എക്സ്പ്രസ്, ബിലാസ്പുർ-എറണാകുളം എക്സ്പ്രസ്, എറണാകുളം-ബിലാസ്പുർ എക്സ്പ്രസ് എന്നിവയും റദ്ദാക്കിയവയിൽ ഉൾപ്പെടുന്നു. ആന്ധ്രാപ്രദേശ്, തെലങ്കാന എന്നിവിടങ്ങളിൽകൂടി കടന്നുപോകുന്ന ദക്ഷിണ സെൻട്രൽ റെയിൽവേയുടെ നിരവധി ട്രെയിനുകൾ വഴിതിരിച്ചുവിട്ടു.

കനത്ത മഴയിൽ നഗരത്തിന്റെ പല ഭാഗങ്ങളിലും വെള്ളക്കെട്ട് രൂപപ്പെട്ടതോടെ ഹൈദരാബാദിൽ സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചു. തെലങ്കാനയിലെ അദിലാബാദ്, നിസാമാബാദ്, രാജന്ന സിർസില്ല, യാദാദ്രി ഭുവൻഗിരി, വികാരാബാദ്, സംഗറെഡ്ഡി, കാമറെഡ്ഡി, മഹബൂബ്നഗർ ജില്ലകളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് റെഡ് അലർട്ട് പ്രഖ്യാപിച്ചു. മുഖ്യമന്ത്രി രേവന്ത് റെഡ്ഡിയുടെ അധ്യക്ഷതയിൽ അടിയന്തര അവലോകന യോഗം ചേർന്നു. ഉദ്യോഗസ്ഥരോട് ജാഗ്രതപാലിക്കാനും പ്രളയബാധിത പ്രദേശങ്ങളിൽ അടിയന്തര സഹായത്തിന് നടപടി സ്വീകരിക്കാനും നിർദേശം നൽകി. അടിയന്തര ആവശ്യങ്ങൾക്കു മാത്രമേ വീടുകളിൽനിന്ന് പുറത്തിറങ്ങാവൂ എന്നും മുഖ്യമന്ത്രി ജനങ്ങളോട് അഭ്യർത്ഥിച്ചു.

ആന്ധ്രാപ്രദേശിൽ ഏറ്റവും കൂടുതൽ നാശം വിതച്ച വിജയവാഡ ജില്ലയിൽ, ബുഡമേരു നദി കരകവിഞ്ഞൊഴുകിയതോടെ പല നഗര പ്രദേശങ്ങളും വെള്ളത്തിനടിയിലായി. ശ്രീകാകുളം, വിജയനഗരം, പാർവതിപുരം മന്യം, അല്ലൂരി സീതാരാമ രാജു, കാക്കിനട, നന്ദ്യാല ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ് നൽകി.



വിജയവാഡയിലെ പ്രളയബാധിത മേഖലകളിൽ ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡുവും സംഘവും സന്ദർശനം നടത്തുന്നു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.92 |
| യൂറോ | 92.87 |
| സ്റ്റെർലിംഗ്പൗണ്ട് | 110.23 |
| സ്വിസ് ഫ്രാങ്ക് | 98.64 |
| സിംഗപ്പൂർ ഡോളർ | 64.21 |
| കനേഡിയൻ ഡോളർ | 62.19 |
| ഒമാൻ റിയാൽ | 218.00 |
| ബഹ്റൈൻ ദിനാർ | 222.69 |
| സൗദി റിയാൽ | 22.36 |
| യു.എ.ഇ. ദിർഹം | 22.85 |
| കുവൈത്ത് ദിനാർ | 274.61 |

## ആത്മകഥ പുറത്തിറക്കുമെന്ന് ജയരാജൻ

കണ്ണൂർ: തന്റെ രാഷ്ട്രീയജീവിതവും ഇത്രയും നാളും കടന്നുവന്ന വഴികളും നേരിട്ട വിവാദങ്ങളും എല്ലാം ഉൾപ്പെടുത്തിയുള്ള ആത്മകഥ ഉടൻ പുറത്തിറങ്ങുമെന്ന് എൽഡിഎഫ് സംസ്ഥാന കൺവീനർ സ്ഥാനത്തുനിന്ന് ഒഴിവാക്കപ്പെട്ട സിപിഎം കേന്ദ്ര കമ്മിറ്റിയംഗം ഇ.പി. ജയരാജൻ. രാഷ്ട്രീയ ജീവിതവും വിവാദങ്ങളുമെല്ലാം തുറന്നെഴുതിയേക്കുമെന്നാണ് സൂചന. ഒരു സ്വകാര്യ ചാനലിനു നല്കിയ അഭിമുഖത്തിലാണ് ഇ.പി. ഇക്കാര്യം പറഞ്ഞത്. സാധാരണഗതിയിൽ തനിക്ക് പറയാനുള്ളത് തുറന്നടിക്കാറുള്ള ഇ.പി. ജയരാജൻ, എൽഡിഎഫ് കൺവീനർ സ്ഥാനത്തു നിന്ന് ഒഴിവാക്കപ്പെട്ട സാഹചര്യത്തിലും പൂർണ സംയമനം പാലിച്ചാണ് മാധ്യമങ്ങളോട് പ്രതികരിച്ചതെന്നത് ശ്രദ്ധേയമാണ്.

സിപിഎമ്മിന്റെ കണ്ണൂരിലെ ജയരാജന്മാരിൽ പ്രമുഖനായ ഇ.പി. ജയരാജൻ ആറു പതിറ്റാണ്ട് നീണ്ട തന്റെ പാർട്ടിജീവിതം ആത്മകഥയിലൂടെ എഴുതുമ്പോൾ പാർട്ടിക്കുള്ളിലെ പല കാര്യങ്ങളും തുറന്നു പറഞ്ഞേക്കുമെന്നാണ് കരുതുന്നത്. പലപ്പോഴായി പാർട്ടിക്കുള്ളിൽ നിന്നുതന്നെ ഇ.പിയെ ലക്ഷ്യമിട്ട് നടത്തിയ വേട്ടയാടലുകളുടെ കഥകളും ആത്മകഥയിൽ ഉണ്ടായേക്കും. ബിജെപി നേതാവ് പ്രകാശ് ജാവദേക്കറുമായുള്ള കൂടിക്കാഴ്ചയുടെ യഥാർത്ഥ വിവരങ്ങൾ, റിസോർട്ടുമായി ബന്ധപ്പെട്ട് പാർട്ടിക്കുള്ളിൽ നിന്നുണ്ടായ വേട്ടയാടൽ, പാർട്ടിക്കുള്ളിൽ തന്നെ ഒതുക്കിയ നീക്കങ്ങൾ, ഇവയ്ക്കു പിന്നിൽ പ്രവർത്തിച്ചവർ എന്നിവയെല്ലാം ആത്മകഥയിലുണ്ടായാൽ സിപിഎം കടുത്ത പ്രതിരോധത്തിലാകും.

## ഹൈറിച്ച് കേസ്: കുറ്റപത്രം സമർപ്പിച്ചു

കൊച്ചി: തൃശൂരിലെ ഹൈറിച്ച് ഓൺലൈൻ ഷോപ്പി പ്രൈവറ്റ് ലിമിറ്റഡ് എന്ന മൾട്ടി ലവൽ മാർക്കറ്റിങ് കമ്പനി 1652 കോടി രൂപയുടെ കള്ളപ്പണം വെളുപ്പിച്ച കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) കുറ്റപത്രം സമർപ്പിച്ചു.

മണി ചെയിൻ മാതൃകയിൽ ഹൈറിച്ച് കമ്പനി 3,141 കോടി രൂപയുടെ നിക്ഷേപത്തട്ടിപ്പ് നടത്തിയെന്നായിരുന്നു കേസ്. ഇതിൽ 1652 കോടി രൂപയുടെ തട്ടിപ്പാണ് ഇ.ഡി കണ്ടെത്തിയിരിക്കുന്നത്. മാനേജിങ് ഡയറക്ടർ കെ.ഡി. പ്രതാപൻ, ഭാര്യയും സിഇഒയുമായ ശ്രീന എന്നിവരടക്കം 17 പേരാണ് പ്രതിപ്പട്ടികയിലുള്ളത്. ഉടമകൾക്കു പുറമെ കമ്പനിയുടെ മുഖ്യ പ്രമോട്ടർമാരായ റീത്ത, റിയാസ്, സിന്ധുപ്രകാശ്, ദിലീപ് ഷാജു, ടി.പി. അനിൽകുമാർ, സുരേഷ് ബാബു, ദിനുരാജ്, ഫിജിഷ്കുമാർ, അമ്പിളി ഏബ്രഹാം, പി. ഗംഗാധരൻ, വി.എ. സമീർ, ടി.ജെ. ജിനിൽ, ടി.എം. കനകരാജ്, എം. ബഷീർ, പി. ലക്ഷ്മണൻ, ഷമീന, മുനവർ, പ്രശാന്ത് പി. നായർ എന്നിവരാണ് കേസിലെ മുഖ്യപ്രതികൾ.

കേസിൽ കേരള പോലീസ് നേരത്തെ 28 എഫ്ഐആറുകൾ രജിസ്റ്റർ ചെയ്തിരുന്നെങ്കിലും ഇതിൽ ഒന്നിൽ പോലും പ്രതികളെ അറസ്റ്റ് ചെയ്യുകയോ കുറ്റപത്രം സമർപ്പിക്കുകയോ ചെയ്തിട്ടില്ല. പ്രതികളുടേതായി നാട്ടിൽ കണ്ടെത്തിയ 227 കോടി രൂപയുടെ സ്വത്തുവകകൾ അന്വേഷണസംഘം കണ്ടുകെട്ടിയിട്ടുണ്ട്. ഹൈറിച്ച് ഗ്രോസറി ബിസിനസ്, ഫാം സിറ്റി, എച്ച്.ആർ. ക്രിപ്റ്റോ, എച്ച്ആർ ഒടിടി തുടങ്ങി പദ്ധതികൾ പ്രഖ്യാപിച്ച് വലിയ ലാഭവിഹിതം വാഗ്ദാനം ചെയ്താണ് നിക്ഷേപകരെ കബളിപ്പിച്ചത്. തട്ടിപ്പിൽ പങ്കാളികളായ മറ്റു പ്രമോട്ടർമാരെക്കുറിച്ചുള്ള അന്വേഷണം ഇഡി തുടരുകയാണ്.

## കുറ്റപത്രം സമർപ്പിച്ച ശേഷവും എഫ്ഐആർ റദ്ദാക്കാം: സുപ്രീംകോടതി

ന്യൂഡൽഹി: കുറ്റപത്രം ഫയൽ ചെയ്തശേഷവും ഹൈക്കോടതിക്ക് എഫ്ഐആർ റദ്ദാക്കാമെന്ന് സുപ്രീംകോടതി. നടപടി തുടരുന്നത് നിയമദുരുപയോഗമാകുമെന്ന് ബോദ്ധ്യപ്പെട്ടാൽ ക്രിമിനൽ നടപടിച്ചട്ടത്തിന്റെ 482-ാം വകുപ്പുപ്രകാരം ഹൈക്കോടതിക്ക് എഫ്ഐആർ റദ്ദാക്കാം. ഗുജറാത്തിലെ ഗാർഹിക പീഡനക്കേസിലാണ് ജസ്റ്റിസ് ദീപാങ്കർ ദത്ത അദ്ധ്യക്ഷനായ ബെഞ്ചിന്റെ നിരീക്ഷണം.

ഭർത്താവിനും ഭർത്തൃവീട്ടുകാർക്കുമെതിരായ ഗാർഹിക പീഡന പരാതിയിലെ എഫ്ഐആർ റദ്ദാക്കിയാണ് നിലപാട് വ്യക്തമാക്കിയത്. 2002-ൽ രജിസ്റ്റർ ചെയ്ത എഫ്ഐആർ റദ്ദാക്കാൻ ഗുജറാത്ത് ഹൈക്കോടതി വിസമ്മതിച്ചതിനെതിരെ ഭർത്തൃവീട്ടുകാർ സുപ്രീംകോടതിയെ സമീപിക്കുകയായിരുന്നു. ഭർത്തൃവീട്ടുകാർക്കെതിരെ പ്രഥമദൃഷ്ട്യാ കേസ് നിലനിൽക്കുമെന്നും അന്വേഷണ ഉദ്യോഗസ്ഥൻ കുറ്റപത്രം നല്കിയതാണെന്നും നിരീക്ഷിച്ചാണ് ഹൈക്കോടതിയുടെ നടപടി.




# കർഷകസമരം വേദനിപ്പിക്കുന്നു: വിനേഷ് ഫോഗട്ട്

ന്യൂഡൽഹി: കാർഷികവിളകളുടെ താങ്ങുവില വർധന ഉൾപ്പെടെയുള്ള ആവശ്യങ്ങളുന്നയിച്ച് സമരം ചെയ്യുന്ന കർഷകർക്കു പിന്തുണ പ്രഖ്യാപിച്ച് ഗുസ്തി താരം വിനേഷ് ഫോഗട്ട് എത്തി. പഞ്ചാബ്-ഹരിയാന അതിർത്തിയിലെ ശംഭുവിൽ നടക്കുന്ന സമരത്തിന്റെ 200-ാം ദിവസമാണു താരം എത്തിയത്. കർഷകർ സമരമിരിക്കുന്നതു വേദനിപ്പിക്കുന്ന കാഴ്ചയാണെന്ന് വിനേഷ് പറഞ്ഞു.

'നിങ്ങളുടെ മകൾ നിങ്ങൾക്കൊപ്പമുണ്ട്' - വിനേഷ് കർഷകരോടു പറഞ്ഞു. നിയമവിരുദ്ധമായി കർഷകർ ഒന്നും ആവശ്യപ്പെടുന്നില്ലെന്നും അവർക്കു നൽകിയ വാഗ്ദാനം പാലിക്കാൻ കേന്ദ്രസർക്കാർ തയാറാകണമെന്നും പറഞ്ഞു.



കർഷകസമരം നടക്കുന്ന പഞ്ചാബ്-ഹരിയാന അതിർത്തിയിലെ ശംഭുവിൽ എത്തിയ ഗുസ്തി താരം വിനേഷ് ഫോഗട്ടിനെ കർഷകർ ആദരിച്ചപ്പോൾ.

ഈ വർഷമാദ്യം ഗുസ്തി ഫെഡറേഷന്റെ മുൻ പ്രസിഡണ്ട് ബ്രിജ് ഭൂഷൺ ശരൺ സിങ്ങിനെതിരെ വിനേഷ് ഉൾപ്പെടെയുള്ളവർ സമരം ചെയ്തപ്പോൾ കർഷകർ പിന്തുണയുമായി എത്തിയിരുന്നു. ഹരിയാനയിലെ ബലാലി സ്വദേശിയായ വിനേഷ് ഫോഗട്ട് വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുമെന്ന് അഭ്യൂഹങ്ങളുണ്ട്.

# ചക്കക്കൊമ്പനുമായി ഏറ്റുമുട്ടിയ മുറിവാലൻ ചരിഞ്ഞു

രാജകുമാരി: കാട്ടുകൊമ്പൻ ചക്കക്കൊമ്പനുമായുള്ള ഏറ്റുമുട്ടലിൽ പരുക്കേറ്റ് അവശനിലയിലായ മുറിവാലൻ കൊമ്പൻ ചരിഞ്ഞു. കഴിഞ്ഞ് 21-ന് ചക്കക്കൊമ്പനുമായുള്ള ഏറ്റുമുട്ടലിൽ പതിനഞ്ച് ഇടങ്ങളിലാണ് മുറിവാലന് പരുക്കേറ്റത്. ഇടതുകാലിന്റെ സ്വാധീനം നഷ്ടപ്പെട്ട മുറിവാലൻ കൊമ്പനെ പെരിയകനാൽ-ചിന്നക്കനാൽ റോഡിൽ നിന്ന് 500 മീറ്റർ അകലെയുള്ള കാട്ടിലാണ് അവശനിലയിൽ കണ്ടെത്തിയത്.



ചക്കക്കൊമ്പനുമായുള്ള ഏറ്റുമുട്ടലിൽ പരുക്കേറ്റ് ചരിഞ്ഞ മുറിവാലൻ കൊമ്പൻ.

വനംവകുപ്പ് വെറ്ററിനറി സർജൻ ഡോ. അനുരാജിന്റെ നേതൃത്വത്തിൽ മരുന്നുകൾ നല്കിയിരുന്നു. കൊമ്പനെ ചികിത്സിക്കുന്നതിനായി വനംവകുപ്പ് ചീഫ് വെറ്ററിനറി ഓഫീസർ ഡോ. അരുൺ സക്കറിയായുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘത്തെയും നിയോഗിച്ചിരുന്നു. എന്നാൽ, ഡോ. അരുണും സംഘവും എത്തും മുൻപേ മുറിവാലൻ കൊമ്പൻ ചരിഞ്ഞു.

കഴിഞ്ഞ ജൂൺ 14-ന് ചക്കക്കൊമ്പന്റെ ആക്രമണത്തിൽ പരുക്കേറ്റ് രണ്ട് വയസ്സുള്ള ഒരു കുട്ടിക്കൊമ്പിനും പരുക്കേറ്റിരുന്നു. നിലവിൽ ചക്കക്കൊമ്പന് മദപ്പാട് മൂർധന്യാവസ്ഥയിലാണെന്ന് ദേവികുളം റേഞ്ച് ഓഫീസർ പി.വി. റെജി പറഞ്ഞു.

# ജിനു ജോർജിനും കെ.ശിവപ്രസാദിനും ദേശീയ അധ്യാപക പുരസ്കാരം

ന്യൂഡൽഹി: ആലപ്പുഴ എസ്ഡിവി ബോയ്സ് ഹൈസ്കൂളിലെ ജിനു ജോർജ്, പാലക്കാട് തച്ചനാട്ടുകര കുണ്ടൂർക്കുന്ന് വിപിഎയുപി സ്കൂളിലെ കെ. ശിവപ്രസാദ് എന്നിവർ ഈ വർഷത്തെ ദേശീയ സ്കൂൾ അധ്യാപക അവാർഡിന് അർഹരായി.

ഇന്ത്യയൊട്ടാകെ സ്കൂൾ വിഭാഗത്തിൽനിന്ന് 50 പേരെയാണ് അവാർഡിനായി തെരഞ്ഞെടുത്തിരിക്കുന്നത്. പുറമേ ഉന്നത വിദ്യാഭ്യാസ മേഖലയിൽനിന്നും നൈപുണ്യ ശേഷി മേഖലയിൽനിന്നും 16 പേരെ വീതവും തെരഞ്ഞെടുത്തിട്ടുണ്ട്. ദേശീയ അധ്യാപക ദിനമായ അഞ്ചിനു ഡൽഹിയിലെ വിഗ്യാൻ ഭവനിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ സമ്മാനിക്കും.



ജിനു ജോർജ്

ചിത്രകലാ അധ്യാപകനായ ജിനു ജോർജ് നേതൃത്വം നൽകിയ സ്കൂളിലെ ചിൽഡ്രൻസ് ആർട്ട് ഗാലറി, ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള ചിത്രകലാ പരിശീലനം, സ്റ്റുഡന്റ്സ് പോലീസ് കെഡറ്റ്, ലിറ്റിൽ കൈറ്റ്സ് എന്നിവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയാണു പുരസ്കാരം. 2021-ൽ കോവിഡ് കാലത്തെ പ്രവർത്തനങ്ങൾക്ക് ഉപരാഷ്ട്രപതി വെങ്കയ്യ നായിഡുവിൽനിന്നു പ്രശംസാപത്രം ലഭിച്ചിരുന്നു. ആലപ്പുഴ പഴവീട് തൊടുവേലി. ഭാര്യ: സിസിലി ജിനു (അധ്യാപിക). മക്കൾ: ഗ്രേറ്റ് ജെ. ജോർജ്, ഗ്രേറ്റ ജെ. ജോർജ്.

തച്ചനാട്ടുകര പാലോട് സ്വദേശിയായ കെ. ശിവപ്രസാദിന്റെ നേതൃത്വത്തിൽ നടത്തിയ പഠനോപകരണം, എൽഇഡി ബൾബ്, സോപ്പ്, ഡിറ്റർജന്റ് നിർമാണ പരിശീലനങ്ങൾ, അധ്യാപക പരിശീലനം, കാഴ്ച വെല്ലുവിളി നേരിടുന്നവർക്കുള്ള ഓഡിയോ ബുക്ക് സംവിധാനം, പഠനപദ്ധതി രൂപീകരണം, ഡിജിറ്റൽ മാസിക പ്രസിദ്ധീകരണം, ബാലസാഹിത്യരചന തുടങ്ങിയ പ്രവർത്തനങ്ങളാണു പുരസ്കാരത്തിന് അർഹമാക്കിയത്. 2022-ലെ സംസ്ഥാന അധ്യാപക അവാർഡ്, വിദ്യാസാഹിതി സാഹിത്യ പുരസ്കാരം തുടങ്ങിയവ നേടിയിട്ടുണ്ട്. ഭാര്യ: കെ. സൗമ്യ. മക്കൾ: ആതിര, ആദിത്യൻ.

# പാസ്റ്റർ സാം മാത്യു അന്തരിച്ചു



ഡാളസ്: പാസ്റ്റർ സാം മാത്യു (66) ഡാളസിൽ അന്തരിച്ചു. ഏഴംകുളം കുഴിഞ്ഞവിളയിൽ കുടുംബാംഗമാണ്. ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ അടൂർ വെസ്റ്റ് ശുശ്രൂഷകൻ, അടൂർ വെസ്റ്റ് സെന്ററിൽ പുതുമല, തെങ്ങമം, തേപ്പുപ്പാറ, മണക്കാല, കിഴക്കുപുറം, പനന്തോപ്പ്, പള്ളിക്കൽ എന്നിവിടങ്ങളിലും ബാംഗ്ളൂർ മതിക്കര, ഡാളസ് സയോൺ ചർച്ച് എന്നീ സഭകളിലും ദൈവികശുശ്രൂഷയിൽ ആയിരുന്നിട്ടുണ്ട്. നിലവിൽ ഡാളസ് ഇർവിംഗിലുള്ള ഇന്ത്യാ പെന്തെക്കോസ്തൽ അസംബ്ലിയുടെ (ഐപിഎ) അംഗമായിരുന്നു. പുനലൂർ നരിക്കൽ മുപ്പിരത്ത് വീട്ടിൽ ലീലാമ്മയാണ് സഹധർമ്മിണി. മക്കൾ: റെജി, റോയി, റീന.



# നാസ കണ്ടെത്തി; ഭൂമിക്കു ചുറ്റുമുള്ള വൈദ്യുതി മണ്ഡലം

വാഷിങ്ടൺ: ഗുരുത്വാകർഷണബലത്തിനും കാന്തിക ക്ഷേത്രത്തിനും പിന്നാലെ ഭൂമിയിൽ സ്വാധീനമുള്ള മൂന്നാം ശക്തിയെ കണ്ടെത്തിയതായി നാസ. ഭൂമിക്കു ചുറ്റുമുള്ള സൂക്ഷ്മവും തിരിച്ചറിയാൻ പ്രയാസമുള്ളതുമായ വൈദ്യുത ക്ഷേത്രത്തിന്റെ ആദ്യ തെളിവുകളാണു ശാസ്ത്രജ്ഞർ കണ്ടെത്തിയത്.

ഭൂമിയുടെ ധ്രുവങ്ങളിൽനിന്നു നിരന്തരം പുറപ്പെടുന്ന, ശബ്ദത്തെക്കാൾ വേഗമുള്ള കണങ്ങളുടെ നിഗൂഢമായ കാറ്റിന് ഈ 'വൈദ്യുതമണ്ഡലം' കാരണമാകാം. ഭൂമിയിൽ ജീവൻ രൂപപ്പെട്ടത് എങ്ങനെയെന്നു വിശദീകരിക്കാൻ പോലും ഈ കണ്ടെത്തൽ സഹായിക്കുമെന്നും ഗവേഷകർ അവകാശപ്പെട്ടു. 1960-കളിൽ, ആദ്യത്തെ ബഹിരാകാശ പേടകം ഭൂമിയെ പരിക്രമണം ചെയ്യാൻ തുടങ്ങിയപ്പോൾ, ബഹിരാകാശ ഏജൻസികൾ ധ്രുവങ്ങൾക്ക് മുകളിൽ വിചിത്രമായ പ്രതിഭാസങ്ങൾ ശ്രദ്ധിക്കാൻ തുടങ്ങിയിരുന്നു.



ബഹിരാകാശ പേടകങ്ങൾ മുകളിലൂടെ കടന്നുപോകുമ്പോൾ, അന്തരീക്ഷത്തിൽനിന്ന് ചാർജ് ചെയ്ത കണികകളുടെ സൂപ്പർസോണിക് കാറ്റ് തിരിച്ചറിഞ്ഞിരുന്നു.

'ധ്രുവക്കാറ്റുകൾ' സംബന്ധിച്ച് 50 വർഷത്തിലേറെയായി അറിയാമെങ്കിലും, അവയുടെ കാരണം വിശദീകരിക്കാൻ കഴിഞ്ഞിട്ടില്ല. ശബ്ദത്തെക്കാൾ വേഗത്തിൽ സഞ്ചരിച്ചിട്ടും പൂർണമായതും തണുത്ത ഹൈഡ്രജൻ അയോണുകളുടെ നിരന്തരമായ ഒഴുക്ക് ശാസ്ത്രജ്ഞരെ അത്ഭുതപ്പെടുത്തി.

ഭൂനിരപ്പിൽനിന്ന് 250 കിലോമീറ്റർ അകലെ വരെയെത്തുന്ന അയോണുകളുടെ പ്രത്യേകത ശാസ്ത്രജ്ഞരുടെ ശ്രദ്ധ ആകർഷിച്ചു. ആ അകലത്തിൽ, അന്തരീക്ഷത്തിലെ ആറ്റങ്ങൾ നെഗറ്റീവ് ചാർജുള്ള ഇലക്ട്രോണുകളായും പോസിറ്റീവ് ചാർജുള്ള അയോണുകളായും വിഭജിക്കാൻ തുടങ്ങുന്നു.

അയോണുകൾക്ക് ഇലക്ട്രോണുകളേക്കാൾ പലമടങ്ങ് ഭാരമുള്ളതിനാൽ, അവ ഗുരുത്വാകർഷണ സ്വാധീനത്തിൽ ഭൂമിയിലേക്ക് മുങ്ങണം.

എന്നാൽ അവയ്ക്ക് വിപരീത ചാർജുകൾ ഉള്ളതിനാൽ, ഇലക്ട്രോണുകളും അയോണുകളും രണ്ട് ദിശകളിലേക്കും വലിച്ചെടുക്കുന്ന ഒരു വൈദ്യുത ക്ഷേത്രത്താൽ ബന്ധിപ്പിക്കപ്പെടുന്നു. ഇലക്ട്രോണുകൾ ഗുരുത്വാകർഷണ ശക്തിയെ മറികടന്ന് അയോണുകളെ മുകളിലേക്ക് വലിച്ച് അന്തരീക്ഷത്തിൽനിന്ന് ഉയർത്തുന്നു.

അടുത്ത കാലം വരെ, ഈ ഫീൽഡ് അളക്കുന്നതിനുള്ള സാങ്കേതികവിദ്യ നിലവിലില്ലായിരുന്നു. 2016-ൽ ചെറിയ വോൾട്ടേജ് വ്യത്യാസം അളക്കാൻ കഴിവുള്ള റോക്കറ്റ് ഗവേഷകർ വികസിപ്പിക്കാൻ തുടങ്ങി.

ഉത്തരധ്രുവത്തിൽനിന്നു സമീപമുള്ള വിദൂര നോർവീജിയൻ ദ്വീപായ സ്വാൽബാർഡിൽനിന്ന് വിക്ഷേപിച്ച നാസയുടെ എൻഡുറൻസ് ദൗത്യത്തിലാണ് ഇത് അവസാനിച്ചത്.

2022 മേയ് 11-നാണു റോക്കറ്റ് വിക്ഷേപിച്ചത്. ഭൂമിയിൽനിന്ന് 518 കിലോമീറ്റർ അകലെനിന്നാണ് എൻഡ്യുറൻസ് ഡേറ്റ ശേഖരിച്ചത്. വെറും 0.55 വോൾട്ട് വൈദ്യുത ചാർജാണു കണ്ടെത്തിയത്.

ഭൂമിയുടെ വികസനത്തിൽ ഇത് എന്ത് സ്വാധീനം ചെലുത്തുമെന്ന് ഗവേഷകർക്ക് ഇപ്പോഴും ഉറപ്പില്ല. 2016-ൽ യൂറോപ്യൻ ബഹിരാകാശ ഏജൻസിയുടെ വീനസ് എക്സ്പ്രസ് ദൗത്യം ശുക്രന്റെ അയണോസ്ഫിയർ മുഴുവൻ ഗ്രഹത്തിനും ചുറ്റും 10 വോൾട്ട് സാധ്യത സൃഷ്ടിക്കുന്നുവെന്നു കണ്ടെത്തി. 'അന്തരീക്ഷമുള്ള ഏതൊരു ഗ്രഹത്തിനും ഒരു അംബിപോളാർ ഫീൽഡ് ഉണ്ടായിരിക്കണം.

'ഇപ്പോൾ അത് അളന്നുകഴിഞ്ഞിരിക്കുന്നു. കാലക്രമേണ അതു നമ്മുടെ ഗ്രഹത്തെയും മറ്റുള്ളവരെയും എങ്ങനെ രൂപപ്പെടുത്തി എന്ന് പഠിക്കാൻ തുടങ്ങാം' - ഗവേഷകർ വ്യക്തമാക്കി.

# ലോട്ടറി സേവനമല്ല, സേവനനികുതിയും പാടില്ല

ന്യൂഡൽഹി: സംസ്ഥാന സർക്കാരുകളുടെ ലോട്ടറി വില്പന സേവനമല്ലെന്നും അധികവരുമാനമുണ്ടാക്കാനുള്ള പ്രവർത്തനമാണെന്നും സുപ്രീം കോടതി. അതിനാൽ ലോട്ടറി വാങ്ങുന്ന മൊത്തക്കച്ചവടക്കാരിൽ നിന്ന് സർക്കാർ സർവീസ് ചാർജ് ഈടാക്കരുതെന്നും സുപ്രീംകോടതി പറഞ്ഞു. കേരള, സിക്കിം ഹൈക്കോടതി വിധികൾ ചോദ്യം ചെയ്ത് ലോട്ടറി മൊത്തക്കച്ചവടക്കാർ നല്കിയ അപ്പീലിലാണ് ജസ്റ്റിസ് ബി.വി. നാഗരത്ന അധ്യക്ഷനായുള്ള ബെഞ്ചിന്റെ വിധി.

# സിമി റോസ് ബെൽ ജോണിനെ കോൺഗ്രസിൽ നിന്ന് പുറത്താക്കി

തിരുവനന്തപുരം: സ്വകാര്യ ടിവി ചാനലിൽ നല്കിയ അഭിമുഖത്തിൽ കോൺഗ്രസിലെ വനിതാ നേതാക്കളെ അധിക്ഷേപിച്ച മുൻ എഐസിസി അംഗവും പിഎസ്‌സി അംഗവുമായിരുന്ന സിമി റോസ് ബെൽ ജോണിനെ പാർട്ടിയുടെ പ്രാഥമികാംഗത്വത്തിൽ നിന്ന് കെപിസിസി പ്രസിഡണ്ട് കെ. സുധാകരൻ എംപി പുറത്താക്കിയതായി ജനറൽ സെക്രട്ടറി എം. ലിജു അറിയിച്ചു. രാഷ്ട്രീയ ശത്രുക്കളുടെ ഒത്താശയോടെ കോൺഗ്രസ് പ്രസ്ഥാനത്തിലെ ലക്ഷക്കണക്കിനു വനിതാ നേതാക്കളെയും പ്രവർത്തകരെയും മാനസികമായി തകർക്കുകയും അവർക്ക് മാനഹാനി ഉണ്ടാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് സിമി റോസ് ബെൽ ജോൺ ആക്ഷേപം ഉന്നയിച്ചത്. കെപിസിസി രാഷ്ട്രീയകാര്യ സമിതിയിലെയും കെപിസിസി ഭാരവാഹികളുടെയും വനിതാ നേതാക്കളും മഹിളാ കോൺഗ്രസ് സംസ്ഥാന അധ്യക്ഷയും അടക്കമുള്ളവർ സിമി റോസ് ബെൽ ജോണിനെതിരെ നടപടി ആവശ്യപ്പെട്ടിരുന്നു. സിമി റോസ് ബെൽ ജോണിന്റെ പ്രവൃത്തി ഗുരുതരമായ അച്ചടക്ക ലംഘനമാണെന്ന് പ്രഥമദൃഷ്ട്യാ പാർട്ടിക്ക് ബോധ്യപ്പെട്ടതിനാലാണ് അച്ചടക്ക നടപടിയെടുത്തതെന്ന് അദ്ദേഹം അറിയിച്ചു. നേരത്തെ കോൺഗ്രസ് വനിതാ നേതാക്കളായ ഷാനിമോൾ ഉസ്മാൻ, ബിന്ദു കൃഷ്ണ, പി.കെ. ജയലക്ഷ്മി, ദീപ്തി മേരി വർഗീസ്, ആലിപ്പറ്റ ജമീല, കെ.എ. തുളസി, ജെബി മേത്തർ എംപി എന്നിവർ സിമിക്കെതിരെ എഐസിസി-കെപിസിസി നേതൃത്വത്തെ സമീപിച്ചിരുന്നു.



# ശിക്ഷ കോടതി തീരുമാനിക്കട്ടെ

(3-ാം പേജിൽനിന്നും)

ഇപ്പോൾ ഉയർന്നുവന്ന പരാതികളിന്മേൽ പോലീസ് അന്വേഷണം ശക്തമായി മുന്നോട്ടുപോകുന്നു. ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ പൂർണരൂപം കോടതിയുടെ മുന്നിലുമാണ്. പോലീസ് സത്യസന്ധമായി അന്വേഷിക്കട്ടെ. ശിക്ഷാവിധികൾ കോടതി തീരുമാനിക്കട്ടെ'- മമ്മൂട്ടി കുറിച്ചു.

സിനിമയിൽ ഒരു ശക്തികേന്ദ്രവുമില്ല. അങ്ങനെയൊന്നിന് നിലനിൽക്കാൻ പറ്റുന്ന രംഗവുമല്ല സിനിമ. ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിലെ പ്രായോഗിക ശിപാർശകൾ നടപ്പാക്കണമെന്നും അതിന് നിയമതടസങ്ങളുണ്ടെങ്കിൽ ആവശ്യമായ നിയമനിർമാണം നടത്തണമെന്നും അഭ്യർഥിക്കുന്നു. ആത്യന്തികമായി സിനിമ നിലനിൽക്കണം.

സമൂഹത്തിലെ എല്ലാ നന്മതിന്മകളും സിനിമയിലുമുണ്ട്. സിനിമാമേഖല സമൂഹം സൂക്ഷ്മമായി ശ്രദ്ധിക്കുന്ന ഒന്നാണ്. അതുകൊണ്ടുതന്നെ അവിടെ സംഭവിക്കുന്ന ചെറുതും വലുതുമായ എല്ലാ കാര്യങ്ങളും വലിയ ചർച്ചയ്ക്കിടയാക്കും. ഈ രംഗത്ത് അനഭിലഷണീയമായതൊന്നും സംഭവിക്കാതിരിക്കാൻ സിനിമാപ്രവർത്തകർ ശ്രദ്ധിക്കേണ്ടതും ജാഗരൂകരാകേണ്ടതുമാണ്.

ഒരിക്കലും സംഭവിക്കാൻപാടില്ലാത്ത ചിലത് സംഭവിച്ചതിനെത്തുടർന്നു സിനിമാമേഖലയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് തയാറാക്കി പരിഹാരങ്ങൾ നിർദേശിക്കാനും നടപടി ശിപാർശ ചെയ്യാനും സർക്കാർ രൂപീകരിച്ചതാണു ജസ്റ്റിസ് ഹേമ കമ്മിറ്റി. ഔദ്യോഗിക പ്രതികരണങ്ങൾക്കു ശേഷമാണ് അംഗമെന്ന നിലയിൽ താൻ പ്രതികരിക്കേണ്ടതെന്ന് വിശ്വസിക്കുന്നതുകൊണ്ടാണ് ഇത്രയും കാത്തതെന്നും മമ്മൂട്ടി പറഞ്ഞു.

സംഘടന ആദ്യം പ്രതികരിക്കുകയെന്നതാണു സംഘടനാരീതിയെന്നും അദ്ദേഹം പറഞ്ഞു.

# അൻവറിന്റെ വെളിപ്പെടുത്തലുകൾ

(3-ാം പേജിൽനിന്നും)

ഭരണകക്ഷി എംഎൽഎ പരസ്യമായി ഗുരുതര ആരോപണങ്ങൾ ഉന്നയിച്ചതിനെത്തുടർന്ന് എഡിജിപിയെയും എസ്പിയെയും ക്രമസമാധാന ചുമതലയിൽനിന്നു മാറ്റിനിർത്തി അന്വേഷിക്കണമെന്നാണ് ആഭ്യന്തരവകുപ്പിന്റെ നിലപാട്.

മലപ്പുറം എസ്പി കാർട്ടേഴ്സിലെ മരംമുറിയുമായി ബന്ധപ്പെട്ട് എസ്പിയായിരുന്ന സുജിത് ദാസിനെതിരെ ഉയർന്ന പരാതിയിൽ മാത്രമാണ് അന്വേഷണം പ്രഖ്യാപിച്ചിരിക്കുന്നത്. തൃശൂർ റേഞ്ച് ഡിഐജിയാകും അന്വേഷിക്കുക.

ഇരുവരെയും ക്രമസമാധാനപാലന ചുമതലയിൽനിന്നു മാറ്റിനിർത്തി അന്വേഷണം നടത്തണമെന്നാണ് ആഭ്യന്തരവകുപ്പ് മുഖ്യമന്ത്രിക്കു നൽകിയ ശിപാർശ. എന്നാൽ, ഒരുവശത്തെ അന്വേഷണം മാത്രമാണ് മുഖ്യമന്ത്രി നിർദേശിച്ചത്. ഇതേത്തുടർന്ന് പോലീസ് ആസ്ഥാനത്തുനിന്ന് എസ്പിക്കെതിരെയുള്ള അന്വേഷണത്തിന് ഡിഐജിയെ ചുമതലപ്പെടുത്തിയത്. മുഖ്യമന്ത്രി നിർദേശിച്ചാൽ മാത്രം എഡിജിപിക്കെതിരെ അന്വേഷണം പ്രഖ്യാപിച്ചാൽ മതിയെന്നാണ് സംസ്ഥാന പോലീസ് മേധാവിയുടെ നിർദേശം.

അതിനിടെ, എം.ആർ. അജിത്കുമാർ മുഖ്യമന്ത്രി പിണറായി വിജയനെ സന്ദർശിച്ചിരുന്നു. തുടർന്ന് അദ്ദേഹം പോലീസ് മേധാവിയെ കണ്ടും ചർച്ചകൾ നടത്തിയിരുന്നു. കൊലപാതകം, സ്വർണക്കടത്ത് എന്നിവയുമായി ബന്ധപ്പെടുത്തുന്ന തരത്തിൽ ആരോപണം വന്നതോടെ അന്വേഷണം നടത്തേണ്ടിവരുമെന്ന നിലപാടിലാണ് ആഭ്യന്തര വകുപ്പ്.

എഡിജിപിക്കും എസ്പിക്കും എതിരെയുള്ള ആരോപണങ്ങൾ ഗുരുതരമാണെന്നിരിക്കെ അന്വേഷണം ആവശ്യപ്പെട്ടുള്ള പരാതികൾ വരാനുള്ള സാധ്യത സർക്കാർ തള്ളുന്നില്ല.

# ഇ.പി. ജയരാജനെ മാറ്റി

(3-ാം പേജിൽനിന്നും)

ഈ സാഹചര്യത്തിലാണു സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ ഇപിക്കെതിരെ നടപടി ഉണ്ടായേ മതിയാകൂ എന്ന നിലപാടെടുത്തത്.

പാർട്ടി സെക്രട്ടറിയുടെ നിലപാടിനു സംസ്ഥാന സെക്രട്ടേറിയറ്റ് പൂർണ പിന്തുണ പ്രഖ്യാപിച്ചു. ഒടുവിൽ മൗനിയായി ഗോവിന്ദന്റെ ശാഠ്യത്തിനു പാർട്ടി പോളിറ്റ് ബ്യൂറോ അംഗം കൂടിയായ മുഖ്യമന്ത്രി പിണറായി വിജയനു തലയാട്ടേണ്ടിവന്നു. ഇതോടെ പാർട്ടിസമ്മേളനങ്ങൾ ചർച്ചചെയ്യാൻ ചേർന്ന സിപിഎം സംസ്ഥാന സമിതിയിൽ ഇ.പി. ജയരാജനെ ഇടതുമുന്നണി കൺവീനർ സ്ഥാനത്തുനിന്നും മാറ്റാനുള്ള സെക്രട്ടേറിയറ്റു തീരുമാനം നിമിഷനേരംകൊണ്ട് അംഗീകരിപ്പിച്ചെടുക്കാൻ എം.വി. ഗോവിന്ദനായി.

ഇപിയെ കൺവീനർ സ്ഥാനത്തുനിന്നു മാറ്റുന്ന കാര്യത്തിൽ ചികിത്സയിലുള്ള സിപിഎം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയുമായി എം.വി. ഗോവിന്ദൻ സംസാരിച്ചു.

തീരുമാനവുമായി മുന്നോട്ടുപോകാൻ യെച്ചൂരി പച്ചക്കൊടി കാട്ടിയതു ഗോവിന്ദനു കൂടുതൽ കരുത്തേകി. ഇപി പാർട്ടി കേന്ദ്രകമ്മിറ്റി അംഗമായതിനാൽ മറ്റു നടപടികൾ സംസ്ഥാന നേതൃത്വത്തിനു സ്വീകരിക്കാനാകില്ല. പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റിൽ പങ്കെടുക്കുകയും പാർട്ടി നടപടിക്കുശേഷം സംസ്ഥാന സമിതിയിൽ പങ്കെടുക്കാതെ കണ്ണൂരിലേക്ക് ഇപി മടങ്ങിയതും ഗുരുതരമായ അച്ചടക്കലംഘനമാണ്.

ഇതുകൂടി കണ്ടാണു പാർട്ടിക്കു മുകളിൽ ആരും വളരില്ലെന്നു എം.വി. ഗോവിന്ദൻ വ്യക്തമാക്കിയത്. പാർട്ടി സംഘടനാവലയത്തിനു പുറത്തേക്ക് ഇപി ഇനി പോയാൽ കേന്ദ്ര കമ്മിറ്റിയിൽനിന്ന് ഒഴിവാക്കുന്നതടക്കമുള്ള കടുത്ത അച്ചടക്ക നടപടികളിലേക്കു സിപിഎം പോകും.

# മാർ തോമസ് തറയിൽ ചങ്ങനാശേരി ആർച്ച്ബിഷപ്

(3-ാം പേജിൽനിന്നും)

മാർ തറയിലിന്റെയും മാർ പാണേങ്ങാടന്റെയും നിയമനം സംബന്ധിച്ച മേജർ ആർച്ച്ബിഷപ്പിന്റെ കല്പനകൾ, യഥാക്രമം കൂരിയ ചാൻസലർ ഫാ. ഏബ്രഹാം കാവിൽപുരയിടത്തിലും വൈസ് ചാൻസലർ ഫാ. ജോസഫ് മറ്റത്തിലും വായിച്ചു.

തുടർന്നു മേജർ ആർച്ച്ബിഷപ് ഇരുവർക്കും നിയമനപത്രം കൈമാറി ഹാരം അണിയിച്ചു. സ്ഥാനമൊഴിഞ്ഞ മാർ ജോസഫ് പെരുന്തോട്ടം മാർ തറയിലിനും, ഷംഷാബാദ് രൂപതയുടെ അഡ്മിനിസ്ട്രേറ്റർ മാർ ജോസഫ് കൊല്ലംപറമ്പിൽ, സഹായമെത്രാൻ മാർ തോമസ് പാടിയത്ത് എന്നിവർ ചേർന്നു മാർ പാണേങ്ങാടനും ബൊക്കെ നൽകി ആദരവറിയിച്ചു. പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ആശംസകളർപ്പിച്ചു സംസാരിച്ചു.

പുതുതായി ഏൽപിക്കപ്പെട്ടിരിക്കുന്ന നിയോഗം ദൈവഹിതപ്രകാരം നിർവഹിക്കാൻ ഏവരും പ്രാർഥിക്കണമെന്നു മാർ തറയിലും മാർ പാണേങ്ങാടനും മറുപടി പ്രസംഗത്തിൽ ആവശ്യപ്പെട്ടു.

സിനഡിലെ മെത്രാന്മാരും ചടങ്ങിനെത്തിയ വൈദികരും സമർപ്പിതരും അല്മായരും ഇരുവർക്കും അനുമോദനങ്ങളറിയിച്ചു. മേജർ ആർച്ച്ബിഷപ്പിന്റെ പ്രാർഥനയോടെയാണു ചടങ്ങുകൾ സമാപിച്ചത്.

മാർ തോമസ് തറയിലിന്റെയും മാർ പ്രിൻസ് പാണേങ്ങാടന്റെയും സ്ഥാനാരോഹണം പിന്നീടു നടക്കും.

ചങ്ങനാശേരി ആർച്ച്ബിഷപ്പായി നിയുക്തനായ മാർ തോമസ് തറയിലിന്റെ സ്ഥാനാരോഹണം ഒക്ടോബർ 31-ന് ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ നടക്കുമെന്ന് അതിരൂപതാ കേന്ദ്രത്തിൽനിന്നും അറിയിച്ചു.

# SEEKING BRIDEGROOM

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested, please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to
**foreverulove2023@gmail.com** or
**469-371-7023**.

# SEEKING BRIDE

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to
**jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to
**hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girl*s who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures
WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDEGROOM CONTD.....

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

KERALA EXPRESS

# നിര്യാതരായി

## കെ.ഒ. മാത്യു

**കൂരോപ്പട:** കൊട്ടുകരോട്ട് കെ.ഒ. മാത്യു (മത്തക്കുട്ടി-86) അന്തരിച്ചു. ഭാര്യ ആനിക്കാട് ആലുങ്കൽ ഏലിയാമ്മ മാത്യു. മക്കൾ: ബെന്നി മാത്യു, ജോഷി മാത്യു, ബിൻസിമോൾ മാത്യു (യുഎസ്). മരുമക്കൾ: ഷാന്റി ബെന്നി ചീങ്കല്ലേൽ (ആനിക്കാട്), പരേതയായ ഷേമ ജോഷി തടത്തിൽ (വാഴൂർ), ജേക്കബ് മാത്യു നെല്ലൂർ കറികാട്ടൂർ (യുഎസ്).

## അന്നമ്മ ജോൺ

**മീനടം:** വെള്ളുതേടത്തുപറമ്പിൽ അന്നമ്മ ജോൺ (93) അന്തരിച്ചു. മീനടം കിഴക്കേമണ്ണൂർ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ തോമസ് ജോൺ. മക്കൾ: ഏലിയാമ്മ (യുഎസ്), വി.ജെ. തോമസ്, ഗ്രേസി (യുഎസ്), രാജു വി. ജോൺ, സൂസമ്മ, ഷാജി വി. ജോൺ (കാനഡ). മരുമക്കൾ: ജോർജ് (യുഎസ്), അമ്മാൾ, വിനോദ് (യുഎസ്), മീനു, സാബു (ദുബായ്), ആനി (കാനഡ), ജോർജി (തിരുവല്ല).

## ഏലിക്കുട്ടി ഏബ്രഹാം

**തിരുവൻവണ്ടൂർ:** അമ്പലപ്പാട്ട് ഏലിക്കുട്ടി ഏബ്രഹാം (98) അന്തരിച്ചു. കറ്റോട് ഇരുവള്ളിപ്ര ചുങ്കത്തിൽ മലയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എ.പി. ഏബ്രഹാം. മക്കൾ: പുന്നൂസ് ഏബ്രഹാം (യുഎസ്), കുഞ്ഞുഞ്ഞമ്മ മാത്യു, ജെയിംസ് ഏബ്രഹാം, പരേതനായ ജോയി ഏബ്രഹാം. മരുമക്കൾ: ഏലിക്കുട്ടി, കെ.എം. മാത്യു കുറ്റിക്കാട്ടിൽ, ചിന്നമ്മ, ലൈല, അനു.

## ഏലിക്കുട്ടി ലൂക്ക

**കുറവിലങ്ങാട്:** നസ്രത്ത് ഹിൽ പുത്തൻകളം പരേതനായ ലൂക്കയുടെ ഭാര്യ ഏലിക്കുട്ടി ലൂക്കാ (96) അന്തരിച്ചു. കാഞ്ഞിരത്താനം തുണ്ടത്തിൽ കുടുംബാംഗമാണ്. മക്കൾ: ബേബി, സാലി (മുംബൈ), ബെറ്റി (ഔറംഗബാദ്), ലൂക്കോസ്, ചെറിയാൻ, ജോർജുകുട്ടി (സ്വിറ്റ്സർലൻഡ്), പരേതരായ കുഞ്ഞ്, സിബി. മരുമക്കൾ: ലിസി പഴയംകോട്ടിൽ (ഇലഞ്ഞി), ബേബി (മുംബൈ), പരേതനായ ജോൺസൺ, ജാൻസി കൂഴാംപാല (മണ്ണയ്ക്കനാട്), വത്സമ്മ കൊച്ചുതാഴത്ത് (മുത്തോലപുരം), ലിസ വേഗത്താനം (സ്വിറ്റ്സർലൻഡ്), ലാലി ഇലവുങ്കൽ (യുഎസ്).

## ഡോ. ഹരികുമാരൻ നായർ

**ചേർത്തല:** ആനന്ദ് അമൂൽ ഡെയറി റിട്ട.വെറ്ററിനറി ഡോക്ടർ ചേർത്തല കടക്കരപ്പള്ളി പുത്തൻമഠം ഹരികുമാരൻ നായർ (79) അന്തരിച്ചു. ഭാര്യ ശാന്താ നായർ. മക്കൾ: പ്രീതു നായർ, നീതു നായർ (യുഎസ്). മരുമകൻ: ശ്രീകുമാർ നായർ.

**കടനാട്:** വടക്കേക്കര താഴത്ത് മാത്യു (87) അന്തരിച്ചു.

## പ്രഫ. കെ.സി. കുഞ്ഞികൃഷ്ണൻ

**പാലക്കാട്:** ഗവ. വിക്ടോറിയ കോളജ് മുൻ പ്രിൻസിപ്പലും സാമ്പത്തികശാസ്ത്ര വിഭാഗം മേധാവിയുമായിരുന്ന താരേക്കാട് വിനായക നഗർ അനുഗ്രഹയിൽ പ്രഫ. കെ.സി. കുഞ്ഞികൃഷ്ണൻ (83) അന്തരിച്ചു. ഭാര്യ: റിട്ട. പ്രഫസർ ടി.വി. ഗീതപ്രഭ (സംസ്കൃത വിഭാഗം മുൻ മേധാവി വിക്ടോറിയ കോളജ്). മക്കൾ: കെ.കെ. ശ്രീകാന്ത് (ഗൂഗിൾ, വാഷിങ്ടൺ), കെ.കെ. ഐശ്വര്യ (ലോകബാങ്ക് വാഷിങ്ടൺ), മരുമക്കൾ: അഡ്വ. മൗഷ്മി ജോഷി, ജയന്ത് കൃഷ്ണൻ.

## ജോൺ മാത്യു



**കോയമ്പത്തൂർ:** പത്തനംതിട്ട ഓമല്ലൂർ കുഴിമുറിയിൽ കെ.എം. ജോണിന്റെയും തങ്കമ്മയുടെയും മകൻ ജോൺ മാത്യു (64) അന്തരിച്ചു. ഭാര്യ ഗ്രേസി മാത്യു. മക്കൾ: ജെറിൻ മാത്യു, ജെനി മാത്യു. ജെഫ്രിൻ മാത്യു. മരുമക്കൾ: പ്രീതി ദീവസി, കോസ്റ്റാ. സഹോദരങ്ങൾ: സാമുവേൽ, നോബിൾ, മാത്യു, മിനി.

**തിരുവനന്തപുരം:** കോട്ടയം നട്ടാശേരി പുവത്തൂർ കുടുംബാംഗമായ ജാൻസി പി. മാമ്മൻ (54) അന്തരിച്ചു.

## ഹിമ ഏബ്രഹാം

**കാക്കനാട്:** കൊല്ലം കുടിമുകൾ കോട്ടയം വാഴയിൽ ഹിമ ഏബ്രഹാം (77) അന്തരിച്ചു. ചെറിയനാട് നാക്കോലയ്ക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വി.ജെ. ഏബ്രഹാം. മക്കൾ: ബിജു (സൗദി), റെജി (യുഎസ്), മരുമക്കൾ: ഏയ്ഞ്ചൽ പുളിമൂട്ടിൽ മാവേലിപുരം, രേഷ്മ കരിമ്പനാക്കുഴിയിൽ ഓമല്ലൂർ.

## ചിന്നമ്മ ഉമ്മൻ

**അടൂർ:** തുണ്ടിൽ ഹൗസിൽ (മുണ്ടുതോണ്ടലിൽ) ചിന്നമ്മ ഉമ്മൻ (87) അന്തരിച്ചു. ഭർത്താവ് പരേതനായ ഫിലിപ്പോസ് ഉമ്മൻ. മക്കൾ: ഉമ്മൻ ഫിലിപ്പ് (യുഎസ്),ഏലിയാമ്മ ഫിലിപ്പ്, ടി.ഒ. ഏബ്രഹാം (കാനറ ബാങ്ക് റാന്നി), അച്ചാമ്മ ഉമ്മൻ, പരേതനായ ജോർജ് ഉമ്മൻ. മരുമക്കൾ: ജിജി ഫിലിപ്പ് (യുഎസ്), ഷീല ജോർജ്, റീന ടി. മാത്യു, തമ്പി തോമസ്, പരേതനായ ഫിലിപ്പ് ജോർജ്.

**ആർപ്പൂക്കര:** ചെങ്ങളംപറമ്പിൽ പരേതനായ ജോസഫിന്റെ ഭാര്യ ഏലിക്കുട്ടി (92) അന്തരിച്ചു.

## റോസാ ജോസഫ്

**പ്രവിത്താനം:** ഐപ്പൻപറമ്പിക്കുന്നേൽ റോസാ ജോസഫ് (തങ്കമ്മ-92) അന്തരിച്ചു. ഏറ്റുമാനൂർ വെച്ചൂരേട്ട് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.ഒ. ജോസഫ്. മക്കൾ: ഡോ. മേരിക്കുട്ടി തോമസ്, ഡോ. ലീലാമ്മ ജോസഫ് (ഇരുവരും യുഎസ്), ബാബു ജോസഫ് (റിട്ട. പ്രഫ.), മോളി തോമസ് (യുഎസ്), റോസലിൻ ഡോമിനിക്, ബിജു ജോസഫ്, ഡോ. അലക്സ് (ഇരുവരും യുഎസ്). മരുമക്കൾ: അപ്പച്ചൻ വാഴയിൽ (മൂന്നിലവ്), ഡോ. ജോസഫ് തോമസ് കളപ്പുരയ്ക്കൽ (കൈനകരി), ഡോ. കുര്യൻ തോമസ് മാളിയേക്കൽ (കാഞ്ഞിരപ്പള്ളി), സിൽവി ബാബു മൈലാടൂർ (ഇരിങ്ങാലക്കുട), ഡോ. ജോയ് തോമസ് പനക്കൽ (പെരുന്തൽമണ്ണ), അശ്വതി വാഴയിൽ (മൂന്നിലവ്), ഡോ. ബിനിത പുല്ലാംകുളം (ചങ്ങനാശേരി).

## റോസ്മേരി മാത്യു

**മൈലക്കൊമ്പ്:** മാളിയേക്കൽ റോസ്മേരി മാത്യു (77) അന്തരിച്ചു. മുട്ടം പള്ളിവാതുക്കൽ കുടുംബാംഗമാണ്. ഭർത്താവ് മാത്യു (റിട്ട. പ്രഫസർ). മക്കൾ: ഡോ. സാനിമോൾ മാത്യു (കുവൈറ്റ്), സനീഷ് മാത്യു (യുഎസ്), ജിം മാത്യു. മരുമക്കൾ: മിക്കി ഏബ്രഹാം പുലിക്കുന്നേൽ, ഡോൺ പാരിഷ്, അനു മാത്യു വെള്ളാത്തോട്ടം.

## ടി. രാജഗോപാൽ

**കളമശേരി:** ഇറിഗേഷൻ വകുപ്പ് റിട്ട. ചീഫ് എൻജിനീയർ ടി. രാജഗോപാൽ (76) അന്തരിച്ചു. ഭാര്യ ശ്യാമള. മക്കൾ: ആനന്ദ്, ശ്രീനാഥ് (ഇരുവരും യുഎസ്). മരുമക്കൾ: പത്മസാനി, പ്രതിഭ.

## ശോശാമ്മ ഫിലിപ്പ്

**മല്ലപ്പള്ളി:** ജിഎംഎം ആശുപത്രി റിട്ട. നേഴ്സിങ് സൂപ്രണ്ട് മടുക്കോലി മംഗലത്ത് ശോശാമ്മ ഫിലിപ്പ് (89) അന്തരിച്ചു. കീഴ്വായ്പൂര് പ്രക്കാട്ട് മന്നത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.പി. ഫിലിപ്പ്. മക്കൾ: പ്രസാദ് (യുഎസ്), പ്രഭ. മരുമക്കൾ: തലവടി കൊച്ചുമാമൂട്ടിൽ സീജ, കായംകുളം കോഴിശേരിൽ കോശിവില്ലയിൽ വർഗീസ് കെ. ജോൺ.

## ഓമന മാത്യു

**കോട്ടയം:** കളക്ടറേറ്റ് വാർഡിൽ വാകശേരിൽ ലൈൻ പാച്ചേരി ഓമന മാത്യു (74) അന്തരിച്ചു. കോതമംഗലം മുണ്ടയ്ക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.എം. മാത്യു (ബിഎസ്എൻഎൽ റിട്ട. ഉദ്യോഗസ്ഥൻ). മക്കൾ: ആൽബിൻ (യുഎസ്), എബി. മരുമകൾ: ആൻസി (യുഎസ്).

**തിരുവനന്തപുരം:** റിസർവ് ബാങ്ക് റിട്ട. അസി. ജനറൽ മാനേജർ വട്ടിയൂർക്കാവ് കാവല്ലൂർ ലെയ്നിൽ പി.ജെ. ഡാനിയൽ (78) അന്തരിച്ചു.

## പള്ളിവാതുക്കൽ ആഗസ്തി

**കൂരാച്ചുണ്ട്:** കർഷകനും മുൻ വ്യാപാരിയുമായ പള്ളിവാതുക്കൽ ആഗസ്തി (കുട്ടി-96) അന്തരിച്ചു. ഭാര്യ മറിയക്കുട്ടി കുറ്റിക്കാട്ട് (ആലക്കോട്). മക്കൾ: ഔസേപ്പച്ചൻ (തിരുവമ്പാടി), ആലീസ് (മുതുകാട്), ഫാ. ജോസ് (ചാന്ദ രൂപത), ടോമി കല്ലനോട്, വത്സ തിരുവനന്തപുരം, റോയി (യുഎസ്), ജെസി (മംഗ്ളൂരു), സിമി ആലുവ, പരേതരായ ബേബി, ഫിലിപ്പ്. മരുമക്കൾ: ഏലമ്മ, എത്സി വാണിയം പുരക്കൽ, ജോസ് ചൊവ്വാറ്റുകുന്നേൽ, സോളി പുഷ്പകുന്നേൽ, ഹേമന്ത് പ്ലാത്തോട്ടം, ഡോറ പാറയ്ക്കൽ, ബെന്നി തകരപ്പള്ളി, ജോ ആന്റണി കൂരൻ.

## ഏബ്രഹാം വർഗീസ്

**ഫിലാഡൽഫിയ:** മുക്കൂട്ടുതറ പുളിക്കച്ചിറ ഏബ്രഹാം വർഗീസ് (പാപ്പച്ചൻ പുളിക്കച്ചിറ-86) അന്തരിച്ചു. ഭാര്യ ഏലിയാമ്മ വർഗീസ്. മക്കൾ: ഏബ്രഹാം പി. വർഗീസ്, തോമസ് വർഗീസ്, മിനി ജേക്കബ്, ജെസ്ലി അലക്സ്. മരുമക്കൾ: സാലി രാജു, പരേതയായ സിൽജി തോമസ്, വിജു ജേക്കബ്, അലക്സ് സൈമൺ (എല്ലാവരും യുഎസ്).

## മറിയാമ്മ ഏബ്രഹാം

**പ്രക്കാനം:** മരോട്ടുങ്കൽ മറിയാമ്മ ഏബ്രഹാം (ചിന്നമ്മ-81) ഫിലാഡൽഫിയയിൽ അന്തരിച്ചു.കുമ്പഴ മുതലക്കുഴിയിൽ കുടുംബാംഗമാണ്. ഭർത്താവ് മത്തായി ഏബ്രഹാം. മക്കൾ: ലിസി, സാലി, ജോളി, മോളി. മരുമക്കൾ: ഫിലിപ്പ്, ഷാജി, സോജു, ഷാജി.

## ഡി. കുഞ്ഞുകുഞ്ഞ്

**പഴിഞ്ഞം:** ഉമ്മന്നൂർ സർവീസ് സഹകരണ ബാങ്ക് റിട്ട. സെക്രട്ടറി കൊച്ചുപാറയ്ക്കൽ ഡി. കുഞ്ഞുകുഞ്ഞ് (79) അന്തരിച്ചു. ഭാര്യ പനയറ കൊടിവിള കുടുംബാംഗം കുഞ്ഞമ്മ. മക്കൾ: ബിജു (കുവൈറ്റ്), സജു (സബ് രജിസ്ട്രാർ ഓഫീസ് കൊട്ടാരക്കര), മഞ്ജു (യുഎസ്). മരുമക്കൾ: ജാൻസി, ബിജി, സന്തോഷ് (യുഎസ്).

## പൊന്നമ്മ സാമുവൽ

**മുക്കൂട്ടുതറ:** മുട്ടപ്പള്ളി പുലരിക്കൽ പരേതനായ പി.ഒ സാമുവലിന്റെ ഭാര്യ പൊന്നമ്മ സാമുവൽ (80) അന്തരിച്ചു. മന്ദമരുതി വലിയകാവ് പുതുശ്ശേരി മേപ്പുറത്ത് കുടുംബാംഗമാണ്. മക്കൾ: സുമ ജോർജ് (യുഎസ്), സുജ വർഗീസ്, സുനിൽ സാം (യുഎസ്). മരുമക്കൾ: ജോൺ ജോർജ് (യുഎസ്), വർഗീസ് വർഗീസ്, ലിജിയ (യുഎസ്).

**ഇരവിമംഗലം:** കോട്ടയം ഐസിഎച്ച് റിട്ട. ഹെഡ്നേഴ്സ് കാരക്കാട്ടിൽ പി.ടി. അന്നക്കുട്ടി (86) അന്തരിച്ചു.

**കുടമാളൂർ:** തേക്കാനത്ത് ഔസേഫ് ഉലഹന്നാൻ (91) അന്തരിച്ചു.

## കണ്ണാലിൽ കുര്യൻ

**കുറ്റൂർ:** കണ്ണാലിൽ കുര്യൻ (66) അന്തരിച്ചു. ഭാര്യ റാന്നി കളരിക്കമുറിയിൽ സാലമ്മ. മക്കൾ: ജിത്തു (യുഎസ്), ചിക്കു, ചിന്നു. മരുമക്കൾ: സരിൻ പാറ്റിയാൽ (യുഎസ്), ജോബിൻ കുന്നുംപുറത്ത് (അബുദാബി), ദീപു കുന്നത്ത് (ബഹ്റിൻ).

## എം.പി. ഫ്രാൻസിസ്

**മാറിക:** റിട്ട. പ്രധാനാധ്യാപകൻ മ്യാൽക്കരപ്പുറത്ത് എം.പി. ഫ്രാൻസിസ് (88) അന്തരിച്ചു. ഭാര്യ കണ്ണങ്കര മടയനകാവിൽ പരേതയായ സൂസി ഫ്രാൻസിസ്. മക്കൾ: മിനി, ജയ, മനോജ്, സുജ (എല്ലാവരും യുഎസ്) മരുമക്കൾ: മ്രാല ആലപ്പാട്ട് മാത്യു കുടല്ലൂർ, ചെട്ടിയാത്ത് ബിനു വഴിത്തല, ഇല്ലിക്കാട്ടിൽ തുഷാര, നീണ്ടൂർ ചെമ്മാശേരിൽ മനോജ് (എല്ലാവരും യുഎസ്).

**കങ്ങഴ:** സിഎസ്ഐ മധ്യകേരള മഹായിടവക മുൻ സഭാ ശുശ്രൂഷകനും റിട്ട. ആർഎംഎസ് സൂപ്രണ്ടുമായിരുന്ന നെടുംപറമ്പിൽ എൻ.പി. ചാക്കോ (84) അന്തരിച്ചു.

## ജോളി അലക്സ്



**ചങ്ങനാശേരി:** പോത്തോട് കാക്കാംതോട്ടിൽ ജോളി അലക്സ് (64) ഫ്ളോറിഡയിൽ അന്തരിച്ചു. ഭാര്യ പത്തനാപുരം മുല്ലശേരിയിൽ മോളി ജോളി. മക്കൾ: അലക്സ്, അനിറ്റ (യുഎസ്), മരുമക്കൾ: ചിന്നു, ജോബിൻ (യുഎസ്).

**വെണ്ണിക്കുളം:** മേമല എംഡി യുപിഎസ് റിട്ട. അധ്യാപിക കളക്കുടിയിൽ ഗ്രേസി നൈനാൻ (86) അന്തരിച്ചു.

## മേരി തോമസ്

**കല്ലിശേരി:** കുറിയാടത്ത് വാലുംപറമ്പിൽ മേരി തോമസ് (94) അന്തരിച്ചു. വള്ളംകുളം കാരുവള്ളിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഉതുപ്പാൻ തോമസ്. മക്കൾ: ലീലാമ്മ ലൂക്കോസ് (യുഎസ്), അമ്മിണി മോനാച്ചൻ, ജെസി, മിനി, ജേക്കബ്. മരുമക്കൾ: എ.യു. ലൂക്കോസ് (യുഎസ്), സുജ, സണ്ണി, മനോജ്, ബിജി, പരേതനായ ബേബി.

**കങ്ങഴ:** സിഎസ്ഐ മധ്യകേരള മഹായിടവക മുൻ സഭാ ശുശ്രൂഷകനും റിട്ട. ആർഎംഎസ് സൂപ്രണ്ടുമായിരുന്ന നെടുംപറമ്പിൽ എൻ.പി. ചാക്കോ (84) അന്തരിച്ചു.

**തൃശൂർ:** ലഫ്. കേണൽ ഫ്രാൻസിസ് ജോസഫ് ചാലിശേരി (85) അന്തരിച്ചു.

## അന്നക്കുട്ടി ജോൺ

**മേമടങ്ങ്:** പുല്ലമ്പാരിക്കുന്നേൽ അന്നക്കുട്ടി ജോൺ (96) അന്തരിച്ചു. രണ്ടാർ കൊടപ്പനാനിക്കൽ കുടുംബാംഗമാണ്. മക്കൾ: തെയ്യാമ്മ, ജോസഫ്, ഡോ. സിസ്റ്റർ ജോൺസി (യുഎസ്), ജോളി, ലിസി, അഡ്വ. ജോർജ് (യുകെ), ഷേർളി. മരുമക്കൾ: കുമാരമംഗലം വെമ്പിള്ളി ബേബി, വെള്ളിയാമറ്റം കാണ്ടാവനത്തിൽ സിസിലി, കടവൂർ കോമത്ത് മിനി, തടിയമ്പാട് ചാലപ്പാട്ട് ജിഷ (യുകെ), വഴിത്തല മണക്കാട്ട് ജോണി, വാഴക്കുളം കളപുരയ്ക്കൽ പരേതനായ ജസ്റ്റിച്ചൻ.

## തങ്കമ്മ ഡാനിയൽ

**ചെന്നീർക്കര:** റിട്ട. അധ്യാപിക പൊരുതല കാഞ്ഞിരംനിൽക്കുന്നതിൽ തങ്കമ്മ ഡാനിയൽ (94) അന്തരിച്ചു. ഭർത്താവ് പരേതനായ കെ.എം. ഡാനിയൽ. മക്കൾ: മാത്യു കെ. ഡാനിയൽ, ഡോ. ജോൺ കെ. ഡാനിയൽ (യുഎസ്), ഡോ. ജേക്കബ് കെ. ഡാനിയൽ (മാതാ ആശുപത്രി, കോട്ടയം), ഡോ. ജോർജ് കെ. ഡാനിയൽ, പരേതനായ ഡോ. അലക്സ് കെ. ഡാനിയൽ. മരുമക്കൾ: ആനി ജോൺ (യുഎസ്), ഡോ. ഏലിക്കുട്ടി ജേക്കബ്, ഡോ. നിഷ ആൻ ജേക്കബ് (ബിഷപ് ഹോഡ്ജസ് എച്ച്എസ്എസ് മാവേലിക്കര).

## പി.പി. ജോൺ

**ഉളശ:** പുതിയവീട്ടിൽ (മണലുങ്കൽ) പി.പി. ജോൺ (89) അന്തരിച്ചു. ഭാര്യമാർ: പരേതരായ ലില്ലി (വഞ്ചിത്താറ്റിൽ), അമ്മിണി (ഇടിഞ്ഞകാലായിൽ). മക്കൾ: പ്രിൻസ് (മണിപ്പാൽ), പ്രീത് (യുഎസ്), അനുപ്രിയ (ബെംഗ്ളൂരു). മരുമക്കൾ: റോസ്ലിൻ, മെറീന, അനിൽ.

## കുഞ്ഞമ്മ ജോൺ

**ചങ്ങനാശേരി:** പെരുന്ന പാലത്തിങ്കൽ (മല്ലപ്പള്ളി) കുഞ്ഞമ്മ ജോൺ (76) അന്തരിച്ചു. കവിയൂർ മാവേലിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.ജെ. ജോൺ. മക്കൾ: ബിൻ, ബിനി (ഇരുവരും യുഎസ്), ബിന്ദു (ബെംഗ്ളൂരു). മരുമക്കൾ: നീന ജോൺസൺ ഓമല്ലൂർ, തോമസ് അലക്സാണ്ടർ തിരുവനന്തപുരം (ഇരുവരും യുഎസ്), ജോബിൻ ജോൺ ചെന്നിത്തല (ബെംഗ്ളൂർ).

## എൻ.കെ. ഏബ്രഹാം

**മണർകാട്:** പ്ലാത്തോട്ടം കുടുംബാംഗം നാലാങ്കൽ ഏദൻ വില്ലയിൽ എൻ.കെ. ഏബ്രഹാം (കുഞ്ഞച്ചൻ-79) അന്തരിച്ചു. ഭാര്യ മാങ്ങാനം താനവേലിൽ സരളമ്മ ഏബ്രഹാം. മക്കൾ: റിങ്കു ഏബ്രഹാം (യുഎസ്), റീന ഏബ്രഹാം. മരുമക്കൾ: ജീന ജോസ് മണോക്കുമ്പുഴ മണർകാട് (യുഎസ്), രാജേഷ് ജോർജ് കൊട്ടുപ്പള്ളിൽ (പത്തനംതിട്ട).

**തിരുവല്ല:** കുറ്റപ്പുഴ മലയിൽ മർക്കോസ് ജോൺ (ജോയി-62) അന്തരിച്ചു.

## വസ്തു വില്പനയ്ക്ക്

കോട്ടയം സംക്രാന്തി-ചെമ്മനംപടി ആറ്റുമാലി റോഡരുകിൽ river frontage ഉള്ളതും വെള്ളം കയറാത്തതുമായ 22.5 സെന്റ് വസ്തു മൊത്തമായോ പ്ലോട്ടുകളായോ വില്പനയ്ക്ക്. കോട്ടയം മെഡിക്കൽ കോളജിലേക്ക് 1200 മീറ്റർ മാത്രം.

**ഫോൺ: + 91 7012562340**

**Email - vidya99@yahoo.com**

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, Chicago*

### ഉപകാരസ്മരണ



*Inserted by: Firm Believer, New York*

### ഉപകാരസ്മരണ



*Inserted by: Firm Believer, New York*

## 7 CENT HOUSE PLOT FOR SALE AT PERANDUR, EDAPALLY, KOCHI

Road access, Close to HWY, Hospitals, Churches, and Temples, Airport. Reasonable Price.

**If interested please e mail at**

**skrish3299@yahoo.com**

## SEEKING A LIVE-IN CAREGIVER IN NASHVILLE, TENNESSEE

Seeking a live-In caregiver in Nashville, Tennessee, for my 75-year-old mother. She is mobile with the help of a walker, and needs help with daily activities and household work including cooking. Accommodation, food and attractive salary offered.

**Please contact**

**shinakp@gmail.com** or

call **615-423-7332**

## LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,**
KERALA- **9447572102**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Houston*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Houston*

**Visit Our Website: www.keralaexpress.com for Classified Advt.**

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലായിരുന്നു. വിവാഹാലോചന വന്നപ്പോൾ സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. പിന്നീട് ചന്ദ്രബാബുവിനെ കാണാതായി. മല്ലികയുടെ സഹോദരന്റെ മകളുടെ ഭർത്താവ് ഡിവൈഎസ്പി ഹേമചന്ദ്രന്റെ ബുദ്ധിയായിരുന്നു അതിനു പിന്നിൽ. ചന്ദ്രബാബുവിന്റെ തിരോധാനവുമായി ബന്ധപ്പെട്ട വിവരങ്ങൾ സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അതോടെ കേസ് പുനരന്വേഷണം തുടങ്ങി. ഹേമചന്ദ്രനും ബാലകൃഷ്ണമേനോനുമൊക്കെ പ്രതിയായി. കല്ലാറ്റുപടിക്കലെ തോട്ടത്തിൽ മണ്ണുമാന്തി ഉപയോഗിച്ചു നടത്തിയ പരിശോധനയിൽ അസ്ഥികളും മറ്റും കണ്ടെടുത്തു. പിടിയിലാകുമെന്നുറപ്പായപ്പോൾ ബാലകൃഷ്ണമേനോൻ സ്വയം വെടിവെച്ചു മരിച്ചു. മാളവിക ജീവിച്ചിരിപ്പുണ്ടെന്നറിഞ്ഞ അല്ലിമ അമ്മയെ കാണാൻ തന്നെക്കൂടി കൊണ്ടുപോകണമെന്ന് അപേക്ഷിക്കുന്നു....**

**112**

ശ്രീലക്ഷ്മി ഡ്രസ് ചെയ്തു കഴിഞ്ഞു. നിലക്കണ്ണാടിക്കു മുന്നിൽനിന്ന് ധൃതിയിൽ മുടി ഒതുക്കിക്കെട്ടി. രാജഗോപാൽ, പഴ്സ് എടുത്ത് പാന്റ്സിന്റെ പോക്കറ്റിൽ വെച്ചു.

"കുട്ടികൾ വരുമ്പോ എന്താ ചെയ്യാ? നമ്മൾ തിരിച്ചെത്താൻ ലേറ്റായേക്കും." രാജഗോപാൽ പറഞ്ഞു.

"സന്ദീപിന്റെ ആന്റീടടുത്തു പറഞ്ഞിട്ടുണ്ട്. താക്കോൽ കൊടുത്തിട്ടു പോകാം. ഒന്നുകിൽ അവരവിടെ നിക്കട്ടെ. അല്ലെങ്കി ഗോപികയോ വൈഷ്ണവിയോ ഇങ്ങോട്ടു വന്നോളും."

"ഇതെല്ലാം ഏർപ്പാടാക്കിക്കഴിഞ്ഞോ?"

"ഉം. അല്ലിമോള് റെഡിയായെങ്കി ഇറങ്ങാം."

"ലക്ഷ്മീ." രാജഗോപാൽ സ്വരം താഴ്ത്തി.

"ഉം...?"

"അല്ലിമോൾ അവളുടെ അമ്മയെ കാണാൻ പോവുകയാ... നമ്മൾ നമ്മുടേതായി വളർത്തിക്കൊണ്ടുവന്ന മോളാണ്... നിനക്കത് താങ്ങാൻ പറ്റ്വോടീ... നിന്റെ മുൻപിൽ വെച്ച്..."

"ഞാനതൊക്കെ എന്റെ മനസ്സിലിട്ട് കുറെ കണ്ടു കഴിഞ്ഞതാ. ആദ്യൊക്കെ ഒരു വേദന കിടന്നു വിങ്ങുമാരുന്നു... പക്ഷേ, ഇന്ന് സന്ദീപ് വിളിച്ചുപറഞ്ഞ വിവരം അറിഞ്ഞപ്പോ എനിക്കു മനസ്സിലായി... ഞാനുംകൂടി വേണം അവൾടെ കൂടെ. അല്ലെങ്കി അവൾക്ക് താങ്ങാൻ പറ്റില്ല." രാജഗോപാൽ ഭാര്യയുടെ മുഖത്തേക്കു രണ്ടു നിമിഷം ഉറ്റുനോക്കി. പിന്നെ തോളത്തു പിടിച്ച് അടുപ്പിച്ചു. അവളുടെ നെറ്റിയിൽ ചുണ്ടുകൾ ചേർത്തു. മുറി പൂട്ടി രണ്ടുപേരും ചെല്ലുമ്പോൾ ഹാളിൽ പകച്ചു നിൽക്കുകയായിരുന്നു അല്ലിമ.

"നീ ഇത്രപെട്ടെന്ന് ഡ്രസ് ചെയ്തോ?" ശ്രീലക്ഷ്മി ചോദിച്ചു.

"ഇതു മതിയല്ലോ..."

അല്ലിമ സ്വയം ഒന്നു നോക്കി.

"മുടിപോലും ഒതുക്കി വെച്ചിട്ടില്ല."

"സാരമില്ലെന്നേ... കാറിലല്ലേ..."

ആകപ്പാടെ ഒരു വേവലാതിയിലാണ് അല്ലിമയെന്നു തോന്നുമായിരുന്നു. അവൾ കിളിമാനൂരിലേക്കുള്ള ദൂരം പാതിയും പിന്നിട്ടുകഴിഞ്ഞിരിക്കുന്നു! ഇനി അച്ഛനും അമ്മയ്ക്കും കാറിനും വേണ്ടി വെയ്റ്റ് ചെയ്യുകയാണ്. വീട് പൂട്ടി താക്കോൽ ശ്രീലക്ഷ്മി വൈഷ്ണവിയെ ഏൽപിച്ചു. കുട്ടികൾ സ്കൂൾ വിട്ടുവരുമ്പോൾ അവരെ ഒന്നു 'മാനേജ്' ചെയ്തേക്കണമെന്നു ശട്ടംകെട്ടി. കാർ കിളിമാനൂരിലേക്കു തിരിച്ചു. യാത്രയ്ക്കിടയിൽ രാജഗോപാലിന്റെ മൊബൈലിലേക്കു സന്ദീപിന്റെ കോൾ വന്നു. എറണാകുളത്തുനിന്നു യാത്ര തിരിച്ചോ എന്ന അന്വേഷണമായിരുന്നു ആ കോൾ.

"ഞങ്ങൾ കോട്ടയം-കൊട്ടാരക്കര റൂട്ടിലാ വരുന്നെ. നിങ്ങൾ അവിടെത്തിയോ?" രാജഗോപാൽ ചോദിച്ചു.

"ഞങ്ങൾ പത്തനംതിട്ട എത്തിയതേയുള്ളൂ. ഇവിടുന്നും ദൂരം കുറേയുണ്ട്."

സന്ദീപിന്റെ മറുപടി വന്നു.

"നിങ്ങളായിരിക്കുമല്ലോ ആദ്യം എത്തുന്നത്?"

"അതെ. പോലീസൊക്കെയുണ്ടല്ലോ."

"അല്ലീടെ റിയാക്ഷനെന്താ... വല്ലാതെ വറീഡാണോ?"

"കുറച്ച് ഫ്രസ്ട്രേഷനുണ്ടെന്നു തോന്നുന്നു. ലക്ഷ്മിയുണ്ട് കൂട്ടിന്..."

"നന്നായി. കാണാൻ പോകുന്നത് നല്ല കാഴ്ചയൊന്നും ആയിരിക്കില്ല. പോരെങ്കിൽ മെന്റൽ ഹോസ്പിറ്റലും..."

"നമുക്കതൊന്നും തിരുത്താൻ പറ്റില്ലല്ലോ സന്ദീപ്..."

"ഓകെ അങ്കിൾ. ഞങ്ങൾ എത്തീട്ടു വിളിക്കാം."

"ശരി." രാജഗോപാൽ ബ്ലൂടൂത്ത് ചെവിയിൽനിന്ന് എടുത്തു കാറിന്റെ ബോക്സിൽവെച്ചു. എന്നിട്ട് ലക്ഷ്മിയെയും അല്ലിമയെയും നോക്കി. അല്ലിമ ബാക്ക് സീറ്റിലാണ്. മുന്നിലിരിക്കാൻ രാജഗോപാൽ നിർബന്ധിച്ചിട്ടും അവൾ തനിയെ ഇരിക്കണമെന്നു പറഞ്ഞ് പിറകിലെ സീറ്റിൽ പോയി ഇരിക്കുകയാണുണ്ടായത്. രാജഗോപാലിന്റെ കാർ തിരുവല്ല പിന്നിട്ടു കഴിഞ്ഞപ്പോൾ വീണ്ടും സന്ദീപിന്റെ കോൾ വന്നു. അവർ കിളിമാനൂരിൽ എത്തിക്കഴിഞ്ഞുവെന്ന് അറിയിച്ചു.

"നിങ്ങൾ കണ്ടോ?"

രാജഗോപാലിന് ജിജ്ഞാസയേറി.

"ഇല്ല. പോലീസ്, ഹോസ്പിറ്റൽ അതോറിറ്റിയുമായി സംസാരിക്കുന്നതേയുള്ളൂ."

"ആളൊണ്ടല്ലോ അല്ലേ?"

"ഒണ്ടെന്നാണ് ഇവിടെ വന്നിട്ടു കിട്ടിയ അറിവ്..."

"ഹോസ്പിറ്റൽ എങ്ങനെയൊണ്ട്?'

"വലിയ ഹോസ്പിറ്റലാണ്. പേഷ്യന്റ്സും ഡോക്ടേഴ്സും ഒക്കെ കുറേയൊണ്ട്."

"ശരി ഞങ്ങൾക്ക് രണ്ടു മണിക്കൂർ കൂടി വേണ്ടിവരും അവിടെത്താൻ."

"ഞാനിവിടെ വെയ്റ്റ് ചെയ്യാം. ഫുഡ് എവിടുന്നെങ്കിലും കഴിച്ചിട്ടുവരണേ..."

"അവിടെ വന്നിട്ട് നമുക്കൊന്നിച്ച് ഏതെങ്കിലും ഹോട്ടലിൽനിന്നു കഴിക്കാം."

"അങ്കിൾ, ലേറ്റാകും. ഇപ്പോത്തന്നെ മണി ഒന്ന്. ഇവിടെത്തുമ്പോ മൂന്നു മണി. പിന്നെ അതിന് സൗകര്യം കിട്ടിയില്ലെങ്കിലോ."

"ഓകെ. ഞങ്ങൾ കഴിച്ചോളാം..." ഫോൺ വെച്ചുകഴിഞ്ഞ് രാജഗോപാൽ പറഞ്ഞു: "നമുക്ക് ചെങ്ങന്നൂരോ പന്തളത്തോ ചെന്നിട്ട് ഊണു കഴിച്ചിട്ടു പോകാം."

ശ്രീലക്ഷ്മിയും അല്ലിമയും മൗനമായി കേട്ടിരുന്നു. പന്തളത്ത് എത്തിയപ്പോൾ രാജഗോപാൽ പാർക്കിങ് സൗകര്യം നോക്കി കാർ നിർത്തി. ഊണു കഴിക്കാൻ അല്ലിമയ്ക്ക് അശേഷം താൽപര്യമുണ്ടായിരുന്നില്ല. ശ്രീലക്ഷ്മി നിർബന്ധിച്ചിട്ടാണ് അൽപം ചോറുണ്ടത്.

"എന്റെ രുചിയെല്ലാം പോയി. തൊണ്ട വരണ്ടു. സത്യം പറഞ്ഞാ പേടിച്ചിരിക്കുന്നപോലെയാ ഞാനിപ്പോ..." അല്ലിമ തന്റെ അവസ്ഥയെപ്പറ്റി പറഞ്ഞു. രാജഗോപാലിന് അത് മനസ്സിലാകുന്നുണ്ടായിരുന്നു.

മൂന്നുമണിക്കു മുൻപേ കിളിമാനൂരിലെത്തി.

രാജഗോപാൽ കുറച്ചു മുൻപേ വിളിച്ചു പറഞ്ഞതിനാൽ സന്ദീപ് വന്ന് ഹൈവേയ്ക്കരികിൽ കാത്തുനിൽക്കുന്നുണ്ടായിരുന്നു. സന്ദീപ്, തന്റെ കാറിനെ പിന്തുടരാൻ ഫോണിൽകൂടി നിർദേശിച്ചിട്ട് മുൻപേ പോയി. പഴയ എംസി റോഡിലൂടെ അൽപദൂരം ഓടിയശേഷം കാർ കുന്നുമ്മേൽ റോഡിലേക്കു പ്രവേശിച്ചു. രാജഗോപാലിന്റെ കാർ പിന്നാലെയുണ്ടായിരുന്നു. ഒരു ഗേറ്റിനു സമീപമെത്തി ഇടത്തേക്ക് ഇൻഡിക്കേറ്ററിട്ടശേഷം സന്ദീപിന്റെ കാർ ഗേറ്റ് കടന്നുപോയി. പുറകെ രാജഗോപാലിന്റെ കാറും ചെന്നു. രണ്ടു പോലീസ് വാഹനങ്ങൾ വളപ്പിനുള്ളിൽ കിടപ്പുണ്ടായിരുന്നു. കാർ പാർക്ക് ചെയ്തിട്ട് രാജഗോപാൽ മുൻപിലെ നാലുനിലക്കെട്ടിടം നോക്കി. അതിന്റെ ബോർഡ് വായിച്ചു. അശ്വിനി മെന്റൽ ഹെൽത്ത് ആൻഡ് സൈക്യാട്രിക് സെന്റർ. സന്ദീപ് ഇറങ്ങിവന്ന് രാജഗോപാലിനോടും മറ്റും ഇറങ്ങാൻ ആംഗ്യം കാട്ടി. അവർ മൂന്നുപേരും ഇറങ്ങി.

"അല്ലി ബിഹേവ് യുവെഴ്സെൽഫ്. കാണാനുള്ളത് അത്ര നല്ല കാഴ്ചയല്ല."

സന്ദീപ് മുന്നറിയിപ്പു നൽകി.

"എന്താ പ്രശ്നം?" രാജഗോപാൽ സന്ദീപിനോട് സ്വരം താഴ്ത്തി.

"അങ്കിൾ വാ, എല്ലാരും വാ..."

സന്ദീപ് അവരെ ഹോസ്പിറ്റലിനുള്ളിലേക്കു നയിച്ചുകൊണ്ടു പോയി. പോലീസുകാരിൽ ചിലർ അവിടവിടെ നിൽക്കുന്നതു കണ്ട് രാജഗോപാൽ തിരക്കി:

"സന്ദീപ്, ഇത്രേം പോലീസെന്തിനാ?"

"ഇതൊരു വലിയ കേസല്ലേ അങ്കിളേ, ഒരു സ്ത്രീയെ ഇരുപത്തിരണ്ടു വർഷം വെളിച്ചം കാണാതെ മറച്ചുവെക്കുക, അതും പലപല മെന്റൽ ഹോസ്പിറ്റലുകളിൽ ഫേക് ഐഡിയിൽ. പോലീസ് ഇവിടുള്ള ഡോക്ടേഴ്സിനേം നേഴ്സിനേം കെയർ അസിസ്റ്റന്റുമാരേം അറ്റൻഡർമാരേം എല്ലാം ചോദ്യം ചെയ്യുന്നുണ്ട്."

"ഹോസ്പിറ്റൽ നടത്തുന്നവർക്ക് ഇതിലെന്തെങ്കിലും ഹിഡൻ പോളിസിയുണ്ടോ?"

"നമുക്കറിയില്ലല്ലോ."

ഇരുവശത്തും മുറികളുള്ള ഒരു വലിയ ഇടനാഴിയിലൂടെ അവർ കടന്നുപോയി. കോറിഡോറിന്റെ അങ്ങേയറ്റത്ത് ഇരുവശത്തുമുള്ള മുറികൾക്ക് ജയിലറകളുടേതിനു സമാനമായ ഇരുമ്പഴികളാണുള്ളത്.

"ഇത് സി ബ്ലോക്കാണ്. ഇങ്ങനെ പല ബ്ലോക്കുകളിലായിട്ടാ മനോരോഗികളെ പാർപ്പിച്ചിരിക്കുന്നെ." സന്ദീപ് പറഞ്ഞു.

ഒരു മുറിക്കു മുന്നിൽ ഇടനാഴിയിൽ സംസാരിച്ചുകൊണ്ടുനിന്ന ലേഡി ഡോക്ടറും നേഴ്സും പോലീസ് ഓഫീസറും സന്ദീപും കൂട്ടരും ചെല്ലുന്നതു കണ്ട് അൽപം ഒതുങ്ങിനിന്നു.

"നിങ്ങൾ പറഞ്ഞ ആളുകളാണോ ഇവർ?" പോലീസ് ഓഫീസർ സന്ദീപിനോടു ചോദിച്ചു.

"അതേ സാർ..."

"ങാ, ശരി. ഇതാണോ മകൾ എന്നു പറഞ്ഞ കുട്ടി?" അല്ലിമയെനോക്കി ലേഡി ഡോക്ടർ ചോദിച്ചു.

"അതേ മേഡം..." സന്ദീപ് അല്ലിമയോട് വരാൻ മുഖാംഗ്യം കാട്ടി. ഏതാനു ചുവടുകൾ മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളൂ.


സന്ദീപ് ഒരു സെല്ലിനു മുൻപിൽ ചെന്നുനിന്നു. രാജഗോപാലും ശ്രീലക്ഷ്മിയും സന്ദീപിന്റെ പിന്നിലെത്തി. അല്ലിമയ്ക്ക് തന്റെ കാലുകൾ തളർന്നപോലെ തോന്നി. സന്ദീപ് തിരിഞ്ഞുനോക്കി അവളെ കൈകാട്ടി വിളിച്ചു. അല്ലിമ ചെന്നപ്പോൾ ശ്രീലക്ഷ്മി

അവളെ തന്നോടു ചേർത്തുനിർത്തി.

കമ്പിയഴികൾക്കപ്പുറം നനഞ്ഞ തറയിൽ ചുരുണ്ടുകിടക്കുന്ന സ്ത്രീരൂപം കണ്ട് അല്ലിമ നടുങ്ങി. അവൾ ശ്രീലക്ഷ്മിയുടെ കൈത്തണ്ടയിൽ മുറുകെ പിടിച്ചു. ഒരുവശത്തേക്കു ചെരിഞ്ഞു കിടന്നുകൊണ്ട് മുഖത്തിനരികെ തറയിൽ ചൂണ്ടുവിരലാൽ എന്തോ എഴുതുവാൻ ശ്രമിക്കുന്ന മെലിഞ്ഞുണങ്ങിയ രൂപം. ഇളം പച്ചനിറമുള്ള ഒരു ഗൗൺ അവരുടെ ശരീരം പൊതിഞ്ഞ് അയഞ്ഞു കിടപ്പുണ്ട്.

മുറിക്കുള്ളിൽ ഒരു ഇരുമ്പുകട്ടിലും അതിന്മേൽ ഒരു കിടക്കയും വെള്ളവിരിപ്പും കാണപ്പെട്ടുവെങ്കിലും അത് ആ അറയുടെ വിസ്താരക്കുറവിനും വൃത്തിയില്ലായ്മയ്ക്കും ഇണങ്ങുന്നതല്ല എന്നത് സ്പഷ്ടമായിരുന്നു. പോലീസ് സംഘം എത്തിച്ചേർന്നശേഷം ആശുപത്രി അധികൃതർ പെട്ടെന്നു തട്ടിക്കൂട്ടിയ ഒരേർപ്പാടായിരുന്നു അത്.

"മാളവികാ..." സന്ദീപ് അഴിവാതിലിൽ കൈപ്പത്തി തട്ടിക്കൊണ്ട് വിളിച്ചു. അല്ലിമ ഉൾക്കിടിലത്തോടെ അകത്തേക്കു നോക്കി. തന്റെ അമ്മതന്നെയാണോ അത്. അതോ സന്ദീപേട്ടൻ വെറുതെ ആ പേരു വിളിച്ചതാണോ? വിളികേട്ടുകൊണ്ട് ആരെങ്കിലും മുറിയിലേക്കു വരാനുണ്ടോ? സന്ദീപ് വിളി ആവർത്തിച്ചപ്പോൾ നിലത്തു കിടന്ന സ്ത്രീരൂപം തലചെരിച്ച് നോക്കി. ഗൗണിനുള്ളിലെ എല്ലിൻകൂട് അനങ്ങി. കൈപ്പത്തിയും കൈമുട്ടുകളും ഊന്നി പതിയെ എഴുന്നേറ്റിരിക്കാൻ ശ്രമിച്ചു.



അഴികൾക്കപ്പുറം അപരിചിത ലോകത്തു നിൽക്കുന്ന മനുഷ്യരെ നോക്കി. ജടകെട്ടിയ മുടിയിഴകൾ അവരുടെ മുഖത്തും കഴുത്തിലും അനങ്ങിക്കൊണ്ടിരുന്നു. മുഖത്തെ എല്ലുകളുന്തി കവിളൊട്ടി, കണ്ണുകൾ താണ്, കഴുത്തു നീണ്ട് ഒരു ദീനരൂപം. കൈപ്പത്തികൾ മുന്നിലെ തറയിൽ കുത്തി അവർ നോക്കുമ്പോൾ അല്ലിമയുടെ മുഖത്തും ആ നോട്ടം വന്നുവീണു. അവളുടെ ഉടൽ വിറപൂണ്ടു. രണ്ടു നിമിഷം ആ കൺകുഴികളിലെ തിളക്കം അവളുടെ മേൽ തങ്ങിനിന്നു. അല്ലിമ ശ്രീലക്ഷ്മിയുടെ കൈത്തണ്ടയിൽ മുറുകെ പിടിച്ചു.

വീണ്ടും അവരുടെ നോട്ടം പതറിപ്പതറി മറ്റുള്ളവരിലേക്കു പോയി. ഒടുവിൽ സ്വന്തം കൈപ്പത്തിയിലേക്കായി.

സന്ദീപ് ആരോടെന്നില്ലാതെ പറഞ്ഞു:

"ഞങ്ങൾ വന്നു കാണുമ്പോ ഇതിനെക്കാൾ ശോചനീയാവസ്ഥയിലായിരുന്നു. ഇതിപ്പോ ഹോസ്പിറ്റൽ അധികൃതർ പെട്ടെന്ന് ഒരു മിന്നൽ ശുശ്രൂഷ നടത്തിയതാ. ഫ്ളോർ കഴുകി വൃത്തിയാക്കി. പേഷ്യന്റിന് ഒരു സ്പഞ്ച് ബാത്ത് കൊടുത്തു. ഗൗൺ മാറ്റിയിടുവിച്ചു. ബെഡ് കൊണ്ടുവന്ന് അതിൽ കിടത്താൻ നോക്കിയിട്ട് പറ്റിയില്ല. പേഷ്യന്റ് വയലന്റായി..."

"ഇതിപ്പോ ആരേം അറിയില്ലല്ലോ അല്ലേ?" രാജഗോപാൽ ചോദിച്ചു.

"ആരാണെന്നോ, എവിടുന്നു വന്നെന്നോ സ്വന്തം ഐഡന്റിറ്റി എന്താണെന്നോ ഒന്നും അറിയില്ല. സ്വന്തം പേരുപോലും അറിഞ്ഞുകൂടാ."

"പറഞ്ഞാൽ മനസ്സിലാകുമോ?"

രാജഗോപാൽ പ്രത്യാശ വിട്ടില്ല.

"ആ സ്റ്റേജൊക്കെ കഴിഞ്ഞുപോയി."

ഇരുമ്പഴികൾക്കപ്പുറത്തെ സ്ത്രീരൂപം വീണ്ടും ഒരു ചാവാലി മൃഗത്തെപ്പോലെ നിലത്തമർന്ന് ചുരുണ്ടുകൂടി. അല്ലിമ, ശ്രീലക്ഷ്മിയുടെ കയ്യിൽനിന്നു പിടിവിട്ടു. അവൾ പെട്ടെന്ന് തിരികെ നടന്നു. എങ്ങോട്ടോ കുതറി രക്ഷപ്പെടുന്ന വ്യഗ്രതയോടെ.

"മോളെ..." ശ്രീലക്ഷ്മി വിളിച്ചു.

സന്ദീപും രാജഗോപാലും പരസ്പരം പകച്ചു നോക്കി. പിന്നെ അവരും അല്ലിമയുടെ പിന്നാലെ പോയി. ഹോസ്പിറ്റലിന്റെ പാർക്കിങ് സ്ഥലത്തു കിടന്ന കാറിന്റെ ഡോർഹാൻഡിലിൽ പിടിച്ച് അല്ലിമ കിതച്ചുകൊണ്ടു നിന്നു. രാജഗോപാൽ റിമോട്ട് കീ ഉപയോഗിച്ച് ലോക്ക് തുറന്നതോടെ അവൾ അകത്തു കടന്നു വാതിലടച്ചു. ശ്രീലക്ഷ്മി ചെല്ലുമ്പോൾ മുൻസീറ്റിന്റെ പുറകിലേക്കു നെറ്റി മുട്ടിച്ച് മുഖം പൊത്തി ഇരിക്കുകയാണ് അല്ലിമ!

"അല്ലിമോളേ..." ശ്രീലക്ഷ്മി അവളുടെ തോളത്തു പിടിച്ചുലച്ചു.

"പോകാം... ഇപ്പത്തന്നെപോയേക്കാം..."

ശ്രീലക്ഷ്മി രാജഗോപാലിനോട് കാറിൽ കയറാൻ ആംഗ്യം കാട്ടി.

സന്ദീപിനു കാര്യം മനസ്സിലായി.

"അങ്കിളേ അവളോട് ചോദിക്കേം പറയേം ഒന്നും വേണ്ട. ഷോക്ഡായിട്ടിരിക്കുവാ... ഇതുകാരണമാ ഞാൻ ആദ്യമേ സംശയം പറഞ്ഞത്."

"എന്തൊരു ഭീകരാവസ്ഥയാ അത്. ഞാനിങ്ങനൊന്നുമല്ല വിചാരിച്ചത്... ഛെ! നമുക്കെന്തെങ്കിലും ചെയ്യാൻ പറ്റോ?"

"പെട്ടെന്നൊന്നും നടക്കില്ല. എന്തായാലും അങ്കിൾ പൊയ്ക്കോ. ഇവിടുത്തെ കാര്യങ്ങൾ ഞാനറിയിച്ചോളാം..."

"അനിബാബു എവിടെയാ. അയാള് വന്നില്ലേ?"

"പെരിയാർ വാലിക്കു പോയിരിക്കുവാ... അവരെ കൂട്ടിക്കൊണ്ടുവരാൻ... അവർക്കും കാണണ്ടേ."

"ഇത് കാണാതിരിക്ക്യാ ഭേദം..."

രാജഗോപാൽ കാറിൽ കയറി. കാർ സ്റ്റാർട്ട് ചെയ്തു. സന്ദീപിനെ കൈകാണിച്ചശേഷം കാർ പിറകോട്ടെടുത്ത് വളച്ച് ഗേറ്റിനു നേർക്കാക്കി ഗിയർ മാറ്റിയിട്ട് ഓടിച്ചു പോയി. ശ്രീലക്ഷ്മി തോളത്തുകൂടി കയ്യിട്ട് അല്ലിമയെ ചേർത്തുപിടിച്ചു. അവൾ കരയുകയാണെന്നാണ് ശ്രീലക്ഷ്മി വിചാരിച്ചത്. പക്ഷേ, കരച്ചിലൊന്നുമില്ല. കുഴഞ്ഞതുപോലെ അവൾ ശ്രീലക്ഷ്മിയുടെ ചുമലിലേക്കു തല ചായ്ച്ചു അവളുടെ കൈത്തണ്ട എടുത്തുവെച്ച് തലോടിക്കൊണ്ടു ശ്രീലക്ഷ്മി പറഞ്ഞു.

"നീ യാഥാർഥ്യവുമായിട്ട് പൊരുത്തപ്പെടണം മോളേ. അല്ലാതെന്തു ചെയ്യും..." അല്ലിമ തോളത്തുനിന്ന് പെട്ടെന്നു മുഖം ഉയർത്തി.

"എനിക്കിങ്ങനൊരു ജീവിതം ഇനി വേണ്ട. എന്നെ ഏതെങ്കിലും അഗതിമന്ദിരത്തിലോ ശരണാലയത്തിലോ വിട്ടാ മതി..." തന്നോടു തന്നെയുള്ള വെറുപ്പും നിന്ദയും സങ്കടവുമെല്ലാം അവളുടെ മുഖത്ത് പ്രകടമായി.

"നീയെന്താടീ ഇങ്ങനെ പറയുന്നെ... നിനക്കതിന്റെ ആവശ്യമെന്താ....?"

"ഞാനാരാ... എനിക്ക് നിങ്ങടെ കൂടെ ജീവിക്കാൻ എന്താ യോഗ്യത... ഒന്നുമില്ല..."

പാരവശ്യം കൊണ്ട് അവൾക്കു ശ്വാസം വേണ്ടത്ര കിട്ടിയില്ല.

"എന്റെ അമ്മയല്ലേ അത്... എന്നെ പ്രസവിച്ച സ്ത്രീയല്ലേ..." ഇനിയും പിടിച്ചു നിൽക്കാനാകാതെ അല്ലിമ പൊട്ടിപ്പോയി.

"ഞാനൊരാണെന്നറിയാതെ... ഒരു മനുഷ്യസ്ത്രീയാണെന്ന ഓർമപോലും ഇല്ലാതെ... എത്രകാലം..."

"അതൊന്നും നമ്മുടെ തെറ്റല്ല. നീയത് മനസ്സിലാക്കണം... മറ്റാരൊക്കെയോ ചേർന്ന് അടിച്ചേൽപിച്ച അനീതിയാ...?" ശ്രീലക്ഷ്മി അവളെ സാന്ത്വനപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു.

"എനിക്കിനി ഒന്നും വേണ്ടമ്മേ... ഞാനാരാന്നു മനസ്സിലായി. ഒരു പുഴുവിന്റത്ര വെലപോലും ഇല്ല. എന്റെയമ്മ അങ്ങനെ കിടക്കുമ്പോ... എനിക്ക് ജീവിക്കണംന്നുപോലും ഇല്ല." ശ്രീലക്ഷ്മി അവളുടെ തോളത്തു പിടിച്ച് അൽപം ബലമായി തന്റെ മടിയിലേക്കു കിടത്തി.

"അനങ്ങാതെ കിടക്ക്... ഒന്നും പറയണ്ട."

എല്ലാം കേൾക്കുന്നുണ്ടെങ്കിലും രാജഗോപാൽ ഒന്നിലും ഇടപെടാതെ കാറോടിച്ചു പൊയ്ക്കൊണ്ടിരുന്നു.

*** *** ***

അശ്വിനി ഹെൽത്ത് സെന്ററിൽ പോലീസ് അവരുടെ നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞു. ഡോക്ടർമാർ, നേഴ്സുമാർ, അറ്റൻഡർമാർ, കെയറിങ് അസിസ്റ്റന്റുമാർ, ആശുപത്രി അധികൃതർ എന്നിവരിൽനിന്ന് വേണ്ടത്ര വിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞു. ശോഭന എന്നൊരു വ്യാജനാമത്തിലാണ് മാളവികയെ അവളുടെ ബന്ധുക്കൾ ആശുപത്രിയിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നുള്ളത് ഒരു സുപ്രധാന തെളിവായി പോലീസ് എടുത്തു. ഇനി, കിളിമാനൂരിൽ വരുന്നതിനു മുൻപ് മാളവികയെ ഏതെല്ലാം മനോരോഗ ചികിത്സാ കേന്ദ്രങ്ങളിൽ താമസിപ്പിച്ചിട്ടുണ്ടോ അവിടെയെല്ലാം പോയി തെളിവുകൾ ശേഖരിക്കണം.

പോലീസ് ഉദ്യോഗസ്ഥരുമായി സംസാരിക്കുന്നതിനിടയിൽ സന്ദീപ്, മാളവികയുടെ ഭാവികാര്യങ്ങളെപ്പറ്റി ചോദിച്ചു.

"ഹോസ്പിറ്റലിൽ ട്രീറ്റ്മെന്റിലല്ലേ അവർ. അവിടെ വേണ്ടത്ര കെയർ കിട്ടുന്നില്ലെങ്കിൽ മറ്റേതെങ്കിലും ഹോസ്പിറ്റലിലേക്കു മാറ്റാം. പക്ഷേ, അത് പോലീസിന്റെ ജോലിയല്ല." ഡിവൈഎസ്പി ജോർജ് ജോസഫ് കുളത്തിങ്കൽ പറഞ്ഞു.

"അവർക്ക് കിട്ടുന്ന കെയർ നല്ലതായിരുന്നെങ്കിൽ ഇതിനകം സുഖപ്പെടുമായിരുന്നല്ലോ സർ. വർഷങ്ങളെത്രയായി."

"അത് വേറൊരു വിഷയമാണ്. പോലീസിന് അവരെ ഏറ്റെടുക്കാൻ പറ്റില്ല. അവർ ഒരു മനോരോഗിയാണെന്നോർക്കണം. അഭയവും തണലുമൊന്നും അവർക്കു പറ്റിയ ഇടങ്ങളല്ല. ഇതു പറ്റുന്നില്ലെങ്കിൽ വേറൊരു മെന്റൽ ഹോസ്പിറ്റൽതന്നെ വേണ്ടിവരും. അതിന്റെ ഉത്തരവാദിത്തം ആര് ഏറ്റെടുക്കും."

"ബന്ധുക്കളാരെങ്കിലും മുന്നോട്ടുവന്നാൽ?"

"ഉത്തരവാദിത്തപ്പെട്ടവരായിരിക്കണം. ചികിത്സിക്കാനുള്ള സന്മനസ്സ് മാത്രം പോരാ – പണവും വേണം..." സന്ദീപ് അങ്കലാപ്പിലായി. ഇതിങ്ങനെ തന്നെ അവസാനിക്കാൻ പോവുകയാണോ? ആ സ്ത്രീയെ രക്ഷിക്കാൻ ആർക്കും സാധ്യമല്ലേ. പോലീസ് അന്വേഷണസംഘം തിരുവല്ലയ്ക്ക് യാത്ര തിരിച്ചപ്പോൾ സന്ദീപും അവരുടെ പിന്നാലെ യാത്രയായി. മാളവിക ശരിക്കും മനോരോഗി തന്നെയായിരുന്നോ, അതോ ഭ്രാന്ത് അവരിൽ അടിച്ചേൽപിച്ചതാണോ എന്നൊരു സംശയംകൂടി വെളിപ്പെടാനുണ്ടായിരുന്നു.

*** *** ***

ശ്രീലക്ഷ്മിയെ കാത്ത് മുറിയിൽ ഏറെ നേരമിരുന്നിട്ട് രാജഗോപാൽ ഹാളിലേക്ക് ചെന്നു.

മണി രാത്രി പന്ത്രണ്ട് കഴിഞ്ഞു.

ഹരിതം ഹൗസിങ് കോളനി ഉറക്കത്തിലാണ്. അല്ലിമയുടെ മുറിയിൽ ലൈറ്റുണ്ട്. രാജഗോപാൽ ഹാളിൽ കുറച്ചു സമയം കാത്തുനിന്നു. വാതിൽ ചാരിക്കൊണ്ട് ശ്രീലക്ഷ്മി അല്ലിമയുടെ മുറിയിൽനിന്ന് ഇറങ്ങി വന്നു.

"എന്താ അവൾക്കിന്ന് ഉറക്കമില്ലേ?"

രാജഗോപാൽ ചോദിച്ചു.

"കൊണ്ടുപോകണ്ടാരുന്നു. അതാ ഏറ്റോം വല്യ അബദ്ധമായത്." ശ്രീലക്ഷ്മി പറഞ്ഞു.

(ശേഷം 30-ാം പേജിൽ)

# ആഷിഖ് അബു ഫെഫ്ക വിട്ടു

കൊച്ചി: സംവിധായകൻ ആഷിഖ് അബു ഫെഫ്കയിൽ നിന്ന് രാജിവെച്ചു. ഹേമ കമ്മിറ്റി റിപ്പോർട്ടിൽ സംഘടന കുറ്റകരമായ മൗനം പാലിച്ചെന്നു ചൂണ്ടിക്കാട്ടിയാണ് സംഘടനയുടെ പ്രാഥമികാംഗത്വത്തിൽ നിന്ന് അദ്ദേഹം രാജിവെച്ചത്. നിർമാതാവുമായുള്ള തർക്കം ഭാഗികമായി പരിഹരിച്ചതിന് ഫെഫ്ക തന്നോട് പത്തു ലക്ഷം രൂപ കമ്മീഷൻ ആവശ്യപ്പെട്ടു എന്നതടക്കമുള്ള ആരോപണങ്ങളും രാജിവെച്ചുകൊണ്ട് പുറത്തുവിട്ട കത്തിൽ ആഷിഖ് ഉന്നയിക്കുന്നു.

നിലപാടിന്റെ കാര്യത്തിൽ തികഞ്ഞ കാപട്യം പുലർത്തുന്ന നേതൃത്വത്തോട് അതിശക്തമായി വിയോജിച്ചും പ്രതിഷേധിച്ചുമാണ് രാജിവെക്കുന്നത്. ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തു വന്നതിൽപ്പിന്നെ ഈ സംഘടനയുടെ കുറ്റകരമായ മൗനം, പിന്നീട് പത്രക്കുറിപ്പെന്ന പേരിൽ പുറത്തിറക്കുന്ന കുറച്ചു വാചകക്കസർത്തുകൾ എന്നിവയൊക്കെ ഒരംഗം എന്ന നിലയിൽ എന്നെ ഏറെ നിരാശപ്പെടുത്തി. സാമൂഹിക ഉത്തരവാദിത്തം നിറവേറ്റുന്നതിൽ ഈ



സംഘടനയും വിശിഷ്യാ നേതൃത്വവും പരാജയപ്പെട്ടിരിക്കുന്നുവെന്നും ഫെഫ്ക ഡയറക്ടേഴ്സ് യൂണിയൻ അംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ടുള്ള കത്തിൽ ആഷിഖ് പറയുന്നു.

നിർമ്മാതാവിൽ നിന്ന് പണം ലഭിക്കാത്തതിനെത്തുടർന്ന് സംഘടനയിൽ പരാതിപ്പെട്ടപ്പോൾ പകുതി തുക മാത്രം ലഭിച്ചതിന് ഫെഫ്ക 20 ശതമാനം കമ്മീഷൻ ചോദിച്ചെന്നും ഇതേച്ചൊല്ലി സംവിധായകൻ സിബി മലയിലുമായി തർക്കമുണ്ടായെന്നും ആഷിഖ് പറയുന്നു. താൻ നല്കിയ ചെക്ക് സിബി മലയിൽ തിരിച്ചയച്ചെങ്കിലും തന്നോടൊപ്പം പരാതിപ്പെട്ട മറ്റ് രണ്ടു പേരോട് 20 ശതമാനം തുക സർവീസ് ചാർജ് വാങ്ങിയതായും കത്തിൽ ആരോപിക്കുന്നുണ്ട്. ഹേമ കമ്മിറ്റി റിപ്പോർട്ടിനു പിന്നാലെ ഫെഫ്കയിൽ നിന്നുള്ള ആദ്യ രാജിയാണ് ആഷിഖ് അബുവിന്റേത്.

## ഹിമാചലിൽ പെൺകുട്ടികളുടെ വിവാഹപ്രായം 21

സിംല: ഹിമാചൽപ്രദേശിൽ സ്ത്രികളുടെ വിവാഹപ്രായം 18-ൽ നിന്ന് 21 വയസാക്കി ഉയർത്തി. ശൈശവ വിവാഹനിരോധന ബിൽ (ഹിമാചൽ പ്രദേശ് ഭേദഗതി) ശബ്ദവോട്ടോടെയാണ് നിയമസഭയുടെ വർഷകാല സമ്മേളനം പാസാക്കിയത്. ശൈശവവിവാഹം നിരോധിച്ചുകൊണ്ടുള്ള 2006-ലെ നിയമത്തിൽ ഭേദഗതി വരുത്തിയാണ് സ്ത്രീകളുടെ കുറഞ്ഞ വിവാഹപ്രായം 21 ആക്കി ഉയർത്തിയത്. 2006-ലെ നിയമപ്രകാരം സ്ത്രീകളുടെ കുറഞ്ഞ വിവാഹപ്രായം 18 വയസും പുരുഷന്റേത് 21 വയസുമായിരുന്നു. ഇതിലാണ് മാറ്റം വരുത്തിയത്. സ്ത്രീശാക്തീകരണ വകുപ്പുമന്ത്രി ധനിറാം ഷാൻഡിലാണ് ബിൽ നിയമസഭയിൽ അവതരിപ്പിച്ചത്.

ഇന്നത്തെ ലോകത്ത് സ്ത്രീകൾ എല്ലാ മേഖലകളിലും മുന്നേറുകയാണ്. എന്നാൽ, ചെറുപ്രായത്തിലുള്ള അവരുടെ വിവാഹങ്ങൾ കരിയറിലുള്ള അവരുടെ പുരോഗതിക്കു മാത്രമല്ല, അവരുടെ ശാരീരിക വളർച്ചയ്ക്കും തടസ്സമായി പ്രവർത്തിക്കുന്നു. ലിംഗസമത്വവും ഉന്നത വിദ്യാഭ്യാസം നേടാനുള്ള അവസരങ്ങളും നല്കുന്നതിന് പെൺകുട്ടികളുടെ ഏറ്റവും കുറഞ്ഞ വിവാഹപ്രായം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് ബില്ലിൽ പറയുന്നു.

## വീഡിയോ കോൺഫറൻസ് വഴി വിവാഹം രജിസ്റ്റർ ചെയ്യാം

ഇടുക്കി: പഞ്ചായത്ത് പരിധിയിലുള്ളവർക്കും വീഡിയോ കോൺഫറൻസ് വഴി വിവാഹം രജിസ്റ്റർ ചെയ്യാനുള്ള ചട്ടഭേദഗതി കൊണ്ടുവരാൻ ഇടുക്കി ചെറുതോണിയിൽ നടന്ന തദ്ദേശ അദാലത്തിൽ മന്ത്രി എം.ബി. രാജേഷ് നിർദ്ദേശം നല്കി.

ഉപ്പുതറ പഞ്ചായത്ത് പ്രസിഡണ്ട് ജെയിംസ് കെ. ജേക്കബ് മുഖേന ജനന-മരണ-വിവാഹ രജിസ്ട്രാർ കൂടിയായ പഞ്ചായത്ത് സെക്രട്ടറി വി.കെ. ശ്രീകുമാർ നല്കിയ പരാതി, സംസ്ഥാനത്തെ വിവാഹിതരാകുന്ന എല്ലാവർക്കും ഗുണകരമാകുന്ന പൊതുതീരുമാനത്തിലേക്കാണ് വഴിവെച്ചത്. പഞ്ചായത്തുകളിൽ വിവാഹ രജിസ്ട്രാർക്കു മുമ്പാകെ നേരിട്ട് ഹാജരാകാതെ വീഡിയോ കോൺഫറൻസ് വഴി വിവാഹം രജിസ്റ്റർ ചെയ്യാൻ അനുമതി തേടിയായിരുന്നു നിവേദനം.

2019-ൽ കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വിദേശത്തുള്ളവർക്ക് വിവാഹ രജിസ്ട്രേഷന് ഓൺലൈനിൽ ഹാജരാകാനുള്ള പ്രത്യേക ഉത്തരവ് നല്കിയിരുന്നു. ഇത് ഇപ്പോഴും തുടരുന്നുണ്ട്. അതേസമയം ദമ്പതിമാരിൽ ഒരാളെങ്കിലും വിദേശത്ത് താമസിക്കുന്നുണ്ടെങ്കിൽ മാത്രമാണ് ഈ സൗകര്യം ലഭ്യമാകുന്നത്. കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവർക്കും അയൽ സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവർക്കും ഇതുണ്ടാക്കുന്ന ബുദ്ധിമുട്ടുകളാണ് ഉപ്പുതറ പഞ്ചായത്ത് സെക്രട്ടറി ചൂണ്ടിക്കാട്ടിയത്.

നഗരസഭയിൽ കെസ്മാർട്ട് ഏർപ്പെടുത്തിയതോടെ നഗരങ്ങളിൽ നടക്കുന്ന വിവാഹങ്ങൾ ദമ്പതിമാർക്ക് വീഡിയോ കെ.വൈസി വഴി എവിടെയിരുന്നും രജിസ്ട്രേഷൻ നടത്താൻ സൗകര്യമൊരുങ്ങി. എന്നാൽ പഞ്ചായത്തുകളിൽ ഈ സേവനം ലഭ്യമായിരുന്നില്ല.

## നോവൽ

(29-ാം പേജിൽ നിന്നും)

"അവളെന്താ പറയുന്നെ?"

"ഒന്നും പറയുന്നില്ല. ഒരിടത്ത് ഇരുപ്പുറയ്ക്കുന്നില്ല. കിടക്കാൻ പറഞ്ഞ് നിർബന്ധിച്ചു കിടത്തിനോക്കി. ഞെട്ടിയപോലെ എണീറ്റു വരികയാ... ഒറങ്ങാൻ പറ്റുന്നില്ല."

"ഇതിപ്പോ എന്താ ചെയ്യ. ആഹാരോം കഴിച്ചില്ലല്ലോ." രാജഗോപാൽ പരിതപിച്ചു.

"ഇന്നു രാത്രി ഇങ്ങനെ പോട്ടെ. നാളെ എന്തെങ്കിലും ഒരാശ്വാസം കിട്ടുമായിരിക്കും."

"നീയൊരു കാര്യം ചെയ്യ് ലക്ഷ്മി... അവൾടെ റൂമിൽ കിടന്നോ. അതാ നല്ലത്... കുടിക്കാൻ എന്തെങ്കിലും കൊണ്ടുപോയി കൊടുക്ക്." ശ്രീലക്ഷ്മി ലമൺ ടീ ഉണ്ടാക്കി.

ഒരു കപ്പ് രാജഗോപാലിനു കൊടുത്തു.

അടുത്ത കപ്പുമായി മുറിയിൽ ചെന്നപ്പോൾ അല്ലിമ ലാപ്ടോപ് എടുത്തുവെച്ച് മേശയ്ക്കു മുന്നിൽ ഇരിക്കുകയാണ്.

"ഈ പാതിരയ്ക്ക് നീ ഇതുമായി എന്തു ചെയ്യുവാ?" ശ്രീലക്ഷ്മി ആശ്ചര്യപ്പെട്ടു.

"ഇതു കണ്ടോ? നോക്ക്..." ശ്രീലക്ഷ്മി കംപ്യൂട്ടർ സ്ക്രീനിലേക്കു നോക്കി.

മാളവികയുടെ ചിത്രം.

പല ആംഗിളുകളിൽ. പല വലുപ്പത്തിൽ!

"ഇതാണോ നമ്മളിന്നു കണ്ടത്... എനിക്കിത് സഹിക്കാൻ പറ്റുന്നില്ല. എന്റെ കണ്ണീന്ന് മായുന്നില്ല..."

"മോളെ നമുക്കെന്തു ചെയ്യാൻ കഴിയും?"

"അവരടെ മകളല്ലേ ഞാൻ... ഞാനല്ലാതെ ആരോണ്ട്..."

ബാക്കി പറയാതെ അവൾ നിർത്തി.

"നീ എന്താ ഉദ്ദേശിക്കുന്നെ?"

"എനിക്കറിഞ്ഞൂടാ. ഞാൻ പൊയ്ക്കോട്ടെ."

"നീ എന്തു ഭ്രാന്താ പറയുന്നെ?"

"എനിക്കവരുടെ കൂടെ ഇരിക്കണം. അവരുടെ കൂടെ താമസിക്കണം. അതിനുവേണ്ടി ഭ്രാന്തിയാകണെങ്കി അതിനും ഞാൻ തയാറാ." അല്ലിമയുടെ ശാഠ്യമുറഞ്ഞ മുഖത്തേക്കു നോക്കി ശ്രീലക്ഷ്മി പകച്ചു നിന്നു.

(തുടരും)

## സഹകരണ പുനരുദ്ധാരണ നിധി രൂപീകരിച്ചു

തിരുവനന്തപുരം: പ്രതിസന്ധിയിലാകുന്ന സഹകരണ സംഘങ്ങൾക്കായുള്ള സഹകരണ പുനരുദ്ധാരണ നിധി യാഥാർത്ഥ്യമായി. ഇതു സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം പുറത്തിറങ്ങി. സഹകരണ വകുപ്പു മന്ത്രി അദ്ധ്യക്ഷനായ സംസ്ഥാന ഉന്നതതല സമിതിയാണ് ഫണ്ട് അനുവദിക്കുക. സഹകരണ സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ, സംസ്ഥാന സഹകരണ യൂണിയൻ പ്രസിഡണ്ട്, സംസ്ഥാന സഹകരണ ബാങ്ക് പ്രസിഡണ്ട്, പാക്സ് അസോസിയേഷൻ പ്രസിഡണ്ട്, സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്), സർക്കാർ നാമനിർദേശം ചെയ്യുന്ന രണ്ട് വിദഗ്ദ്ധർ എന്നിവരാണ് അംഗങ്ങൾ. കേരള സഹകരണസംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘങ്ങൾക്കായാണ് പദ്ധതി. പ്രവർത്തന വൈകല്യം, പ്രവർത്തന മൂലധനത്തിന്റെ അഭാവം, ഹ്രസ്വകാല പണലഭ്യതക്കുറവ് തുടങ്ങിയവമൂലം മന്ദീഭവിച്ച സംഘങ്ങൾ പുനരുജ്ജീവിപ്പിക്കാനാകുന്ന സഹകരണ സംഘങ്ങളെയാണ് പരിഗണിക്കുക. ധനസഹായം ആവശ്യമുള്ള സംഘം പദ്ധതിരേഖ തയ്യാറാക്കി ജില്ലാതല മോണിറ്ററിങ് കമ്മിറ്റിയുടെ ശിപാർശയോടെ സംഘം രജിസ്ട്രാർ മുഖാന്തിരം സമിതിക്കു സമർപ്പിക്കണം. വ്യവസ്ഥകൾക്ക് വിധേയമായാണ് തുക അനുവദിക്കുക. ഈ പണം മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കാനാവില്ല. ആദ്യ രണ്ട് വർഷം തിരിച്ചടവിന് മോറട്ടോറിയം ലഭിക്കും. അഞ്ചുവർഷം മുതൽ പത്ത് വർഷം വരെയാണ് തിരിച്ചടവ് കാലയളവ്. തിരിച്ചടവ് തവണകളും പലിശ നിരക്കും കാലാകാലങ്ങളിൽ നിശ്ചയിച്ചു നല്കും. സംഘം കരുതൽ ധനമായി സ്വരൂപിച്ചിട്ടുള്ള തുകയും വ്യവസ്ഥകൾക്കു വിധേയമായി വിനിയോഗിക്കാം.

## ചംപായ് സോറൻ ബിജെപിയിൽ

ന്യൂഡൽഹി: ഝാർഖണ്ഡ് മുൻ മുഖ്യമന്ത്രിയും ജെ.എം.എം. നേതാവുമായിരുന്ന ചംപായ് സോറൻ ഔദ്യോഗികമായി ബിജെപിയിൽ ചേർന്നു. റാഞ്ചിയിൽ കേന്ദ്രമന്ത്രി ശിവരാജ് സിങ് ചൗഹാൻ, അസം മുഖ്യമന്ത്രി ഹിമന്ദ ബിശ്വ ശർമ എന്നിവർ സോറനെ പാർട്ടിയിലേക്ക് സ്വീകരിച്ചു. വെല്ലുവിളികളെ പേടിക്കില്ലെന്നും ധൈര്യമായി മുന്നോട്ടു പോകും. ഞാനും ഷിബു സോറനുമെല്ലാം കഠിനാദ്ധ്വാനം ചെയ്താണ് ജെ.എം.എമ്മിനെ ഇന്നത്തെ നിലയിലാക്കിയത്. ഞാൻ ആദിവാസി വിഭാഗങ്ങൾക്കായി എന്നും നിലകൊള്ളും: ചംപായ് പറഞ്ഞു. ചംപായ് രാജിവെച്ച ഒഴിവിൽ ജെ.എം.എം എംഎൽഎ രാംദാസ് സോറൻ മന്ത്രിയായി ചുമതലയേറ്റു. രാജ്ഭവനിൽ നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ മുഖ്യമന്ത്രി ഹേമന്ത് സോറനും പങ്കെടുത്തു. അഴിമതിക്കേസിൽ ഹേമന്ത് സോറൻ അറസ്റ്റിലായപ്പോൾ പകരം ചുമതല വഹിച്ച ചംപായ് സോറൻ തന്റെ മുഖ്യമന്ത്രി പദവി നഷ്ടപ്പെട്ടതോടെയാണ് ജെഎംഎമ്മിൽ നിന്ന് അകന്നത്.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

Yearly $ 54 00 | 2 Years $ 99 00 | 5 Years $ 200 00

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

VISA MasterCard DISCOVER

# ന്യൂസിലാൻഡ് അന്താരാഷ്ട്ര വടംവലി മത്സരത്തിൽ ക്നാനായ തെക്കൻസ് ജേതാക്കൾ

ബിജോമോൻ ചേന്നാത്ത്

ഓക്‌ലാൻഡ്: ഓക്‌ലാൻഡ് മലയാളി സമാജം മാമാങ്കം എന്ന പേരിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര വടംവലി മത്സരത്തിൽ ന്യൂസിലാൻഡ് ക്നാനായ കത്തോലിക്കാ അസോസിയേഷന്റെ തെക്കൻസ് യെല്ലോ ടീം മിന്നും വിജയത്തോടെ ഓഷ്യാനയുടെ വടംവലി ജേതാക്കളായി. തുടർച്ചയായ 15-ാം കിരീടം ലക്ഷ്യമിട്ട് ന്യൂസിലാൻഡിന്റെ മണ്ണിൽ പറന്നിറങ്ങിയ കരുത്തരായ ബ്രിസ്ബേൺ സെവൻസിനെ അത്യുജ്വലമായ പോരാട്ടത്തിലൂടെ പരാജയപ്പെടുത്തിയാണ് തെക്കൻസിന്റെ മഞ്ഞപ്പട കിരീടം തങ്ങളുടെ കൈപ്പിടിയിൽ ഒതുക്കിയത്.




ന്യൂസിലാൻഡ് പോലീസ് ഉൾപ്പെടെ 15 ടീമുകൾ പങ്കെടുത്ത മത്സരത്തിൽ ഓക്‌ലാൻഡ് റൈഡേഴ്സ്, മിന്നൽപ്പട നെൽസൺ എന്നീ ടീമുകൾ മൂന്നും നാലും സ്ഥാനങ്ങൾ കരസ്ഥമാക്കി. ക്രൈസ്റ്റ് ചർച്ച്, ഹോക്സ് ബേ, ററനാക്കി, ഹാമിൽട്ടൺ, വാൻഗെരെ, വെസ്റ്റ് ഓക്‌ലാൻഡ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള ടീമുകൾ മത്സരത്തിൽ പങ്കെടുത്തു.

ഒന്നാം സമ്മാനമായ മാമാങ്കം 2024 ട്രോഫിയും 5000 ഡോളറും കരസ്ഥമാക്കിയ തെക്കൻസ് യെല്ലോയോടൊപ്പം ക്നാനായ അസോസിയേഷന്റെ തെക്കൻസ് ബ്ലൂവും തെക്കൻസ് റെഡും ടൂർണമെന്റിൽ ഉജ്വല പ്രകടനം കാഴ്ചവെക്കുകയുണ്ടായി.

ടൂർണമെന്റിലെ എല്ലാ മത്സരത്തിലും വിജയിച്ചു മുന്നേറിയ തെക്കൻസ് യെല്ലോ ന്യൂസിലാൻഡ് വടംവലിയുടെ ചരിത്രത്തിൽ ഒരു പുതുചരിതമാണ് രചിച്ചത്. മാത്യൂസ് കരിങ്കുന്നം ക്യാപ്റ്റനും ജോബി വെളിയന്നൂർ കോച്ചും ആയ ടീമിൽ മാത്യൂസ് ചേർപ്പുങ്കൽ, ജോയൽ മാറിക, ബിനു കൂടല്ലൂർ, ടിൽസ് മാനന്തവാടി, സിബി ഞീഴൂർ, ഡോൺ ചേർപ്പുങ്കൽ, എബി അറുനൂറ്റിമംഗലം, ജിക്കു ചേർപ്പുങ്കൽ എന്നിവരായിരുന്നു മറ്റ് ടീം അംഗങ്ങൾ. വിവിധതരം കേരളീയ ഫുഡ് സ്റ്റാളുകളാലും കുട്ടികൾക്കായുള്ള വിനോദ പരിപാടികളാലും ഏവരുടെയും പ്രശംസ പിടിച്ചുപറ്റിയ ഒരു പ്രോഗ്രാം ആയി മാമാങ്കം മാറുകയുണ്ടായി.












































# Mukkut Monuments Inc.

mukkutmonuments@gmail.com
www.mukkutmonuments.com

ഒരു മലയാളി സ്ഥാപനം

*Creating unique permanent memories of your departed loved one forever*




We are a family owned caring and compassionate business.

We understand your loss and want to work with you to make the most beautiful tribute to your loved one.

- *Designed and carved in beautiful stones*
- *Delivered and installed anywhere in US with quality that is unmatched and with the lowest price guarantee*

**PH: 972-342-0041**

Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**